**പന്ത്രണ്ടാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**നിയമസഭാ നടപടികൾ സംഗ്രഹം**

2006 ജൂൺ 28, ബുധൻ

(ചോദ്യോത്തരങ്ങൾ ഒഴികെ)

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) <u>തണ്ണീർമുക്കം ബണ്ടുമൂലം കുട്ടനാട് പ്രദേശങ്ങളിലുണ്ടായിട്ടുള്ള പരിസ്ഥിതി പ്രശ്നങ്ങൾ</u>

<u>ശ്രീ.തോമസ് ചാണ്ടി:</u> ഉപ്പുവെള്ളം തടഞ്ഞ് കുട്ടനാട്ടിൽ നെൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ദശാബ്ദങ്ങൾക്കുമുമ്പ് മൂന്നിൽ രണ്ടുഭാഗം പണിതീർത്ത് ബാക്കിഭാഗം മണ്ണിട്ടുനികത്തി പ്രവർത്തനം ആരംഭിച്ച തണ്ണീർമുക്കംബണ്ട് ഇന്ന് കുട്ടനാട്ടിന്റെ തകർച്ചയ്ക്ക് കാരണ മായിരിക്കുകയാണ്. കാലവർഷത്തിലും തുലാവർഷത്തിലുംക്കൂടി ഏതാണ്ട് 500 കോടി ക്യൂബിക് ലിറ്റർ വെള്ളം കുട്ടനാട്ടിൽ എത്തുന്നുണ്ട്. പമ്പാനദിയും അച്ചൻകോവിലാറും മണിമലയാറും കരകവിഞ്ഞൊഴുകിയും അതിനുശേഷം മഴയില്ലാത്ത സമയത്ത് കടലിലുണ്ടാകുന്ന വേലിയേറ്റവും വേലിയിറക്കവുംമൂലവും കൂട്ടനാട് ശുചീകരിക്കപ്പെടുന്നു. തണ്ണീർമുക്കം

ബണ്ടിന്റെ ഷട്ടർ അടച്ചിടുമ്പോൾ പമ്പാനദിയുടെ നീരൊഴുക്ക് നിശ്ചല മാകുന്നു. അങ്ങനെ കെട്ടിക്കിടക്കുന്ന ജലാശയത്തിലേയ്ക്ക് കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ ഇടുന്ന രാസവളവും കൃഷിക്കുപയോഗിക്കുന്ന മാരകമായ കീടനാശിനിയുമെല്ലാം ചേർന്ന് കുട്ടനാടിന്റെ ശോച്യാവസ്ഥയ്ക്ക് കാരണ മാകുന്നു. മോട്ടോർ ബോട്ടുകളും ഹൗസ് ബോട്ടുകളും യമഹ വള്ളങ്ങളും ഓടുന്നതുമൂലം അതിൽനിന്നും മണ്ണെണ്ണയും ഡീസലും വീണ് കുട്ടനാട് പ്രദേശം മലീമസമായിരിക്കുകയാണ്. അവിടെയുള്ള മത്സ്യം കഴിക്കാൻ പറ്റാതെയായിരിക്കുന്നു. അവിടെ കുളിക്കുന്ന കുട്ടികൾക്ക് മാരകമായ രോഗങ്ങളുണ്ടാകുന്നു. ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് അന്വേഷിപ്പിച്ച് കുട്ടനാടിന്റെ പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരമുണ്ടാക്കുന്നതിനും ജനങ്ങൾക്ക് ശുദ്ധജലവിതരണം നടത്തുന്ന തിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ:</u> വിവരം ശേഖരിച്ചുവരുന്നതിനാൽ മുഖ്യമന്ത്രി നാളെ മറുപടി പറയും.

(29–6–2006–ന് മറുപടി പറയുന്നതിനായി മാറ്റിവച്ചു)

(2) <u>വയനാട് ജില്ലയിലെ കാർഷികമേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി</u>

<u>ശ്രീ. എം.വി. ശ്രേയാംസ് കുമാർ</u>: കഴിഞ്ഞ കുറെ വർഷങ്ങളായി ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് വയനാട്ടിലെ കാർഷിക പ്രതിസന്ധി. വയനാട്ടിലെ കാലാവസ്ഥയിൽ വന്നിട്ടുള്ള മാറ്റം, അവിടെ ഉല്പാദിപ്പിക്ക പ്പെടുന്ന കാർഷികവിളകളെയും നാണ്യവിളകളെയും ബാധിച്ചിട്ടുള്ള ഗുരുതരമായ രോഗങ്ങൾ, അപര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങൾ ഇവയുടെയെല്ലാം പരിണതഫലമായിട്ടാണ് വയനാട്ടിൽ കാർഷിക

പ്രതിസന്ധിയുണ്ടായിട്ടുള്ളത്. ചെറുകിട കർഷകർ ധാരാളമായുള്ള വയനാട്ടിൽ അവർ ഉല്പാദിപ്പിക്കുന്ന നാണ്യവിളകൾക്ക് ജില്ലയ്ക്കുപുറത്ത് വിപണി കണ്ടെത്തേണ്ട സ്ഥിതിയുണ്ട്. നാണ്യവിളകളുടെ വിലത്തകർച്ചമൂലം കടക്കെണിയിലകപ്പെട്ട നിരവധി കർഷകർ ആത്മഹത്യചെയ്തു. കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന 85 ശതമാനത്തോളം വരുന്ന ജനങ്ങളെ ബാധിക്കുന്ന ഈ പ്രശ്നം പരിഹരിക്കുന്നതിന് ശാസ്ത്രീയമായ നടപടികളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. കാർഷികമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. കുരുമുളക് കൃഷി വളരെയധികം പ്രതിസന്ധിയെ നേരിടുന്നു. വയനാട്ടിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി ഒരു കേന്ദ്ര സംഘം വയനാട് സന്ദർശിക്കുകയുണ്ടായി. പുതുതായി ഒരു ഇന്റഗ്രേറ്റഡ് അപ്രോച്ച് ഇവോൾവ് ചെയ്യേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി വയനാട്ടിലെ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും കാർഷികമേഖലയെ സഹായിക്കുന്ന വിധത്തിൽ റിസർച്ച് നടത്തി രോഗങ്ങൾക്ക് പ്രതിവിധി കാണുകയും നല്ലരീതിയിലുള്ള സാപ്ളിംഗ്സും വിത്തുല്പന്നങ്ങളും എങ്ങനെ ഉണ്ടാക്കാമെന്ന് ആലോചിക്കുകയും ചെയ്യണം. കർഷകരുടെ ആരോഗ്യ പരിപാലനവും വളരെ പ്രധാനമാണ്. വയനാട്ടിലെ വളരെ ഗുരുതരമായിട്ടുള്ള ഈ പ്രതിസന്ധികൾ നേരിടുന്നതിന് ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കേരളത്തിലെ കാർഷികമേഖല വലിയ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. കാർഷിക പ്രതിസന്ധി ഏറ്റവും രൂക്ഷമായിട്ടുള്ളതും ഏറ്റവും കൂടുതൽ കർഷകർ ആത്മഹത്യ ചെയ്തതും വയനാട് ജില്ലയിലാണ്. ഇതുവരെ 321

കർഷകർ വയനാട്ടിൽ ആത്മഹത്യ ചെയ്തതായി സ്ഥിരീകരിക്കപ്പെടുകയും അതിൽ 58 ആത്മഹത്യകളിന്മേൽ കൂടുതൽ അന്വേഷണം ആവശ്യമാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കാർഷിക വിളകളായ കുരുമുളക്, കാപ്പി, ഏലം, അടയ്ക്ക, തേയില എന്നിവയ്ക്കുണ്ടായിട്ടുള്ള കുത്തനെയുള്ള വിലയിടിവാണ് പ്രതിസന്ധിക്ക് പ്രധാനകാരണം. കൃഷിക്കാവശ്യമായ വായ്പകൾ സഹകരണ ബാങ്കുകളിൽനിന്നും മറ്റ് കൊമേഴ്സ്യൽ ബാങ്കുകളിൽനിന്നും സ്വകാര്യപണമിടപാടുകാരിൽനിന്നും സ്വീകരിച്ചു വരുന്നത് തിരിച്ചടയ്ക്കാൻ അവയുടെ ഉയർന്ന പലിശനിരക്കും കാർഷികോല്പന്നങ്ങളുടെ വിലയിടിവുംമൂലം കർഷകർക്ക് സാധിച്ചില്ല. തുടർച്ചയായുണ്ടായ വരൾച്ചമൂലം ധാരാളം കൃഷിനാശമുണ്ടായി. ഇത് കർഷകരെ ആത്മഹത്യയിലേയ്ക്ക് നയിച്ചു. ഈ പ്രത്യേക സ്ഥിതിവിശേഷം നേരിടുന്നതിനായി ആത്മഹത്യചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് 50,000 രൂപവീതം ധനസഹായം നൽകിയെങ്കിലും അവരുടെ കടങ്ങൾ എഴുതിത്തള്ളിയിരുന്നില്ല. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾ കാർഷിക പ്രതിസന്ധിക്ക് ആക്കംകൂട്ടിയിട്ടുണ്ട്. ഈ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് കേന്ദ്ര സർക്കാരിന്റെ നിർലോഭമായ സഹായം ആവശ്യപ്പെടുകയും അതനുസരിച്ച് പ്ലാനിംഗ് കമ്മീഷന്റെ മൂന്നംഗ സംഘം വയനാട് സന്ദർശിച്ച് പഠനം നടത്തുകയും ചെയ്തതിന്റെ. റിപ്പോർട്ട് പ്രതീക്ഷിക്കുകയാണ്. ആത്മഹത്യചെയ്ത കർഷകരുടെ 5 ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളാനും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആറ് മാസത്തേയ്ക്കുകൂടി നീട്ടുവാനും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷത യിൽ സഹകരണ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ തീരുമാന മായിട്ടുണ്ട്. കൊമേഴ്സ്യൽ ബാങ്കുകളുമായി മുഖ്യമന്ത്രി നടത്തിയ

ചർച്ചയിൽ ആത്മഹത്യചെയ്ത കർഷകരുടെ ഒരുലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, ഗ്രാമീണമേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കാർഷിക വായ്പ ലഭ്യമാക്കുക തുടങ്ങിയവയ്ക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടുള്ള 501 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജ് കേന്ദ്രസർക്കാരിന് നൽകുകയുണ്ടായി. കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഈ പദ്ധതി അംഗീകരിപ്പിച്ച് വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ നടപ്പാക്കി വരുമ്പോൾ വയനാട് ജില്ല ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്ക് ആശ്വാസമാകുമെന്നാണ് കരുതുന്നത്. പണം കടമെടുത്ത് കൃഷിചെയ്യുന്ന വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിലെ കുടുംബങ്ങൾക്ക് അത് തിരിച്ചടയ്ക്കാൻ കഴിയാതെവരുമ്പോൾ ആ കുടുംബത്തിന്റെ വിഷമതകൾ മനസ്സിലാക്കി, ആത്മഹത്യയുടെ നിലവാരത്തിലേയ്ക്ക് പോകുന്നവരെ കൗൺസിലിംഗ് നടത്തി അവരെ സഹായി ക്കുന്നതിനും അവരുമായി നിരന്തരം ബന്ധംപുലർത്തി പ്രശ്നങ്ങൾ പഠിക്കാനും പരിശോധിക്കാനുമുള്ള ഒരു സംവിധാനത്തിന് കൃഷിവകുപ്പും സഹകരണ വകുപ്പും തമ്മിൽ ഇപ്പോൾത്തന്നെ ധാരണയുണ്ട്. ഇക്കാര്യത്തിൽ മറ്റു വകുപ്പുകളുമായി ഏകോപനം നടത്തി മുന്നോട്ടുപോകുന്നതാണ്.

**സബ്മിഷൻ**

(1) <u>തിരുവനന്തപുരം മുതൽ കളിയിക്കാവിള വരെയുള്ള എൻ.എച്ച്. 47 റോഡ് നാലുവരിപ്പാതയാക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. വി.ജെ. തങ്കപ്പൻ:</u> പാലക്കാട് മുതൽ കന്യാകുമാരി വരെയുള്ള എൻ.എച്ച്. 47 റോഡിൽ തിരുവനന്തപുരം മുതൽ കളിയിക്കാവിള വരെയുള്ള

ഭാഗം ഏറ്റവും വീതികുറഞ്ഞ പ്രദേശമാണ്. 8 മീറ്റർപോലും വീതിയില്ലാത്ത ഈ ഭാഗത്ത് ട്രാഫിക് പ്രശ്നങ്ങൾ കാരണം അപകടങ്ങൾ നിത്യസംഭവമായി മാറിയിരിക്കുന്നു. അതുകൊണ്ട് തിരുവനന്തപുരം മുതൽ കളിയിക്കാവിള വരെയുള്ള ഏകദേശം 36 കിലോമീറ്റർ ദൂരം നാലുവരിപ്പാതയാക്കി യാത്രാക്ലേശം ഒഴിവാക്കുന്നതിനും ട്രാഫിക് പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ.പി.ജെ.ജോസഫ്):</u> തിരുവനന്തപുരം മുതൽ കളിയിക്കാവിളവരെയുള്ള ഗതാഗതം സുഗമമാക്കുന്നതിന്റെ ഭാഗമായിട്ടാണ് നാഷണൽ ഹൈവേ തിരുവനന്തപുരം ബൈപ്പാസിന്റെ പണി ആരംഭിച്ചത്. 44 കിലോമീറ്റർ നീളമുള്ള ബൈപ്പാസിന്റെ തിരുവനന്തപുരം മുതൽ കോവളംവരെയുള്ള 23 കിലോമീറ്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി ഭാഗത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. എൻ.എച്ച്.47-ൽ തിരുവനന്തപുരം മുതൽ കളിയിക്കാവിളവരെയുള്ള ഭാഗം നാലുവരിപ്പാത യാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. ഇവിടത്തെ ട്രാഫിക് ഡെൻസിറ്റി കണക്കിലെടുത്ത് ബൈപ്പാസിന്റെ ഈ ഭാഗവുംകൂടി നാലുവരിപ്പാതയാക്കുകയോ മീഡിയൻ കൂടാതെ മൂന്നുവരിപ്പാതയാക്കുകയോ ചെയ്യണമെന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

## (2) കോഴിക്കോട് നഗരത്തിലെ ഞെളിയംപറമ്പ് പ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. എ.പി. അനിൽ കുമാർ: കോഴിക്കോട് നഗരത്തിലെ മുഴുവൻ മാലിന്യങ്ങളും കഴിഞ്ഞ 75 വർഷമായി നിക്ഷേപിക്കുന്ന നല്ലളം ചെറുവണ്ണൂർ പഞ്ചായത്തിലെ ഞെളിയംപറമ്പ് പ്രദേശം ഇന്ന് നരകമായി മാറിയിരിക്കുകയാണ്. അവിടെ ശാസ്ത്രീയമായ രീതിയിലല്ല മാലിന്യ സംസ്ക്കരണം നടത്തുന്നത്. മാലിന്യങ്ങൾ കുന്നുകൂടി ആ പ്രദേശത്തുള്ള ആളുകൾക്ക് ജീവിക്കാൻ കഴിയാത്ത ദുരിതപൂർണ്ണമായ സാഹചര്യ മാണുള്ളത്. ഒരു മഴ പെയ്താൽ ഈ മാലിന്യകൂമ്പാരത്തിൽനിന്നുമുള്ള മലിനജലം അടുത്തുള്ള കിണറുകളിലേയ്ക്കും വയലിലേയ്ക്കും ഒഴുകുന്നതു കാരണം ജനങ്ങൾക്ക് ആരോഗ്യ പ്രശ്നങ്ങളുമുണ്ടായിക്കൊണ്ടിരിക്കുക യാണ്. കഴിഞ്ഞ രണ്ടാഴ്ചയായി അവിടെയുള്ള മാലിന്യങ്ങൾ സംസ്ക്കരിക്ക പ്പെടാത്തതിനാൽ ദുർഗന്ധം കാരണം ജനങ്ങൾ വളരെ പ്രയാസം നേരിടുകയാണ്. കോർപ്പറേഷൻ ഇക്കാര്യത്തിൽ വലിയ അനാസ്ഥയും വീഴ്ചയുമാണ് വരുത്തിയിരിക്കുന്നത്. കക്ഷി രാഷ്ട്രീയ ഭേദമെന്യേ പ്രക്ഷോഭത്തിനു മുന്നിലുണ്ടെങ്കിലും പ്രശ്നം പരിഹരിക്കാനുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഈ പ്രശ്നം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ക്കരണ പ്ലാന്റിന് മേൽക്കൂരയില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ഈ മാസം 29-ന് മീറ്റിംഗ് വിളിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെട്ട് പ്രശ്നം പരിഹരിക്കണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : കോഴിക്കോട് നഗരസഭ യുടെ മാലിന്യനിക്ഷേപ കേന്ദ്രമായ ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായ ത്തിലെ ഞെളിയംപറമ്പ് പ്രദേശത്ത് മാലിന്യ അവശിഷ്ടങ്ങൾ കുമിഞ്ഞു കൂടി തദ്ദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന് അടിയന്തിര പരിഹാരമെന്ന നിലയിൽ സർക്കാരിന്റെ പ്രത്യേക അനുമ തിയോടുകൂടി കോർപ്പറേഷൻ മാലിന്യ അവശിഷ്ടങ്ങൾ മാറ്റാനുള്ള പരി പാടി തുടങ്ങിയിട്ടുണ്ട്. ഏകദേശം 200 ടൺ മാലിന്യ അവശിഷ്ടങ്ങൾ ഇതി നോടകം മാറ്റിയിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ സ്രോതസ്സിൽവച്ചുതന്നെ വേർതിരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാവരുമായും ചർച്ച ചെയ്ത് ശക്തമായ നടപടികൾ എടുക്കുന്നതാണ്.

(3) ചാലക്കുടി താലൂക്ക് രൂപീകരണം

ശ്രീ. ബി.ഡി. ദേവസ്സി: കേരളത്തിലെ വലിയ താലൂക്കുകളിലൊന്നായ മുകുന്ദപുരം താലൂക്ക് വിഭജിച്ച് ചാലക്കുടി ആസ്ഥാനമായി പുതിയ താലൂക്ക് പ്രാവർത്തികമാക്കണം. ഇതിന്റെ ഭൂ വിസ്തൃതി 1404.96345 സ്ക്വയർ കി.മീറ്ററും ജനസംഖ്യ 7 ലക്ഷത്തിനുമുകളിലുമാണ്. ഈ താലൂക്കിന്റെ പരിധിയിൽ 4 അസംബ്ലി മണ്ഡലങ്ങളും 28 പഞ്ചായത്തുകളും 2 മുനിസിപ്പാലിറ്റികളും ഉണ്ട്. അതിരപ്പിള്ളി പഞ്ചായത്തിലെ മൽക്കപ്പാറ യിൽനിന്ന് 105 കി. മീറ്റർ യാത്ര ചെയ്തെങ്കിൽ മാത്രമേ ഈ താലൂക്കിന്റെ ആസ്ഥാനമായ ഇരിങ്ങാലക്കുടയിൽ എത്തിച്ചേരാൻ കഴിയുകയുള്ളൂ. താലൂക്ക് ഓഫീസിനെ ആശ്രയിക്കേണ്ടിവരുന്ന ആദിവാസികൾക്കും തോട്ടം തൊഴിലാളികൾക്കും രണ്ട് ദിവസത്തെ യാത്രാക്ലേശവും സാമ്പത്തിക നഷ്ടവും ഇതുമൂലം സഹിക്കേണ്ടിവരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്.

സർക്കാർ 16 പുതിയ താലൂക്കുകൾ രൂപീകരിക്കാൻ തീരുമാനിച്ചതിൽ ചാലക്കുടിയും ഉൾപ്പെട്ടിരുന്നു. ചാലക്കുടി ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കാൻ സത്വരനടപടി ഉണ്ടാകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): തമിഴ്നാടിനോട് ചേർന്നുകിടക്കുന്ന മൽക്കപ്പാറ ഉൾപ്പെടെയുള്ള പ്രദേശം, ദക്ഷിണേന്ത്യയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ അതിരപ്പിള്ളി എന്നിവ വിസ്തൃതിയിലും ഭൂമിശാസ്ത്രപരമായും പ്രാധാന്യമുള്ളതാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ മുകുന്ദപുരം താലൂക്കിനെ വിഭജിക്കാൻ തീരുമാനിച്ചിരുന്നു. പിന്നീട് വന്ന സർക്കാർ നടപടികളൊന്നും എടുത്തിരുന്നില്ല. താലൂക്ക് പുന:സംഘടന സംബന്ധിച്ച ചർച്ചകൾ പൂർത്തിയാകുന്നതിനനുസരിച്ച് മുകുന്ദപുരം താലൂക്ക് വിഭജിച്ച് ചാലക്കുടി കേന്ദ്രമാക്കി താലൂക്ക് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്..

(4) കേരള വികസന പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് തീഫേസ് ലൈൻ മാത്രമേ പാടുള്ളൂ എന്ന വ്യവസ്ഥ ഒഴിവാക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. കെ. അബ്ദുറബ്ബ്: കേരള വികസന പദ്ധതിയിൽ പഞ്ചായത്തുകളുടെ സേവനമേഖലയിലുണ്ടാകുന്ന വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകൾക്ക് സിംഗിൾ ഫേസിനുള്ള എസ്റ്റിമേറ്റാണ് ഇതുവരെ തയ്യാറാക്കിയിരുന്നത്. കുറച്ചുകാലമായി ത്രീഫേസിന്റെ എസ്റ്റിമേറ്റ് മാത്രം തയ്യാറാക്കിയാൽ മതിയെന്ന ഇലക്ട്രിസിറ്റി ബോർഡിന്റെ നിർദ്ദേശം കാരണം കൂടുതൽ പണം ചെലവഴിക്കേണ്ടിവരുന്നു. കോളനി വൈദ്യുതീകരണം, വീടുകളുടെ കണക്ഷൻ എന്നിവ ഉൾപ്പെടെ ധാരാളം പദ്ധതികൾ പഞ്ചായത്തുകൾ കെ.എസ്.ഇ.ബി.യുമായി ചേർന്ന് നടത്തു ന്നുണ്ട്. ഈ പദ്ധതിയിൽ കൂടുതൽ പണം അടയ്ക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിനു

വേണ്ടി സിംഗിൾ ഫേസ് ലൈനിൽത്തന്നെ എസ്റ്റിമേറ്റ് ഉണ്ടാക്കാൻ കെ.എസ്.ഇ.ബി.യോട് ആവശ്യപ്പെടണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് വൈദ്യുതി ലൈൻ നീട്ടുന്നതിന് ചില മാനദണ്ഡങ്ങൾ കെ.എസ്.ഇ.ബി. ഏർപ്പെടുത്തിയിട്ടുണ്ട്. മതിയായ വോൾട്ടേജ് ഉറപ്പുവരുത്തുന്നതിനാണ് ത്രീഫേസ് ലൈനിന് മുൻഗണന നൽകുന്നത്. എന്നാൽ സാങ്കേതികമായി സിംഗിൾഫേസ് ലൈൻ വലിച്ചാലും മതിയായ വോൾട്ടേജ് ലഭിക്കുന്ന സ്ഥലങ്ങളിൽ ഇങ്ങനെയുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ ഇലക്ട്രിസിറ്റി ബോർഡിന് കഴിയും. ഇക്കാര്യം കെ.എസ്.ഇ.ബി.യോട് ആവശ്യപ്പെടുന്നതാണ്.

### (5) കാർഷിക വായ്പയുടെ പലിശ നിരക്ക് കുറയ്ക്കണമെന്ന ആവശ്യം

ശ്രീ. പി. സി. ജോർജ്: കടക്കെണിയിലായ കൃഷിക്കാരെ സഹായിക്കുന്നതിനായി ഈ സർക്കാർ പല നടപടികളും സ്വീകരിച്ചിട്ടു ണ്ടെങ്കിലും സഹകരണ വകുപ്പിന് പ്രത്യേകം പണം വകയിരുത്തിയിട്ടില്ല. നബാർഡ് 4 ശതമാനം പലിശയ്ക്ക് കൊടുക്കുന്ന പണം കൃഷിക്കാരന്റെ കയ്യിലെത്തുമ്പോൾ പതിമൂന്നര ശതമാനം വരെ പലിശകൊടുക്കേണ്ടി വരുന്നു. കർഷകരെ സഹായിക്കാൻ സർക്കാർ സബ്സിഡി നൽകി, ഡോ: എം.എസ്. സ്വാമിനാഥൻ കമ്മീഷന്റെ ശുപാർശപ്രകാരമുള്ള 4 ശതമാനം പലിശയ്ക്ക് വായ്പ ലഭ്യമാക്കണം. ഇതിനാവശ്യമായ പണം ബഡ്ജറ്റിൽ വകയിരുത്തണം. ഇതുസംബന്ധിച്ച് മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും സഹകരണ വകുപ്പുമന്ത്രിക്കും ജൂൺ മാസം 6–ാം തീയതി

നിവേദനം നൽകിയിട്ടുണ്ട്. ബാങ്കേഴ്സ് കമ്മിറ്റി വിളിച്ച് 4 ശതമാനം പലിശയ്ക്ക് കൃഷിക്കാർക്ക് പണം ലഭ്യമാകുമെന്ന് സഹകരണ വകുപ്പുമന്ത്രി പ്രഖ്യാപിച്ചെങ്കിലും ഗവൺമെന്റ് സബ്സിഡി കൊടുക്കാതെ അവർക്ക് അതിന് കഴിയുകയില്ല. ഈ പലിശമൂലമാണ് കർഷകർ ആത്മഹത്യ ചെയ്യേണ്ടിവരുന്നത്. കാർഷിക കടം എന്ന പദപ്രയോഗം മാറ്റി കൃഷിക്കാരന്റെ കടം എന്നാക്കി മാറ്റണം. 4 ശതമാനം പലിശയ്ക്ക് കടം കൊടുക്കുമെന്നും ദീർഘകാലവായ്പ നടപ്പാക്കുമെന്നും പ്രഖ്യാപിച്ചത് ഏതു വിധത്തിൽ നടപ്പാക്കുമെന്ന് വ്യക്തമാക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ ജി.സുധാകരൻ) : രജിസ്ട്രാർ നിശ്ചയിക്കുന്ന പലിശയാണ് കേരളത്തിലെ സർവ്വീസ് സഹകരണമേഖലയിലെ ബാങ്കുകളും സംഘങ്ങളും കാർഷിക വായ്പകൾക്ക് ഈടാക്കുന്നത്. 25,000 രൂപ വരെ എട്ടര ശതമാനവും അതിനു മുകളിൽ 9 ശതമാനവുമാണ് പലിശ നിരക്ക്. സംസ്ഥാന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ വഴി നൽകുന്ന കാർഷിക വായ്പയുടെ ഏകദേശം 10 ശതമാനംവരെ നബാർഡ് ഫിനാൻസ് ചെയ്യുന്നു. 2005–06–ൽ ഹ്രസ്വകാല വായ്പയായി നബാർഡ് അനുവദിച്ച 208 കോടി രൂപയ്ക്ക് അഞ്ചര ശതമാനമാണ് പലിശ ഈടാക്കുന്നത്. ഇപ്രകാരം അഞ്ചര ശതമാനം പലിശയ്ക്ക് ലഭിക്കുന്ന തുക സംസ്ഥാന സഹകരണ ബാങ്ക് അഞ്ചേമുക്കാൽ ശതമാനത്തിന് ജില്ലാ സഹകരണ ബാങ്കുകൾക്കും അവർ ആറേകാൽ ശതമാനത്തിന് പ്രാഥമിക കാർഷിക സഹകരണ ബാങ്കുകൾക്കും നൽകുന്നു. പ്രാഥമിക കാർഷിക സഹകരണ ബാങ്കുകൾ 25000 രൂപ വരെയുള്ള വായ്പകൾക്ക് എട്ടര ശതമാനവും അതിനു മുകളിൽ 9 ശതമാനവും പലിശ ഈടാക്കുന്നു. സംസ്ഥാന സഹകരണ ബാങ്കുകൾ സ്വന്തം ഫണ്ടിൽനിന്ന് ജില്ലാ

ബാങ്കുകൾക്ക് നൽകുന്ന വായ്പകൾക്ക് ഏഴര ശതമാനവും ജില്ലാ സഹകരണ ബാങ്കുകൾ പ്രാഥമിക സഹകരണസംഘങ്ങളിൽനിന്ന് എട്ടര ശതമാനവും പലിശ ഈടാക്കുന്നു. 50,000 രൂപ വരെയുള്ള ദീർഘകാല വായ്പകൾക്ക് ആറര ശതമാനവും അതിനു മുകളിൽ 7 ശതമാനവുമാണ് പലിശ ഈടാക്കുന്നത്. ദീർഘകാല വായ്പകൾക്ക് മാത്രമാണ് നബാർഡ് ഫൈനാൻസ് ചെയ്യുന്നത്. സഹകരണ ബാങ്കുകൾ മുഖേന 2005–06–ൽ ഹ്രസ്വകാല വായ്പയിൽ അനുവദിച്ച 208 കോടി രൂപയിൽ 15–6–2006 വരെ 129 കോടി രൂപ മാത്രമേ പിൻവലിക്കാൻ സംസ്ഥാന സഹകരണ ബാങ്കിന് കഴിഞ്ഞുള്ളൂ. 2005–06–ൽ സർവ്വീസ് സഹകരണ ബാങ്കുകൾ 3000 കോടി രൂപയോളം കാർഷിക വായ്പ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഒരു സഹകരണ സ്ഥാപനവും 16 ശതമാനം പലിശ ഈടാക്കുന്നില്ല. കാർഷികേതര വായ്പകൾക്കുപോലും 13 ശതമാനത്തിലധികം പലിശ ഈടാക്കാൻ സാദ്ധ്യമല്ല. സർക്കാർ നബാർഡുമായി ബന്ധപ്പെട്ട് പലിശ രണ്ട് ശതമാനമാക്കുന്നതിന് ആലോചിച്ചതാണ്. 6–6–2006–ൽ സഹകരണ ബാങ്ക് പ്രതിനിധികളും നബാർഡുമായി തിരുവനന്തപുരത്തുവച്ച് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 19–6–2006–ന് ഹ്രസ്വകാല കാർഷിക വായ്പകൾക്ക് പരമാവധി പലിശ 4 ശതമാനമായി നിർദ്ദേശിക്കുകയും അത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നബാർഡ് നൽകാൻ നിശ്ചയിച്ചിരുന്ന വായ്പാപരിധി 300 കോടി രൂപയിൽനിന്നും 650 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

### (6) <u>കഴക്കൂട്ടത്തെ വിവിധ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം</u>

<u>ശ്രീ. എം. എ. വാഹീദ്</u> : കഴക്കൂട്ടം പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ധാരാളം വെള്ളം ഉണ്ടെങ്കിലും കുടിക്കാൻ ആവശ്യത്തിന് വെള്ളമില്ല.

പല പ്രദേശങ്ങളിലെ ജലാശയങ്ങളും കടലിനും കായലിനും ഇടയ്ക്കുള്ള തായതുകൊണ്ട് അവയിൽ ഉപ്പു വെള്ളമാണ്. മറ്റ് ചില ജലാശയങ്ങൾക്ക ടുത്ത് കരിങ്കൽ ഖനനവും ക്ളേ ഖനനവും നടക്കുന്നതുമൂലം വെള്ളത്തിന്റെ അളവ് താഴ്ന്നുപോവുകയുമാണ്. 2000-ൽ ഗ്രാമീണ കുടിവെള്ള പദ്ധതിയു മായി സംയോജിപ്പിച്ച് കഴക്കൂട്ടം സമഗ്ര കുടിവെള്ള പദ്ധതിക്ക് രൂപം നൽകി യിരുന്നു. അയിലംകടവ് പദ്ധതിയുടെ ആവശ്യത്തിന് വെള്ളം ലഭ്യമാക്കാനു ദ്ദേശിച്ചത് വാമനപുരം ആറ്റിൽനിന്നാണ്. ഒരു ഓവർഹെഡ് ടാങ്കിന്റെ പണി മാത്രമേ ഇനി പൂർത്തിയാക്കാനുള്ളു. ട്രീറ്റ്മെന്റ് പ്ളാന്റിന്റെ പണി തീർന്നു. ബൂസ്റ്റർ പമ്പിന്റെ ടെന്ററായി. 20 കോടി രൂപയ്ക്കുള്ള പൈപ്പില്ലാത്തതിന്റെ പേരിൽ പദ്ധതി മുടങ്ങിക്കിടക്കുന്നു. നിത്യവും ടാങ്കർ ലോറിയിലെത്തുന്ന കുടിവെള്ളത്തെ ആശ്രയിച്ചാണ് ഇവിടത്തെ ജനങ്ങൾ കഴിയുന്നത്. ഒരു ഓവർഹെഡ് ടാങ്കിന്റെ പണിയുടെ പേരിൽ കോൺട്രാക്ടറും എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുള്ള അഭിപ്രായവ്യത്യാസം ഹൈക്കോടതിയിൽ നിലനിൽക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രി ഓവർഹെഡ് പണിയുമായി ബന്ധപ്പെട്ട് ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷനുവേണ്ടി ഒരു ഉന്നതതല യോഗം വിളിച്ച് തീരുമാന മെടുത്തിരുന്നു. ആ ഫയൽ വാട്ടർ അതോറിറ്റിയിൽനിന്ന് അനങ്ങിയിട്ടില്ല. ആ കേസ് സെറ്റിൽ ചെയ്യുകയും ഓവർ ഹെഡ് ടാങ്കിന്റെ പണി പൂർത്തി യാക്കുകയും പദ്ധതിക്കാവശ്യമായ പൈപ്പ് വാങ്ങാനുള്ള തുക വകയിരുത്തു കയുംചെയ്ത് ഈ പ്രശ്നത്തിന് പരിഹാരം കാണണം.

<u>ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ)</u>: ഗ്രാമീണ ശുദ്ധജല പദ്ധതിയുമായി സംയോജിപ്പിച്ച് കഴക്കൂട്ടം-അയിലംകടവ് സമഗ്ര കുടിവെള്ള പദ്ധതി രൂപീകരിച്ചിരുന്നു. അതിന്റെ മൊത്തം ചെലവിനായി 381

ലക്ഷം രൂപ നിശ്ചയിച്ചിരുന്നത് അപര്യാപ്തമെന്ന് മനസ്സിലാക്കി ഈ വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. ഉന്നതതല യോഗം വിളിച്ചുചേർത്ത് പണി പൂർത്തിയാക്കി ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതാണ്.

(7) പിറവം നിയോജകമണ്ഡലത്തിലെ തോട്ടറ പുഞ്ചയിൽ കൃഷിയിറക്കാൻ സാഹചര്യം ലഭ്യമാക്കണമെന്ന ആവശ്യം

ശ്രീ. എം. ജെ. ജേക്കബ് : കൊച്ചിയുടെ നെല്ലറ എന്നറിയപ്പെടുന്ന തോട്ടറ പുഞ്ചയിലെ എടക്കാട്ടുവയൽ, ആമ്പല്ലൂർ, വെള്ളൂർക്കര എന്നീ പഞ്ചായത്തുകളിലായി 1300 ഏക്കർ സ്ഥലമാണുള്ളത്. അവിടെ ഒരുപ്പൂ കൃഷി ഇരിപ്പൂ കൃഷി, മുപ്പൂ കൃഷി ആക്കുന്നതിനുവേണ്ടി ജലസേചന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പദ്ധതി നടത്തിയപ്പോൾ മുഴുവൻ സ്ഥലത്തും കൃഷി ചെയ്തിരുന്നവരിൽ പകുതി ആളുകൾക്കുപോലും കഴിഞ്ഞ വർഷം കൃഷിയിറക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. നല്ല ഫലഭൂയിഷ്ഠമായ പ്രദേശമാണ് തോട്ടറ പുഞ്ച. ഒരു പറ വിത്തിട്ടാൽ 40-45 പറ നെല്ലുല്പാദിപ്പിക്കാം. മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് അവിടത്തെ തോടിന് ആഴവും വീതിയും കൂട്ടുന്നതിനും ജലം ഒഴുക്കിവിടുന്നതിനുമുള്ള പദ്ധതി നടപ്പി ലാക്കാത്തതിനാൽ മണ്ണ് തോട്ടിൽ വീണ് നീരൊഴുക്ക് തടസ്സപ്പെട്ടതുകാരണം കൃഷിയിറക്കാൻ കഴിയാത്ത സ്ഥിതിയാണ്. അങ്ങനെയൊരു പദ്ധതി കൊണ്ടുവന്നിട്ട് അത് മുഴുവനായി അച്ചീവ് ചെയ്തില്ല എന്നുമാത്രമല്ല നെഗറ്റീവായ രീതിയിലേയ്ക്ക് പോവുകയും ചെയ്തു. ഒരുപ്പൂ കൃഷി ചെയ്യുന്ന ചെറുകിട കർഷകരുടെ 1300 ഏക്കർ സ്ഥലമുണ്ട്. ഇതിനുമുമ്പ് കൃഷിയിറക്കിയിട്ടുള്ളവർക്ക് കൃഷി ചെയ്യാൻ പറ്റാത്ത സാഹചര്യമുണ്ട്. കോടിക്കണക്കിന് രൂപ മുടക്കി തുടങ്ങിയ ഈ പദ്ധതിയുടെ പ്രവർത്തനം

തടസ്സപ്പെട്ടതിനെക്കുറിച്ച് അന്വേഷിക്കുകയും പുലിമുഖത്ത് ആഴവും വീതിയും കൂട്ടുകയും പനയ്ക്കൽതാഴത്തും ഓരിപ്പുറത്തും മോട്ടോർ വച്ച് ഈ പ്രശ്നം പരിഹരിക്കുകയും വേണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : എറണാകുളം ജില്ല യിൽ മുളന്തുരുത്തി ബ്ലോക്കിൽപ്പെട്ട ആമ്പല്ലൂർ, എടക്കാട്ടുവയൽ, വെള്ളൂർക്കര എന്നീ പഞ്ചായത്തുകളിലായി 150 ഹെക്ടർ സ്ഥലത്ത് തോട്ടറ പുഞ്ചയുള്ളതിൽ ഏകദേശം 25 ഹെക്ടർ തരിശായിക്കിടക്കുകയാണ്. ജല നിർഗ്ഗമനത്തിനുള്ള സൗകര്യക്കുറവാണ് കൃഷിയിറക്കാനുള്ള ഏറ്റവും പ്രധാനമായ ബുദ്ധിമുട്ട്. 50 എച്ച്.പി.യുടെ മോട്ടോർ സ്ഥാപിക്കാനുള്ള പ്രോജക്ട് ബ്ലോക്കിന് നൽകിയിട്ടുണ്ട്. നിലവിലുള്ള തോടിന് ആഴവും വീതിയും കൂട്ടി സംരക്ഷിച്ചാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. കോട്ടയം ജില്ലയിലെ വെള്ളൂരും തോട്ടറ പുഞ്ചയുണ്ട്. 2005–06–ൽ ഈ പ്രദേശത്തെ തരിശ് പ്രദേശങ്ങളെക്കൂടി കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതിയിൻകീഴിൽ കൊണ്ടുവന്ന് കൃഷി ചെയ്യിക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ കൃഷിക്കാരുടെ സഹകരണമില്ലാത്തതിനാൽ കൃഷി ചെയ്യാൻ കഴിഞ്ഞില്ല. 2006–2007 സാമ്പത്തിക വർഷം സംസ്ഥാനത്ത് 10,000 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്നതിന് 5,000 രൂപ ധനസഹായം നൽകുന്നുണ്ട്. ഈ തുക നിലം ഒരുക്കുന്നതിനും ഭൂമി കൃഷിയോഗ്യമാക്കാനുമാണ്. മുളന്തുരുത്തി ബ്ലോക്കിൽ ഇപ്പോൾ തരിശിട്ടിരിക്കുന്ന 25 ഹെക്ടർ സ്ഥലം ഈ പദ്ധതിയിലുൾപ്പെടുത്തി കൃഷി ചെയ്യേണ്ടതാണ്. പാടശേഖരങ്ങളുടെ വികസനത്തിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെയുള്ള ഈ നെൽകൃഷി വികസന പദ്ധതിയും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഡ്രെയിനേജ് സൗകര്യം ഉറപ്പാക്കുന്നതിനുമായി ഈ സാമ്പ

ത്തികവർഷം നീക്കിവച്ചിട്ടുള്ള 126.62 ലക്ഷം രൂപയിൽനിന്ന് ഈ പദ്ധതിക്കായി തുക നീക്കി വയ്ക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(8) കൊപ്പം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിനെ ആക്രമിച്ച സംഭവം

ശ്രീ. സി. പി. മുഹമ്മദ് : കൊപ്പം ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. വേലായുധനെയും ഡി.ഐ.സി.(കെ) നേതാവായ ശ്രീ. സുന്ദരനെയും മർദ്ദിച്ച കേസിൽ പോലീസ് ഇതുവരെ യാതൊരു നടപടിയുമെടുത്തില്ല. ശ്രീ. വേലായുധന് നട്ടെല്ലിനും ശ്രീ. സുന്ദരന് തോളെല്ലിനും പരിക്ക്പറ്റി ചികിത്സയിലാണ്. ഈ അക്രമത്തിന് നേതൃത്വം കൊടുത്ത, ഇതിനുമുമ്പ് പല കേസുകളിലും പ്രതിയായ ട്രഷറി ജീവനക്കാരനെ പ്രതി പട്ടികയിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ്. ഈ കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യാത്തത് ഖേദകരമാണ്. ഇതിനെതിരെ കർശന നടപടി സ്വീകരിക്കണം. .

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ ) . പാലക്കാട് ജില്ലയിലെ കൊപ്പം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ.വേലായുധനെയും ഡി.ഐ.സി.(കെ) നേതാവായ ശ്രീ. സുന്ദരനെയും കോൺഗ്രസ്സ് പ്രവർത്തകരായ കമ്മുക്കുട്ടി, കറുപ്പൻ എന്നിവരെയും 12-5-2006-ന് വൈകുന്നേരം 5.30-ന് ഏതാനും പേർചേർന്ന് ദേഹോപദ്രവം ഏൽപ്പിച്ചു. മണ്ണംകോടുനിന്നും കൊപ്പം ഭാഗത്തേയ്ക്ക് കാറിൽ സഞ്ചരിച്ചുവരവേ കാർ തടഞ്ഞുനിർത്തിയാണ് ദേഹോപദ്രവമേൽപ്പിച്ചത്. ഇതുമായി ബന്ധപ്പെട്ട് പട്ടാമ്പി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതേ ദിവസംതന്നെ സി.പി.ഐ.(എം) പ്രവർത്തകനായ ശ്രീ.രാമചന്ദ്രനെ കരിങ്ങനാട്ടുകുണ്ടിൽവച്ച് ആക്രമിച്ചു. അക്രമികളെ കാറിൽ കടത്തിക്കൊണ്ടുപോകുന്നു എന്നാരോപിച്ചാണ് പഞ്ചായത്ത് വൈസ്പ്രസിഡന്റും മറ്റും സഞ്ചരിച്ച കാർ തടഞ്ഞുനിറുത്തി

ദേഹോപദ്രവമേൽപ്പിച്ചത്. അതിന്റെ പേരിൽ പട്ടാമ്പി പോലീസ് സ്റ്റേഷനിൽ വേറൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികൾ കോടതിയിൽനിന്നും മുൻകൂർ ജാമ്യമെടുത്തിരിക്കുകയാണ്. വേലായുധനെ ആക്രമിച്ച പ്രതികൾ ഒളിവിൽ പോയിരിക്കുകയാണ് എന്ന വിവരം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ഇവരെ കണ്ടെത്തി അറസ്റ്റ് ചെയ്യാനുള്ള ഊർജ്ജിതശ്രമം നടത്തുന്നതാണ്.

(9) സംസ്ഥാനത്ത് അന്യ സംസ്ഥാനത്തൊഴിലാളികൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. സാജു പോൾ: അന്യ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തിയിട്ടുള്ള ലക്ഷക്കണക്കിന് തൊഴിലാളികളുണ്ടാക്കുന്ന സാമൂഹ്യ-തൊഴിൽ പ്രശ്നങ്ങൾ പെരുമ്പാവൂർ മണ്ഡലം ഉൾപ്പെടെ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം പ്രദേശങ്ങളും അഭിമുഖീകരിക്കുന്ന വളരെ ഗുരുതരമായ പ്രശ്നമാണ്. ക്രഷറുകൾ, കരിങ്കൽ ക്വാറികൾ, മണൽ കടവുകൾ, പ്ലൈവുഡ് കമ്പനികൾ, മര വ്യവസായ കേന്ദ്രങ്ങൾ, റൈസ് മില്ലുകൾ, റോഡ്, കെട്ടിടങ്ങൾ മുതലായവയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഇരുപത്തയ്യായിരത്തിലേറെ ആളുകൾ പെരുമ്പാവൂരിൽ മാത്രം ജോലി ചെയ്യുന്നു. തൊഴിൽ ദാതാക്കൾ അവർക്ക് പരിമിതമായ സൗകര്യം മാത്രമേ നൽകുന്നുള്ളൂ. ഈ തൊഴിലാളികൾക്കെതിരെ കൊലപാതകങ്ങൾ, ആത്മഹത്യകൾ, അപകട മരണങ്ങൾ, തട്ടിക്കൊണ്ടുപോകൽ, പിടിച്ചുപറി, മോഷണം, ബലാൽസംഘം എന്നിങ്ങനെ നിരവധി കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പെരുമ്പാവൂരിന്റെ നഗര ഹൃദയമായ കോലഞ്ചേരി കവലയും പി.പി.റോഡും അതിരാവിലെയും ഞായറാഴ്ചകളിലും ഇത്തരക്കാരെക്കൊണ്ട് തിങ്ങിനിറയുകയും മദ്യത്തിനും കഞ്ചാവിനും അടിമപ്പെട്ട ഇവരിൽ നിന്ന് പൊതുജനങ്ങൾക്ക് പലവിധ ബുദ്ധിമുട്ടുകളുണ്ടാകുകയും ചെയ്യുന്നു.

കുറ്റകൃത്യങ്ങളും മോഷണവും നടത്തുന്ന ഇവരെ കണ്ടുപിടിക്കാനോ ആശയ വിനിമയം നടത്താനോ സാധിക്കുന്നില്ല. തൊഴിൽ വകുപ്പും ആഭ്യന്തര വകുപ്പും ഇടപെട്ട് ഇവരെ തിരിച്ചറിയുന്നതിനും കേരളീയർക്ക് സമാധാന ത്തോടുകൂടി ജീവിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നതിനും അന്യ സംസ്ഥാനങ്ങളിൽനിന്ന് തൊഴിൽ തേടിയെത്തുന്നവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ലഭ്യമാക്കുന്നതിനും അടിയന്തിര നടപടിയുണ്ടാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): മറ്റു സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ വന്ന് പണിയെടുക്കുന്നവരെ കുടിയേറ്റ തൊഴിലാളികളായാണ് കാണേണ്ടത്. തൊഴിലാളികളെക്കൊണ്ട് അടിമവേലയ്ക്ക് സമാനമായ ജോലി ചെയ്യിക്കാനാണ് കരാറുകാർ ശ്രമിക്കുന്നത്. ന്യായമായ കൂലിയോ താമസ സൗകര്യമോ ചികിത്സാ സൗകര്യമോ നൽകാതെ ഇവരെ ചൂഷണം ചെയ്യുകയാണ്. ഒരു ദിവസം 16 മണിക്കൂർ വരെ ഇവരെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുകയാണ്. നിയമങ്ങൾ ലംഘിക്കുന്ന കരാറുകാർക്കെതിരെ 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ നിയമപ്രകാരം കർശന നടപടി സ്വീകരിക്കേണ്ടത് ആവശ്യമാണ്. 1979-ലെ 'കേരള ഇന്റർ സ്റ്റേറ്റ് (മൈഗ്രന്റ് വർക്ക്മെൻ റഗുലേഷൻ ഓഫ് എംപ്ളോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസസ്) ആക്ട്' കർശനമായി നടപ്പിലാക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കും. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികളെ നിയോഗിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കാനും അവർക്ക് കേരളത്തിലെ മിനിമം കൂലി നൽകാനും അവരുടെ ആരോഗ്യപരിരക്ഷ, താമസ സൗകര്യം തുടങ്ങിയ കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള

നടപടികൾ കൈക്കൊള്ളുന്നതാണ്. തൊഴിൽ നിയമങ്ങൾ എൻഫോഴ്സ് ചെയ്തുകൊണ്ട് ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന തൊഴിലാളികളോട് സംസ്ഥാനത്തിന്റെ അന്തസ്സിന് യോജിച്ച പെരുമാറ്റം സ്വീകരിച്ചാൽ കേരളത്തിലെ കുടിയേറ്റ തൊഴിലാളികൾ ഒരു സാമൂഹ്യ പ്രശ്നവും സൃഷ്ടിക്കുകയില്ല.

(10) <u>കേരളത്തിലെ ഇ.എസ്.ഐ. ആശുപത്രികളുടെ ശോച്യാവസ്ഥ</u>

<u>ശ്രീ. എ.എം. യൂസഫ്</u>: കേരളത്തിലെ ലക്ഷക്കണക്കിനുവരുന്ന തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ഇ.എസ്.ഐ.യിൽ നിന്നും ലഭിക്കേണ്ട ചികിത്സാ ആനുകൂല്യം ഇപ്പോൾ ലഭിക്കുന്നില്ല. ഇ.എസ്.ഐ. ആശുപത്രികളിൽ വിദഗ്ദ്ധരായ ഡോക്ടർമാരോ ആധുനിക ചികിത്സാ സൗകര്യങ്ങളോ ഇല്ല. അവിടെനിന്നും നൽകുന്ന മരുന്നുകൾ കാലാവധി കഴിഞ്ഞവയാണെന്ന ആക്ഷേപവുമുണ്ട്. മരുന്നുകൾ കൃത്യ സമയത്ത് എത്തിക്കാൻ വേണ്ട വാഹന സൗകര്യമില്ല. തൊഴിലാളികളും മാനേജുമെന്റും സർക്കാരും ഭീമമായ തുക ചെലവഴിച്ചിട്ടും ഇതിന്റെ പ്രയോജനം ജീവനക്കാർക്കും അവരുടെ കുടുംബങ്ങൾക്കും ലഭിക്കുന്നില്ല. കേരള ഗവൺമെന്റ് ഇക്കാര്യത്തിൽ ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുകയും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഇതിന് പരിഹാരം കാണുകയും വേണം. ആലുവയിലെ ഏലൂരിൽ പ്രവർത്തിക്കുന്ന ഇ.എസ്.ഐ. ആശുപത്രിയിൽ 12 ഡോക്ടർമാർ വേണ്ട സ്ഥാനത്ത് 6 ഡോക്ടർമാർ മാത്രമേയുള്ളു. റേഡിയോളജി, പത്തോളജി, ക്യാൻസർ, ഡെന്റൽ, സർജറി തുടങ്ങിയ മേഖലകളിൽ ഡോക്ടർമാരില്ല. അവിടെ ആംബുലൻസ് സൗകര്യമില്ല. ഓപ്പറേഷൻ തിയേറ്ററിൽ ആവശ്യമായ സംവിധാനങ്ങളില്ല. കണ്ണ് ചികിത്സയ്ക്കുവേണ്ടിയുള്ള പ്രത്യേക വിഭാഗത്തിൽ ഡോക്ടർമാരുണ്ടെങ്കിലും

സംവിധാനങ്ങളില്ല. ലിഫ്റ്റ് പ്രവർത്തിക്കുന്നില്ല. ശുചീകരണ പ്രവർത്തനം നടത്താത്തതുകൊണ്ട് പട്ടികളുടെയും പാമ്പുകളുടെയും ശല്യം വർദ്ധിക്കുന്നു. അവിടെ വരുന്ന രോഗികളെ വിദഗ്ദ്ധ ചികിത്സയ്ക്കായി എറണാകുളത്തേയ്ക്ക് വിടുന്നു. ഇതെല്ലാം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): കേരളത്തിലുള്ള 12 ഇ.എസ്.ഐ. ആശുപത്രികളുടെയും 137 ഇ.എസ്.ഐ. ഡിസ്പെൻസറികളുടെയും അറ്റകുറ്റപ്പണികൾക്ക് സെൻട്രൽ പബ്ളിക് വർക്സ് ഡിപ്പാർട്ടുമെന്റിനെയാണ് ഇ.എസ്.ഐ. കോർപ്പറേഷൻ ചുമതല പ്പെടുത്തിയിരിക്കുന്നത്. യഥാസമയം പണികൾ നടത്താത്തതുകാരണം ഈ സ്ഥാപനങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ പരിമിതമാണ്. ജീവനക്കാർക്കാ വശ്യമായ ക്വാർട്ടേഴ്സ് സൗകര്യമില്ല. വസ്തുവകകൾ സൂക്ഷിക്കുന്ന കാര്യത്തിൽ ഇ.എസ്.ഐ. കോർപ്പറേഷന് കാര്യക്ഷമതയില്ല. ഹോസ്പിറ്റലു കളിൽ ഏർപ്പെടുത്തിയിട്ടുള്ള ചികിത്സാസൗകര്യങ്ങൾ 20 വർഷം മുമ്പുള്ളതാണ്. ഗുണഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസരണമായ വികസനം അവിടെ ഉണ്ടായിട്ടില്ല. ലബോറട്ടറി, അത്യാഹിത വിഭാഗം, തീവ്രപരിചരണ വിഭാഗം, വാർഡുകൾ, ഓപ്പറേഷൻ തിയേറ്റർ എന്നിവയുടെ നവീകരണം അടിയന്തിര പ്രാധാന്യമർഹിക്കുന്നു. ഡോക്ടർമാരുടെ 176 തസ്തികകൾ ഒഴിഞ്ഞ് കിടക്കുകയാണ്. മെഡിസിൻ, സർജറി, ഗൈനക്കോളജി, ഒഫ്ത്താൽമോളജി, പീഡിയാട്രിക്സ്, ഇ.എൻ.ടി. തുടങ്ങിയ തസ്തികകളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കേണ്ടതുണ്ട്. ഓപ്പറേഷൻ തിയേറ്റർ നവീകരിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ ആവശ്യമാണ്. ആശുപത്രിക്കാവശ്യമായ കിടക്കകൾ, ലിനൻ തുടങ്ങിയവ

വാങ്ങുന്നതിന് ഇ.എസ്.ഐ.കോർപ്പറേഷനിൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. അറ്റകുറ്റപ്പണികൾ നടത്തിയ വകയിൽ ഇ.എസ്.ഐ.കോർപ്പറേഷനിൽനിന്നും കിട്ടാനുള്ള 80,82,877 രൂപ അഞ്ചാറു വർഷമായി കുടിശ്ശികയാണ്. വാങ്ങിയെടുക്കാൻ ഇ.എസ്.ഐ. ഡയറക്ടറേറ്റ് മുൻകൈ എടുത്തിട്ടുണ്ട്. ഇ.എസ്.ഐ. ഡിസ്പെൻസറികളുടെ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ആധുനികവൽക്കരണം നടപ്പിലാക്കുന്നതിനും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. സംസ്ഥാന ഗവൺമെന്റ് ഇ.എസ്.ഐ. ഡിസ്പെൻസറികളെ സംരക്ഷിക്കാനാവശ്യമായ കാര്യങ്ങൾ ചെയ്യുന്നതാണ്.

(11) വൈക്കം മണ്ഡലത്തിൽ നടന്നുവരുന്ന അനധികൃത മണലൂറ്റൽ

ശ്രീ. കെ.അജിത്ത്: വ്യാപകമായി നടന്നുവരുന്ന മണലൂറ്റും മണൽ ഖനനവുംമൂലം കേരളത്തിൽ പാരിസ്ഥിതിക പ്രശ്നമുണ്ടാകുകയും ശുദ്ധ ജലസ്രോതസുകൾ നഷ്ടമാകുകയും ആറ്റുതീരങ്ങളും പാലങ്ങളും ഇടിഞ്ഞു പോകുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ഭൂമികുലുക്കമുണ്ടാകാൻ സാദ്ധ്യതയുള്ളതായും റിപ്പോർട്ടുകളുണ്ട്. വൈക്കം മണ്ഡലത്തിൽ അനധികൃത കുഴിമണൽ ഖനനം നടക്കുന്നതുകൊണ്ട് വെള്ളൂർ പഞ്ചായ ത്തിൽ പുഴ വഴിമാറി ഒഴുകുന്നു. മുറിഞ്ഞപുഴപാലം ഇതുമൂലം അപകടാ വസ്ഥയിലാണ്. അതുകൊണ്ട് അനധികൃത മണലൂറ്റ് തടയാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ. പി.രാജേന്ദ്രൻ) 2001-ലെ കേരള നദീ തീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം അനുസരിച്ചാണ് മണൽ വാരാൻ അനുമതി നൽകുന്നത്. പക്ഷേ വ്യാപകമായി, അനിയന്ത്രിത മായിട്ടാണ് മണൽവാരൽ നടക്കുന്നത്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്. ഈ മാസം 19-ന് റവന്യു വകുപ്പുമന്ത്രി, ആഭ്യന്തര വകുപ്പു

മന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി എന്നിവരുടെ സാനിദ്ധ്യത്തിൽ ഡി.ജി.പി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ യോഗത്തിൽ ചില തീരുമാനങ്ങ ളെടുത്ത് എല്ലാ ജില്ലാ കളക്ടർമാരേയും അറിയിച്ചിട്ടുണ്ട്. അത് പത്രത്തിലൂടെ പൊതുജനങ്ങളെ അറിയിച്ചിട്ടുമുണ്ട്. മണലൂറ്റ് തടയുന്നതിനായി പോലീസുമായി ചേർന്ന് തഹസിൽദാർമാരുടെ നേതൃത്വത്തിൽ ഒരു സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ആർ.ഡി.ഒ. നേതൃത്വം വഹിക്കണം. ഡി.എസ്.പി.മാർ അതിന്റെ പ്രവർത്തനം അവലോകനം ചെയ്ത് ഗവൺമെന്റിനെ അറിയിക്കും. കേരളത്തിലുടനീളം മിന്നൽ പരിശോധന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. റവന്യുവകുപ്പും ആഭ്യന്തര വകുപ്പും ഇതിനെക്കുറിച്ച് അന്വേഷിക്കുകയും വീഴ്ചയുണ്ടെങ്കിൽ പരിശോധിക്കുകയും ചെയ്യും. ജനങ്ങൾക്ക് പരാതി അറിയിക്കാൻ തഹസിൽദാർമാരുടെ മൊബൈൽ നമ്പരുകൾ പ്രസിദ്ധീ കരിക്കണമെന്ന് അറിയിച്ചിട്ടുണ്ട്. പരാതി രേഖപ്പെടുത്തി വയ്ക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. വൈക്കത്ത് ഞങ്ങൾ പോകുന്നുണ്ട്. ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നതാണ്. ഇതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ച് റിപ്പോർട്ട് വന്നിട്ടുണ്ട്. ഇതിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ടു നൽകാൻ ലാന്റ് റവന്യു കമ്മിഷണറെ ചുമതലപ്പെടു ത്തിയിട്ടുണ്ട്.

(12) <u>വയനാട് കോളണൈസേഷൻ സ്ഥലത്ത് മുറിച്ചു മാറ്റുന്ന മരങ്ങളുടെ നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം</u>

<u>ശ്രീ. പി. കൃഷ്ണപ്രസാദ്:</u> വയാട്ടിലെ കോളണൈസേഷൻ പ്രദേശങ്ങ ളിൽ ഭൂമി നൽകിയ സമയത്ത് അവിടെയുണ്ടായിരുന്ന ഈട്ടി, തേക്ക് തുടങ്ങിയ മരങ്ങളുടെ സംരക്ഷണം കുടിയേറ്റക്കാർക്ക് വിട്ടുകൊടുക്കു കയുണ്ടായി. എന്നാൽ അത് ലേലം ചെയ്യുന്ന സന്ദർഭത്തിൽ നഷ്ടപരിഹാര

മായി ക്യൂബിക്ക് മീറ്ററിന് 4500 രൂപ വച്ച് കൊടുക്കാൻ 1991–95–കാല ഘട്ടത്തിൽ തീരുമാനിച്ചിരുന്നു. അത് പിന്നീട് 10,000 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിക്കുകയും 6 പേർക്ക് കൊടുക്കുകയും ചെയ്തു. എന്നാൽ അത് വീണ്ടും വെട്ടിക്കുറച്ച് 5400 രൂപയാക്കുകയും ബാക്കി പണം തിരിച്ചുനൽകാൻ ആവശ്യപ്പെട്ടിരിക്കുകയുമാണ്. തടിയുടെ വില വർദ്ധനവിനനുസരിച്ച് മാന്യമായ നഷ്ടപരിഹാരം കൊടുക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.ബിനോയ് വിശ്വം): 1–4–06–ലെ ഉത്തരവ് പ്രകാരം 5400/– രൂപ കൊടുക്കാനായിരുന്നു തീരുമാനം. ആ തുക അപര്യാപ്തമാണ്. നഷ്ട പരിഹാരത്തുക 10,000/– രൂപയാക്കാൻ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ചെയ്യാവുന്നതെല്ലാം ചെയ്യാം.

(13) കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി.

ശ്രീ.കെ.കെ.ദിവാകരൻ: കെ.എസ്.ആർ.ടി.സി. ഏറ്റവും വലിയ പ്രതിസന്ധി നേരിടുകയാണ്. ഡീസൽ വിലവർദ്ധനയുടെ ഭാഗമായി 2.11 ലക്ഷം രൂപയുടെ അധികച്ചെലവ് പ്രതിദിനം ഉണ്ടായിട്ടുണ്ട്. ഡീസലിന് സെയിൽ ടാക്സ് 22.42 ശതമാനം കൊടുക്കണം. അത് 4% ആയിട്ട് കുറയ്ക്കണം. ഇപ്പോൾ സെയിൽസ് ടാക്സ് ഡിഫർമെന്റ് നടത്തിയിരിക്കുകയാണ്. കെ.ടി.ഡി.എഫ്.സി–ക്കും ഹഡ്കോയ്ക്കും കൂടി 360.93 കോടി രൂപ കൊടുക്കാനുണ്ട്. അതുകൊണ്ട് കെ.എസ്.ആർ.ടി.സി.യെ സഹായിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യൂ.ടി. തോമസ്): അടിക്കടിയുണ്ടാകുന്ന പെട്രോൾ, ഡീസൽ വില വർദ്ധനവ് കാരണം കെ.എസ്.ആർ.ടി.സി. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി

നേരിടുകയാണ്. ഇപ്പോഴത്തെ വർദ്ധനവ് മൂലം 2.11 കോടി രൂപയുടെ അധിക ച്ചെലവ് കെ.എസ്.ആർ.ടി.സി–ക്ക് ഒരു മാസം ഉണ്ടാകുന്നുണ്ട്. ഓയിൽ കമ്പനികൾക്ക് 141 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. 31–1–06–ലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി–യുടെ അക്യുമുലേറ്റഡ് ലോസ് 1500.22 കോടി രൂപയാണ്. വരുമാനം കുറഞ്ഞ ഷെഡ്യൂളുകൾ പുന:ക്രമീ കരിച്ചും ഡ്രൈവർമാർക്ക് വിദഗ്ദ്ധ ട്രെയിനിംഗ് നൽകിയും നഷ്ടം കുറയ്ക്കാൻ ശ്രമിക്കുന്നുണ്ട്. സർക്കാരിന്റെ സാമ്പത്തിക സഹായം കൂട്ടണ മെന്ന കെ.എസ്.ആർടി.സി–.യുടെ ആവശ്യം സർക്കാർ പരിഗണിച്ചുവരുന്നു. ഇതിനെ നഷ്ടമില്ലാതെ കൊണ്ടുപോകുന്നതിന് സമഗ്ര നവീകരണ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നു.

(14) <u>കേരള കാർഷിക സർവ്വകലാശാലയുടെ ശോച്യാവസ്ഥ</u>

<u>ശ്രീ.രാജാജി മാത്യൂ തോമസ്:</u> കേരള കാർഷിക സർവ്വകലാശാല ഇന്ന് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. പദ്ധതിയിനത്തിൽ 2005–06–ൽ 43.30 കോടി രൂപയേ നൽകിയിട്ടുള്ളു. ഇതുമൂലം പുതിയ പദ്ധതി ഏറ്റെടുക്കാനോ ജീവനക്കാരുടെ പി.എഫ്. തുക നിക്ഷേപിക്കാനോ കഴിയുന്നില്ല. യു.ജി.സി. പദ്ധതി നടപ്പിലാക്കുന്നതിനായി 24 കോടി രൂപ ഇതുവരെ നൽകിയിട്ടില്ല. പുതിയ ശംപള വർദ്ധനവ് നടപ്പിലാക്കിയിട്ടില്ല. ജീവനക്കാരുടെ പി.എഫ്. ലോൺ മാസങ്ങൾ കഴിഞ്ഞേ ലഭിക്കുന്നുള്ളു. മൊത്തത്തിൽ ഈ സ്ഥാപനം സ്തംഭനാവസ്ഥയിലാണ്. ഈ സ്ഥിതിക്ക് ഗവൺമെന്റ് പരിഹാരം കാണണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ.മുല്ലക്കര രത്നാകരൻ):</u> കേരള കാർഷിക സർവ്വകലാശാലയിൽ അദ്ധ്യാപക, അനദ്ധ്യാപക തൊഴിലാളികൾ പണി യെടുക്കുന്നുണ്ട്. അദ്ധ്യാപകർക്ക് യു.ജി.സി., ഐ.സി.എ.ആർ. പദ്ധതി

പ്രകാരമുള്ള സേവന-വേതന വ്യവസ്ഥകളാണുള്ളത്. സർക്കാർ ജീവന ക്കാർക്ക് നൽകുന്ന സേവന വ്യവസ്ഥകൾ അനദ്ധ്യാപകർക്കും, കൃഷി വകുപ്പിലെ തൊഴിലാളികൾ അനുഭവിക്കുന്ന സേവന വ്യവസ്ഥകൾ തൊഴിലാ ളികൾക്കും അനുവദിക്കുന്നുണ്ട്. അനദ്ധ്യാപകരുടെ ശംപള പരിഷ്കരണ ത്തിന് ഉടനെ അനുമതി നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അദ്ധ്യാപക രുടെ ശംപള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. ആഭ്യന്തര-ബാഹ്യ സഹായ ത്തോടുകൂടിയ ഗവേഷണ പദ്ധതികൾ സർവ്വകലാശാലയിൽ നടന്നുവരുന്നു. കോലാഹലമേട്ടിൽ ഡയറി സയൻസ് കോളേജിനു വേണ്ടി എടുത്ത സ്ഥലം കെ.എൽ.ഡി ബോർഡിന് തിരിച്ചുനൽകാൻ തീരുമാനിച്ചിട്ടുണ്ട്. സർവ്വകലാശാ ലയുടെ വികസന പ്രവർത്തനങ്ങളിൽ സ്തംഭനാവസ്ഥയില്ല. പൂക്കോട് വെറ്ററിനറി കോളേജിന്റെ നിർമ്മാണത്തിന് റൂറൽ റിസർച്ച് സ്ട്രക്ച്ചർ ഡെലവപ്പ്മെന്റ് ഫണ്ടിൽനിന്നും ധനസഹായം പ്രതീക്ഷിക്കുന്നു. സർവ്വകലാ ശാലയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

(15) <u>ഹയർ സെക്കണ്ടറി അദ്ധ്യാപകരായി നേരിട്ട് നിയമനം ലഭിച്ചവർക്ക് ഫുൾടൈം വേതനം നൽകണമെന്ന ആവശ്യം</u>

<u>ശ്രീ. ബാബുപോൾ:</u> 16 വർഷം മുമ്പ് സർക്കാർ എയ്ഡഡ് ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ പിരീയഡിന്റെ എണ്ണം കണക്കാക്കിയാണ് പാർട്ട് ടൈം, ഫുൾ ടൈം അദ്ധ്യാപകരെ നിയമിച്ചിരുന്നത്. 1995-ൽ അവർക്ക് ശംപള സ്കെയിൽ അനുവദിച്ചപ്പോൾ ഫുൾടൈം അദ്ധ്യാപകർക്ക് 1992 മുതലും പാർട്ട്ടൈംകാർക്ക് 1995 മുതലുമാണ് മുൻകാല പ്രാബല്യം നൽകിയ ത്. ഇത്തരം 164 പാർട്ട്ടൈം അദ്ധ്യാപകരാണ് സംസ്ഥാനത്തുള്ളത്.

അവർക്കു കൂടി നിയമന തീയതി മുതൽ ഫുൾടൈം അദ്ധ്യാപകരുടെ വേതനവും സർവ്വീസ് വെയിറ്റേജും നൽകണം

വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) 1991-ൽ പ്രതിമാസം 1000/- രൂപ നിരക്കിൽ ഏതാനും എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപക നിയമനം നടത്തി. ആഴ്ചയിൽ 15 പിരീയഡിന് താഴെ പഠിപ്പിക്കുന്നവരെ പാർട്ട് ടൈം ആയും അതിൽ കൂടുതൽ പഠിപ്പിക്കുന്നവരെ ഫുൾ ടൈം അദ്ധ്യാപകരായുമാണ് കണക്കാക്കി യിരുന്നത്. ഫുൾടൈം ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് . ജി..ഒ. (ആർ.ടി). 2695/98 പ.വ. ഉത്തരവ് പ്രകാരം 7-4-1992 മുതൽ പ്രാബല്യം നൽകി ഫുൾ ടൈം ശംപള സ്കെയിൽ അനുവദിച്ചു. അതുപോലെ പാർട്ട്-ടൈം അദ്ധ്യാപകർക്ക് 1-6-1995 മുതൽ പ്രാബല്യം നൽകി പാർട്ട്-ടൈം ശംപള സ്കെയിൽ അനുവദിക്കുകയുണ്ടായി. ഫുൾടൈം അദ്ധ്യാപകർക്ക് നൽകി യതുപോലെ 7-4-1992 മുതൽ പ്രാബല്യം നൽകി ശംപള സ്കെയിൽ അനുവദിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട അദ്ധ്യാപകർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 10-2-04-ലെ ഉത്തരവ് പ്രകാരം പാർട്ട് ടൈം അദ്ധ്യാപകർക്ക് 7-4-1992 മുതൽ നോഷണലായി പാർട്ട് ടൈം ശംപള സ്കെയിൽ അനുവദിച്ചു. പാർട്ട് ടൈം ശംപള സ്കെയിൽ ലഭിച്ച ചില അദ്ധ്യാപകർ അവർ നിയമിതരായ തീയതി മുതൽ ഫുൾ ടൈം സ്കെയിൽ ലഭിക്കണമെന്ന ആവശ്യവുമായി ഒരു റിട്ട് പെറ്റിഷൻ ഫയൽ ചെയ്യുകയും പ്രസ്തുത കേസിലെ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അവർക്ക് നോഷണലായി 7-4-92 മുതൽ 31-5-1995 വരെയുള്ള ആനുകൂല്യം സാങ്കൽപ്പികമായി കണക്കാക്കി അനുവദിച്ച് 10-2-04-ൽ ഉത്തരവ്

പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് എക്സിബിറ്റ് ബി.–3 വിധിന്യായത്തിനെതിരെ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും പ്രസ്തുത വിധിന്യായം കോടതി സ്റ്റേ ചെയ്യുകയും ചെയ്തു. സർക്കാർ ഹയർ സെക്കന്ററി സ്ക്കൂളിൽ തസ്തിക മാറ്റം വഴി നിയമിച്ച യോഗ്യരായ അദ്ധ്യാപകർക്ക് പഠിപ്പിക്കേണ്ട പീരീയഡുകളുടെ എണ്ണം കണക്കിലെടുക്കാതെ ഫുൾ ടൈം ശംപള സ്കെയിൽ അനുവദിച്ചതു പോലെ എയിഡഡ് ഹയർ സെക്കന്ററി സ്ക്കൂളുകളിലെ അദ്ധ്യാപകർക്ക് ഫുൾ ടൈം സ്കെയിൽ അനുവദിച്ച 20–1–04–ലെ ഉത്തരവാണ് എക്സിബിറ്റ് ബി.2. ഈ ഉത്തരവ് തസ്തികമാറ്റം വഴി ഹയർ സെക്കന്ററി അദ്ധ്യാപക രായവർക്കുമാത്രം ബാധകമാകയാൽ ഇതിന്റെ ആനുകൂല്യം നേരിട്ട് നിയമനം ലഭിച്ച പാർട്ട് ടൈം അദ്ധ്യാപകർക്ക് നൽകാൻ കഴിയുകയില്ല. മുകളിൽ പറയുന്ന കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ഹൈക്കോടതി വിധിയിലെ ഉത്തരവുകൾ അനുസരിച്ച് ഈ അദ്ധ്യാപകരുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ച് 20–6–06–ൽ ഉത്തരവ് പുറപ്പെടുവി ക്കുകയും ചെയ്തു. മാത്രമല്ല ഈ ആവശ്യം പരിഗണിച്ചാൽ സർക്കാരിന് നാലരക്കോടി രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാകുന്നതാണ്.

## (16) ആറാട്ടുപുഴ– തൃക്കുന്നപ്പുഴ പഞ്ചായത്തുകളിൽ കടൽക്ഷോഭം മൂലമുണ്ടായ നാശനഷ്ടം.

ശ്രീ. ബി. ബാബുപ്രസാദ്: തൃക്കുന്നപ്പുഴ – ആറാട്ടുപുഴ പഞ്ചായത്തു കളിൽ ജൂൺ മാസം 21–ാം തീയതി തുടങ്ങിയ കാലവർഷക്കെടുതിയുടേയും കടലാക്രമണത്തിന്റേയും ഫലമായി ജനങ്ങൾ നേരിടുന്ന പട്ടിണി ഉൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സൗജന്യറേഷന്റെ കാലാവധി നീട്ടിക്കൊടുക്കുക, അവിടെ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്ക്

നഷ്ടപരിഹാരം നൽകുക; പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ അവാർഡിൽ പ്പെടുത്തി കരയെടുത്തുകൊണ്ടുപോയ കടൽ ഭിത്തിയില്ലാത്ത 13 പ്രദേശങ്ങളിൽ കടൽഭിത്തി കെട്ടുക എന്നീ നടപടികൾ സ്വീകരിക്കുന്ന തോടൊപ്പം സ്വകാര്യ വ്യക്തികൾ നടത്തുന്ന കരിമണൽ ഖനനം തടയുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി <u>(ശ്രീ.കെ.പി. രാജേന്ദ്രൻ):</u> സുനാമി ദുരന്തം വളരെ ശക്തമായി അനുഭവപ്പെട്ട തൃക്കുന്നപ്പുഴ-ആറാട്ടുപുഴ പഞ്ചായത്തുകളിൽ കടലാക്രമണം രൂക്ഷമാണ്. അവിടെ ഉണ്ടായ കാലവർഷക്കെടുതിയെ സംബന്ധിച്ച് കോസ്റ്റൽ ഇറോഷൻ സ്റ്റഡീസിലേയും സെസ്സിലേയും ശാസ്ത്രജ്ഞൻമാരേയും മറ്റും ഉപയോഗപ്പെടുത്തിക്കൊണ്ട് പഠനം നടത്തേണ്ടതുണ്ട്. ആ പഠനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം പരിഹാര നടപടികൾ സ്വീകരിക്കേണ്ടത്. ചെന്നൈയിലെ ഓഷൻ എൻജിനീയറിംഗ് വകുപ്പ് ചില ഉപദേശങ്ങൾ നൽകിയിട്ടുണ്ട്. ഒരു പുതിയ തീരപ്രദേശ സംരക്ഷണ പദ്ധതി ആരംഭിക്കേണ്ടതുണ്ട്. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു സമഗ്രമായ ഡിസാസ്റ്റർ മാനേജുമെന്റ് നയം രൂപീകരിക്കുന്നതിന് സർക്കാർ അടിയന്തിര പ്രാധാന്യം നൽകുന്നതാണ്. കരിമണൽ ഖനനം നടത്തുന്നതിനെതിരെ സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മഹാരാഷ്ട്ര സർക്കാരിന്റെ സഹായത്തോടുകൂടി ആലപ്പാട്ട് പഞ്ചായത്തിന് ഒരു പ്രോജക്ട് ചെയ്യുന്നതുപോലെ ആറാട്ടുപുഴ പഞ്ചായത്തിന് പ്രത്യേകമായി ഒരു പാക്കേജ് കൊണ്ടുവന്ന് അവിടെ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഉണ്ടാക്കുന്നതാണ്.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ):</u> രൂക്ഷമായ കടലാക്രമണ ഭീഷണി തുടരുന്ന ആറാട്ടുപുഴ-തൃക്കുന്നപ്പുഴ പ്രദേശങ്ങളിൽ

കടൽഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുവേണ്ടി പന്ത്രണ്ടാം ധനകാര്യ കമ്മിഷൻ ശുപാർശ ചെയ്ത 175 കോടി രൂപയുടെ പദ്ധതി സർക്കാർ സജീവമായി പരിഗണിച്ചുവരികയും ഈ വർഷം ചെലവഴിക്കാനുള്ള 54 കോടി രൂപയുടെ പ്രൊപ്പോസൽ സ്റ്റേറ്റ് ലെവൽ എമ്പവേർഡ് കമ്മിറ്റിയുടെ പരിഗണനയിലിരിക്കുകയുമാണ്

(17) പേപ്പട്ടി വിഷബാധയ്ക്കെതിരെയുള്ള മരുന്നിന്റെ അഭാവം മൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ശ്രീമതി മനേകാ ഗാന്ധി കേന്ദ്രമന്ത്രി ആയതിനുശേഷം പട്ടികളെ കൊല്ലാൻ പാടില്ലെന്ന നിയമം കൊണ്ടുവരികയും നമ്മുടെ സംസ്ഥാനത്ത് പേപ്പട്ടികളുടെ ശല്യം വർദ്ധിക്കുകയും ഗവൺമെന്റാശുപത്രികളിൽ പ്രതിരോധ കുത്തിവയ്പിനുള്ള മരുന്ന് ലഭ്യമല്ലാതിരിക്കുകയും ചെയ്തിരിക്കുകയുമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ദിവസം 100 പേരെങ്കിലും പേവിഷബാധയ്ക്കെതിരെ പ്രതിരോധ കുത്തിവയ്പിന് എത്തുന്നുണ്ട്. പേപ്പട്ടി കടിക്കുന്നവർക്കെല്ലാം സൗജന്യമായി മരുന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. മെഡിക്കൽ കോളേജാശുപത്രിയിലും ജില്ലാ ആശുപത്രിയിലും താലൂക്കാശുപത്രികളിലും 24 മണിക്കൂറും മരുന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.; ആവശ്യമായ മരുന്ന് ഉൽപ്പാദിപ്പിക്കാനുള്ള സംവിധാനവുമുണ്ടാക്കണം. .

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ) : കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്നുമുണ്ടായ പേപ്പട്ടി വിഷബാധ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇപ്പോൾ ആവശ്യത്തിന് മരുന്ന് ലഭ്യമായി തുടങ്ങിയിട്ടുണ്ട്. ഒരു വർഷം ഏകദേശം

5 ലക്ഷം വിയലാണ് കേരളത്തിനാവശ്യമായി വരുന്നത്. സി. പി. സി. രണ്ടു കംപനികളുമായി കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. ഹ്യൂമൻ ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ലഭിക്കുന്ന വിയൽ ആഗസ്റ്റ് മാസത്തിൽ സപ്ളൈ ചെയ്യും. സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയും സപ്ളൈ തുടങ്ങിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 1300 വിയൽ ഇപ്പോൾ എത്തിക്കഴിഞ്ഞു. ഏതെങ്കിലും ജില്ലയിൽ പേവിഷബാധയ്ക്കെതിരെ പ്രതിരോധ മരുന്ന് ഇല്ലാതെ വരികയാണെങ്കിൽ ലോക്കൽ പർച്ചേസിൽ വാങ്ങുന്നതിന് ഡി.എം.ഒ.യ്ക്കും സൂപ്രണ്ടിനും ഫണ്ടും അതിനുള്ള നിർദ്ദേശവും കൊടുത്തിട്ടുണ്ട്. ഫണ്ട് ഇല്ലാതെ വരികയാണെങ്കിൽ എച്ച്. ഡി. സി. മുഖേന വാങ്ങാവുന്നതാണ്.

<u>സ്വാശ്രയ സ്ഥാപനങ്ങളെ സംബന്ധിച്ച നിയമം നടപ്പിലാക്കുന്നതിനെക്കുറിച്ച്</u>

<u>ശ്രീ.കെ.എം.മാണി:</u> കഴിഞ്ഞ ബി.എ.സി. കമ്മിറ്റിയിൽ ഗവൺമെന്റ് എടുത്ത നിലപാട് അനുസരിച്ച് ജൂലായ് ഒന്നാം തീയതി മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന കൗൺസിലിംഗ് ആരംഭിക്കുമെന്നും അതുകൊണ്ട് സ്വാശ്രയ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന നിയമം പാസ്സാക്കുന്നതിന് പ്രതിപക്ഷം സഹകരിക്കണമെന്നു പറഞ്ഞതുകൊണ്ടു മാത്രമാണ് നാളെ രാവിലെ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കാമെന്നും ഉച്ചകഴിഞ്ഞ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലിന്റെ പൊതുചർച്ചയും വൈകിട്ട് ബില്ലിന്റെ ക്ളാസ് ബൈ ക്ളാസ് ഡിസ്ക്കഷനു മായി സമയം വിനിയോഗിക്കാമെന്നു് തീരുമാനിച്ചത്. ഈ നിയമം ഈ അദ്ധ്യയനവർഷംതന്നെ നടപ്പാക്കുന്നുണ്ടോ, നടപ്പാക്കുന്നില്ലെങ്കിൽ നാളെ രാത്രി വൈകിയും സഭ സമ്മേളിക്കേണ്ടതുണ്ടോ എന്നതിനെ സംബന്ധിച്ചും ഗവൺമെന്റിന്റെ അഭിപ്രായം വ്യക്തമാക്കണം.

<u>ശ്രീ.കെ.സി. ജോസഫ്:</u> സഭ ഈ ബിൽ പാസ്സാക്കിയാലും ഇക്കൊല്ലം നടപ്പിലാക്കുമോയെന്നതിനെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങളാണ് പത്രമാധ്യമങ്ങളിൽ വന്നിട്ടുള്ളത്. ജൂലായ് 1–ാം തീയതി കൗൺസലിംഗ് ആരംഭിക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. നാളെ രാത്രി വൈകിവരെ ഇരുന്നാലും ഈ നിയമം പാസ്സാക്കാൻ കഴിയില്ല. ഇതൊരു പുതിയ ബില്ലാണ്. പ്രസിഡന്റിന്റെ അസ്സന്റ് കിട്ടിയാലേ നിയമം നടപ്പിലാക്കാനാവുകയുള്ളു. ഇക്കൊല്ലം ഈ നിയമം നടപ്പിലാക്കുന്നില്ലെങ്കിൽ തിരക്കുപിടിച്ച് ഇപ്പോൾ പാസ്സാക്കേണ്ടതില്ല. ജൂലായ് ഒന്നാം തീയതി കൗൺസലിംഗ് തുടങ്ങുമെന്ന് പറഞ്ഞ് ബിൽ പാസ്സാക്കുകയും മറുഭാഗത്ത് സ്വകാര്യ മാനേജ്മെന്റുമായി രഹസ്യധാരണയുണ്ടാക്കുകയും ചെയ്തു കൊണ്ട് ഈ നിയമം ഇക്കൊല്ലം നടപ്പാക്കാതിരിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ.ജി. സുധാകരൻ):</u> ഈ ബില്ലിനെ സംബന്ധിച്ച് ഗവൺമെന്റോ മന്ത്രിയോ പുതുതായി ഒന്നും പറയാത്ത സാഹചര്യത്തിൽ പത്ര മാധ്യമങ്ങൾ എഴുതുന്നത് ഗവൺമെന്റിന്റെ അഭിപ്രായമെന്ന വ്യാജേന കാര്യങ്ങൾ ഉന്നയിക്കുന്നത് ശരിയല്ല.

<u>ശ്രീ. പി. സി. ജോർജ്:</u> പത്ര പ്രസ്താവനയുടെ അടിസ്ഥാനത്തിലാണ് ഇവിടെ സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. സ്വകാര്യ മാനേജുമെന്റുകൾ ചർച്ചയ്ക്ക് തയ്യാറായി വന്നിട്ടുള്ളത് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള ശക്തമായ നിലപാടിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ടുതന്നെ ഈ നിയമം എത്രയുംവേഗം പാസ്സാക്കേണ്ടതാവശ്യമാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> സഭയിൽ ക്രമപ്രശ്നം ഉന്നയിക്കുന്നതിന് വ്യക്തമായ നട

പടിക്രമം ഉണ്ട്. റൂൾ 303 (6) അനുസരിച്ച് ഒരു വിവരം ആവശ്യപ്പെടുന്നതിനോ നിലപാട് വ്യക്തമാക്കുന്നതിനോ ക്രമപ്രശ്നം ഉന്നയിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഇതൊരു ക്രമപ്രശ്നമായി പരിഗണിക്കാൻ പാടില്ല. നടപടിക്രമങ്ങൾ തടസ്സപ്പെടുത്താനുള്ള ബോധപൂർവമായ ശ്രമമാണ് ഇവിടെ നടത്തിയിട്ടുള്ളത്.

ശ്രീ. കെ.എം. മാണി: റൂൾ 304 അനുസരിച്ചുള്ള നോട്ടീസാണ് ഞാൻ നൽകിയിട്ടുള്ളത്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): റൂൾ 304 അനുസരിച്ച് സഭയിൽ സബ്മിഷൻ ഉന്നയിക്കുന്നതിന് നടപടിക്രമവും പ്രത്യേക റെസ്ട്രിക്ഷനുമുണ്ട്. ഒരു വിഷയത്തിൽ ഒന്നിലധികം അംഗങ്ങൾക്ക് സബ്മിഷൻ അനുവദിക്കുകയില്ല. റൂൾ 303 അനുസരിച്ച് ആദ്യം ഉന്നയിക്കുകയും പിന്നീട് റൂൾ 304 ആണെന്ന് പറയുകയും ചെയ്യുന്നത് ശരിയല്ല.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച് ഈ സർക്കാരിന്റെ ആത്മാർത്ഥത വ്യക്തമാക്കുന്നതാണ് സഭയിൽ കൊണ്ടുവന്നിട്ടുള്ള ബിൽ. ഈ നിയമം പാസ്സാക്കുന്നതിന് പ്രതിപക്ഷം സഹകരിച്ചതിനെ സ്വാഗതം ചെയ്യുന്നു. ഇത് എത്രയുംവേഗം നടപ്പാക്കുന്ന കാര്യത്തിൽ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും ഉണ്ടാവുകയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ജൂൺ 20-ാം തീയതി ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ മുമ്പാകെ സംസ്ഥാന ഗവണ്മെന്റിനെ പ്രതിനിധീകരിച്ച് അഭിഭാഷകൻ ഹാജരാകാതിരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കണം. ഒരു മാസത്തേയ്ക്ക് സമയം നീട്ടണമെന്നാവശ്യപ്പെട്ടു

കൊണ്ട് സംസ്ഥാന സർക്കാർ അയച്ച കത്ത് കിട്ടിയതായും 20–ാം തീയതി സിറ്റിംഗ് വച്ചിട്ടുള്ള കാര്യം സംസ്ഥാന സർക്കാരിനെ അറിയിച്ചതായും 14–ാം തീയതി രേഖപ്പെടുത്തി അയച്ച ഫാക്സ് സന്ദേശം 23–ന് ലഭിച്ചതായും ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ വെളിപ്പെടുത്തിയിട്ടുള്ള സാഹച ര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി കാര്യങ്ങൾ വ്യക്തമാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എ. ബേബി):</u> സംസ്ഥാന സർക്കാർ ദേശീയ ന്യൂനപക്ഷ കമ്മീഷന് അയച്ച ഫാക്സ് സന്ദേശവുമായി ബന്ധപ്പെട്ട രേഖകൾ സഭയുടെ മേശപ്പുറത്തു വയ്ക്കണമെന്ന ആവശ്യം പ്രതിപക്ഷത്തുനിന്നും ഉണ്ടായില്ല. എന്നാൽ ഗവണ്മെന്റ് സ്വമേധയാ രേഖകൾ സഭയിൽ വയ്ക്കുകയുണ്ടായി. ബന്ധപ്പെട്ട രേഖകൾ കേരളാ ഹൗസിൽനിന്ന് ഇന്നലെ രാത്രിയാണ് കിട്ടിയത്. ഉന്നത വിദ്യാഭ്യാസ വകുപ്പിന് വേണ്ടിയുള്ള കമ്മ്യൂണിക്കേഷൻ തയ്യാറാക്കിയത് ജൂൺ 14–ാം തീയതിയാണ്. ജി.എ.ഡി.യിൽ നിന്നും 16–ാം തീയതി ഉച്ചയ്ക്കു ശേഷം 3 മണിക്ക് ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ ആഫീസി ലേയ്ക്ക് നേരിട്ട് ഫാക്സ് സന്ദേശം അയയ്ക്കാൻ ശ്രമിച്ചെങ്കിലും കണക്ഷൻ കിട്ടാതെ വന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് സ്ഥാപനമായ കേരളാ ഹൗസിലേയ്ക്ക് അയയ്ക്കുകയുണ്ടായി. ഫാക്സ് അയയ്ക്കുമ്പോൾ ഡെലിവറി എങ്ങനെയായിരിക്കണമെന്ന റിപ്പോർട്ട് ഉൾക്കൊള്ളിച്ചിരിക്കും. ഡൽഹിയിൽ ലഭിച്ച ഫാക്സ് സന്ദേശത്തിൽ ഉള്ളടക്കത്തിന്റെ ചില ഭാഗങ്ങൾ വ്യക്തമല്ലാത്തതിനാൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്ന് റസിഡന്റ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട ഫാക്സ് സന്ദേശം അയയ്ക്കാൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങളിൽ ഗുരുതര മായ പിഴവ് സംഭവിച്ചിരിക്കുന്നതായി ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ ഗൗരവ

മായി അന്വേഷണം നടത്തി വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സഭയ്ക്കു നൽകിയ വാഗ്ദാനം സർക്കാർ പാലിച്ചിരിക്കുകയാണ്. പ്രതിപക്ഷനേതാവ് ഇന്നലെ ഉന്നയിച്ച ഒരു വിഷയം സിറ്റിംഗ് നടന്ന സമയത്ത് എന്തുകൊണ്ടാണ് കൗൺസെൽ ഹാജരാകാത്തതെന്നാണ്. കമ്മീഷനുകളുടെ സിറ്റിംഗുകളിൽ കമ്മ്യൂണിക്കേഷനാണ് സാധാരണ അയക്കാറുള്ളത്. ജൂൺ 12–ാം തീയതി നടന്ന ചർച്ചയിൽ സമയം നീട്ടിത്തരുന്ന കാര്യം വാക്കാൽ അംഗീകരിച്ചിട്ടു ണ്ടെന്നാണ്. ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ സെക്രട്ടറി പറയുന്നത്. ഈ സാഹചര്യത്തിൽ ഗവൺമെന്റ് ഒരു കൗൺസെലിനെ നിയോഗിക്കേണ്ടതുണ്ടാ യിരുന്നില്ല. മേലിൽ ഇത്തരം സിറ്റിംഗുകളിൽ കൗൺസെലിനെ അയയ്ക്കാനുള്ള ക്രമീകരണം കൂടി ഈ ഗവൺമെന്റ് ചെയ്യുന്നതായിരിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി): 14–ാം തീയതി വച്ച് 23–ാം തീയതി മൈനോറിറ്റി കമ്മീഷന് ഫാക്സ് സന്ദേശമയച്ചത് എന്തിനാണെ ന്നാണ് അറിയുവാനുള്ളത്; ഇത് ആളുകളെ കബളിപ്പിക്കുവാനുള്ള ശ്രമ മാണ്. ഗവൺമെന്റ് ഭാഗത്തുനിന്നുവന്ന വീഴ്ചയ്ക്ക് മറ്റാരേയും കുറ്റപ്പെ ടുത്തി രക്ഷപ്പെടാൻ ശ്രമിക്കരുത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മൈനോറിറ്റി കമ്മീഷന് ഗവൺമെന്റിന്റെ നിലപാട് അറിയിച്ചുകൊണ്ട് സമയത്തുതന്നെ മെസേജ് അയച്ചിരുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): യു.ഡി.എഫ് ഗവൺമെന്റിന്റെ ഇതു സംബന്ധിച്ചുള്ള തീരു മാനത്തിൽ, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭിപ്രായവും കൂടി കണക്കിലെടുത്തുകൊണ്ടുവേണം ഗവൺമെന്റ് തീരുമാനം എടുക്കേണ്ടതെന്ന്

പറഞ്ഞ് ഹൈക്കോടതി ഫയൽ മടക്കി അയയ്ക്കുകയാണുണ്ടായത്. ജൂൺ 29-ാം തീയതി ഈ ബിൽ നിലവിൽവരികയാണ്. ന്യൂനപക്ഷമായാലും ഭൂരിപക്ഷമായാലും ഈ ഗവൺമെന്റ് കൊണ്ടുവരുന്ന ബില്ലിലെ വ്യവസ്ഥകളിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കുകയില്ല. കമ്മ്യൂണിക്കേഷൻ അയച്ചതിൽ സംഭവിച്ചതെന്താണെന്നുള്ളത് അന്വേഷണത്തിനുശേഷം സഭയെ അറിയിക്കുന്നതാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ടിറങ്ങിപ്പോവുകയും അൽപ്പസമയത്തിനുള്ളിൽ മടങ്ങിവരികയും ചെയ്തു).

**ധനകാര്യം**

2006-07 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച (തുടർച്ച)

ശ്രീ. സി.കെ.പി. പത്മനാഭൻ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. യു.ഡി.എഫ്. സർക്കാർ കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് അവകാശപ്പെട്ട 9 ശതമാനം സാമ്പത്തിക വളർച്ചാനിരക്ക് കൈവരിച്ചുവെങ്കിൽ അത് സാമൂഹ്യ ജീവിതത്തിൽ പ്രതിഫലിക്കണമായിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണ കാലത്ത് 1300-ൽപ്പരം കർഷകർ ആത്മഹത്യ ചെയ്തു .യു.ഡി.എഫ്. അവകാശപ്പെടുന്ന വളർച്ച വർഗ്ഗീയ കലാപം, സ്ത്രീപീഡനം, ക്ഷേത്രകവർച്ച എന്നീ കാര്യങ്ങളിൽ മാത്രമാണ് ഉണ്ടായിട്ടുള്ളത്. കേരളത്തിൽ ആളോഹരി വരുമാനം വർദ്ധിച്ചിട്ടുണ്ട്. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ കടമുള്ള സംസ്ഥാനമായി കേരളം മാറുന്ന സാഹചര്യമുണ്ടായി. വിദേശത്ത് തൊഴിൽ സാധ്യതയ്ക്കുവേണ്ടി നഴ്സിംഗ് പരിശീലനം സംഘടിപ്പിക്കുന്ന കാര്യം ഈ ബഡ്ജറ്റിലുണ്ട്. രാഷ്ട്രപതിയുടെ പ്രധാന

നിർദ്ദേശം കാർഷിക മേഖലയുടെ സംരക്ഷണമാണ്. രാഷ്ട്രപതിയുടെ നിർദ്ദേശത്തെ ഗവൺമെന്റ് അംഗീകരിച്ചെങ്കിലും അതിന്മേൽ യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന പതിമൂന്നിന നിർദ്ദേശത്തെ അംഗീകരിച്ചിട്ടില്ല. കഴിഞ്ഞകാലത്ത് ഉൽപ്പന്നങ്ങളുടെ വിലയിടിവിലാണ് ഏറ്റവും കൂടുതൽ തകർച്ചയുണ്ടായത്. കാർഷിക രംഗത്തെ സംരക്ഷിക്കുന്നതിന് ബഡ്ജറ്റിൽ നിർദ്ദേശങ്ങളുണ്ട്. റബ്ബറിന് വിലകൂടുന്ന സന്ദർഭത്തിൽ സെസ്സ് ഏർപ്പെടുത്താനുള്ള നടപടി സ്വാഗതാർഹമാണ്. റബ്ബറിന്റേയും കാപ്പിയുടെയും വിദേശ നിക്ഷേപത്തിനായി കേന്ദ്രം നിയമം കൊണ്ടുവന്നതിനെയും റബ്ബർ കാർഷിക വിളയായി കേന്ദ്രം അംഗീകരിക്കാത്തിനെയും റബ്ബറിന്റെ ബഞ്ചുമാർക്ക് വില 35 രൂപയിൽനിന്നും 30 രൂപയാക്കിയതിനെയും യു.ഡി.എഫ്. ഗവൺമെന്റ് എതിർത്തില്ലെന്നു മാത്രമല്ല 35 രൂപ റബ്ബറിന് വില ഉണ്ടായിരുന്നപ്പോൾ 12.6 ശതമാനം നികുതി ചുമത്തുകയും ചെയ്തു. 110 രൂപ വില ഉള്ളപ്പോഴാണ് ഒരു ചെറിയ ശതമാനം സെസ്സ് ഏർപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചത്. കേരളത്തിലെ ബ്ളേഡ് കമ്പനിക്കാരെ നിയന്ത്രിക്കുന്നതിനുള്ള നിർദ്ദേശം ഈ ബഡ്ജറ്റിലുണ്ട്. കഴിഞ്ഞ സർക്കാർ ഒരു ലക്ഷം തൊഴിൽദാന പദ്ധതികൾ ഇല്ലാതാക്കി. കാർഷിക രംഗത്ത് തൊഴിൽ നയമുണ്ട്. ഈ ബഡ്ജറ്റിൽ മൃഗസംരക്ഷണത്തിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കന്നുകാലി സംരക്ഷണത്തിന് നയം സ്വീകരിച്ചതോടൊപ്പം പാലിന്റെ കാര്യത്തിലും നയം പ്രഖ്യാപിച്ചിട്ടുണ്ട്. പാലിന് വില കൂട്ടുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണം. ഡോ:സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നിലനിൽക്കുമ്പോഴാണ് കാർഷിക കടത്തിന്റെ കാര്യത്തിൽ വർദ്ധനവുണ്ടാക്കിയത്. നാളികേരത്തിന്റെ രോഗപരിഹാരത്തിനുള്ള നിർദ്ദേശം ഈ ബഡ്ജറ്റിലുണ്ടെങ്കിലും മണ്ടരി രോഗത്തി

നുള്ള പരിഹാര നടപടികൂടി ഉണ്ടാകണം. പൊതുമേഖലാ രംഗത്ത് പുതിയ സമീപനം ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ദിനേശ് ബീഡിത്തൊഴിലാളി കളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കണം. ജപ്പാൻ കുടിവെള്ള പദ്ധതി നടപ്പാക്കിയിട്ടില്ല. ഭക്ഷ്യ സംസ്കരണ രംഗത്ത് നല്ല നയം ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. പൊതുവിതരണ രംഗത്ത് കഴിഞ്ഞ ഗവൺമെന്റ് 125 കോടി രൂപയാണ് ചെലവഴിച്ചത്. ഗവൺമെന്റ് സ്റ്റോറുകളി ലൂടെയുള്ള വിൽപ്പനയിൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകണം. നെൽകൃഷിയെ സംരക്ഷിക്കാൻ ബഡ്ജറ്റിൽ പുതിയ സമീപനമുണ്ട്. വയനാടിൽ വിവിധ ഇനം നെല്ലുകൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. നെല്ല് സംസ്കരിച്ച് സ്റ്റോറുകളിലൂടെ വിൽപ്പന നടത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. മൽസ്യമേഖലയിൽ പുതിയ നിലപാട് സ്വീകരിച്ചു. മണ്ണെണ്ണ ക്ഷാമം പരിഹരിക്കുന്നതിന് സബ്സിഡി നൽകാൻ 2 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. മൽസ്യത്തൊഴിലാളി പെൻഷൻ ഇനത്തിൽ ഒന്നരക്കോടി രൂപ നീക്കിവച്ചതിലൂടെ 35000 പേർക്ക് അതിന്റെ ഗുണം ലഭിക്കും. വിഭവ സമാഹരണത്തിന് പുതിയ നിലപാട് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രത്തിന്റെ തെറ്റായ നയത്തിന്റെ ഫലമായി കേരള ത്തിന്റെ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു. കേരളത്തോട് കേന്ദ്രം കാണിക്കുന്ന അവഗണനയ്ക്കെതിരെ ശബ്ദമുയർത്തണം. എൽ.പി.ജി. വില വർദ്ധനവിന്റെ ഭാഗമായി 52 കോടി രൂപയുടെ നഷ്ടമുണ്ടായതിനെയും കേന്ദ്രനയംമൂലം 130 കോടി രൂപയുടെ നഷ്ടമുണ്ടായതിനെയും നികുതി വരുമാനത്തിൽ മാറ്റം വരുത്തിയതിന്റെ ഫലമായി 200 കോടി രൂപയുടെ നഷ്ടത്തേയുംക്കുറിച്ച് യു.ഡി.എഫ്.ന് എതിർപ്പില്ല. സ്വർണ്ണം, കുത്തകപ്പാട്ടം, ടൈൽസ്, ഗ്രാനൈറ്റ് കേബിൾ ടി.വി. എന്നിവയ്ക്ക് നികുതി ഏർപ്പെടുത്തി

യത് സ്വാഗതാർഹമാണ്. കേരളത്തിലെ പത്രപ്രവർത്തകരെ സംരക്ഷിക്കുന്ന നിലപാട് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

പ്രൊഫ. കെ.വി. തോമസ്: ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുന്നു. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്ന അതേ ദിവസം പശ്ചിമബംഗാളിൽ അധികാരത്തിൽ വന്ന ഇടതുമുന്നണി ഗവണ്മെന്റിന് 75,000 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരാൻ സാധിച്ചു. ഇവിടെ നയാപൈസയുടെ ഇൻവെസ്റ്റ്മെന്റുപോലും കൊണ്ടു വരാൻ സാധിച്ചില്ലെന്നു മാത്രമല്ല ഇൻവെസ്റ്റ് ചെയ്യാൻ വരുന്നവരെ ഓടിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. കഴിഞ്ഞ ഐക്യ ജനാധിപത്യ മുന്നണി ഗവണ്മെന്റിനെക്കുറിച്ച് അതിനിശിതമായ വിമർശനങ്ങളാണ് ബഡ്ജറ്റ് പ്രസംഗത്തിൽ നടത്തിയിരിക്കുന്നത്. 2001-ൽ എ.കെ. ആന്റണി ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ മൽസ്യത്തൊഴിലാളികൾക്ക് കൊടുക്കാനുണ്ടായിരുന്ന 16 ഗഡു പെൻഷൻ കുടിശ്ശികയും മൽസ്യത്തൊഴി ലാളികളുടെ കുട്ടികൾക്ക് കൊടുക്കാനുള്ള രണ്ട് വർഷത്തെ ലംപ്സംഗ്രാന്റും സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ കൊടുക്കാനുള്ള രണ്ട് ഗഡുവും കൊടുത്തുതീർത്തു. യു.ഡി.എഫ്. ഗവണ്മെന്റ് അധികാരമൊഴിഞ്ഞപ്പോൾ ഈയിനത്തിൽ നയാപൈസപോലും കുടിശ്ശിക കൊടുക്കാൻ ഉണ്ടായിരുന്നില്ല. കോസ്റ്റൽ ഡെവലപ്മെന്റ് ഏജൻസിക്കുവേണ്ടി 10 കോടി രൂപയാണ് മുൻ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ നീക്കിവച്ചത്. എന്നാൽ ഈ ബഡ്ജറ്റിൽ അതിനായി യാതൊരു തുകയും നീക്കിവച്ചിട്ടില്ല. തീരദേശ മേഖലയിൽ 3,000 കോടി രൂപയുടെ ഒരു സമഗ്രതീരദേശ വികസന പരിപാടി തയ്യാറാക്കുന്നതാണെന്ന് പറയുന്നുണ്ട്. 2002-ൽ ഡിപ്പാർട്ട്മെന്റുകളുമായുള്ള ചർച്ചയെത്തുടർന്ന് 510 കോടി രൂപയുടെ ഒരു തീരദേശ വികസന പ്രോജക്ട്

തയ്യാറാക്കി പ്ളാനിംഗ് കമ്മീഷന് കൊടുക്കുകയും രണ്ട് ഘട്ടങ്ങളിലായി 30 കോടി രൂപ അനുവദിച്ചിട്ടുള്ളതുമാണ്. അതിന് ബദലായി 3,000 കോടി രൂപയുടെ സമഗ്രതീരദേശ വികസന പരിപാടി തയ്യാറാക്കുന്നതിനെക്കുറിച്ച് പരിശോധിക്കണം. രാഷ്ട്രപതിയുടെ നിർദ്ദേശപ്രകാരം തയ്യാറാക്കിയ ഡീപ് സീ ഫിഷിംഗ് പദ്ധതിക്ക് കഴിഞ്ഞ ഗവണ്മെന്റ് നാല് കോടി രൂപ മാറ്റിവച്ചുവെങ്കിൽ ഈ ബഡ്ജറ്റിൽ യാതൊന്നും വകയിരുത്തിയിട്ടില്ല. തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു കോടി രൂപ മാറ്റി വച്ചിരിക്കുന്നത് അപര്യാപ്തമാണ്. 2004 ജൂലൈയിൽ മൽസ്യ മേഖലാവികസന പരിപാലന നയം നടപ്പിലാക്കിയത് യു.ഡി.എഫ്. ഗവണ്മെന്റാണ്. പാവപ്പെട്ട മൽസ്യത്തൊഴിലാളികളോട് ആത്മാർത്ഥത കാണിക്കാത്ത ഗവണ്മെന്റാണിത്. സുനാമി ദുരന്തവുമായി ബന്ധപ്പെട്ടുള്ള പുനരധിവാസത്തിന്റെ കാര്യത്തിൽ ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റ് ആത്മാർത്ഥമായ സമീപനമാണ് സ്വീകരിച്ചിരുന്നത്. 1996 മുതൽ 2001 വരെ കേരളം ഭരിച്ച നായനാർ ഗവണ്മെന്റ് നെല്ല് സംഭരണത്തിനായി 10.28 കോടി രൂപ ചെലവഴിച്ച സ്ഥാനത്ത് അതിനുശേഷം വന്ന ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റ് നാല് വർഷക്കാലംകൊണ്ട് 36.38 കോടി രൂപയാണ് ചെലവഴിച്ചത്. അന്ന് 1,10,067 പേർക്കാണ് പി.എസ്.സി. വഴി നിയമനം നൽകിയിരുന്നതെങ്കിൽ ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റ് 1,19,719 പേർക്കാണ് നിയമനം കൊടുത്തത്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ആദിവാസികൾക്ക് 1295 ഏക്കർ ഭൂമി വിതരണം ചെയ്തപ്പോൾ ഐക്യജനാധിപത്യമുന്നണി ഗവണ്മെന്റ് 3253 ഏക്കർ ഭൂമി വിതരണം ചെയ്തു. പ്രതിപക്ഷത്തിനെ അന്ധമായി എതിർക്കുന്ന സമീപനം മാറ്റണം. വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾ പരസ്പര ചർച്ചയിലൂടെ പരിഹരി

ക്കണം. ലോകത്ത് നടക്കുന്ന മാറ്റങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഉൾക്കൊള്ളണം. കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിനുവേണ്ടി നമുക്ക് സഹകരിച്ച് പ്രവർത്തിക്കാം.

ശ്രീ. കെ. അജിത്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഐതിഹാസിക സമരപോരാട്ടങ്ങളിലൂടെ കേരളത്തിലെ മൂല്യബോധമുള്ള ജനങ്ങൾ തെരഞ്ഞെടുക്കപ്പെട്ട തൊഴിലാളി പ്രസ്ഥാനത്തിന്റെ ഗവണ്മെന്റിൽനിന്നും പ്രതീക്ഷിച്ച ഒരു ബഡ്ജറ്റാണിത്. പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും പരമ്പരാഗത മേഖലയുടെ സംരക്ഷണത്തിനും ക്ഷേമ പദ്ധതികൾക്കും പണം ഉൾക്കൊള്ളിച്ചതിനെ സ്വാഗതം ചെയ്യുന്നു. പൊതുവിതരണരംഗത്തെ യു.ഡി.എഫ്. ഗവണ്മെന്റ് തകർത്തു. കിലോ ഗ്രാമിന് മൂന്ന് രൂപ നിരക്കിൽ അരി കൊടുക്കുമെന്നുള്ള ഐക്യ ജനാധിപത്യമുന്നണിയുടെ പ്രഖ്യാപനത്തിലൂടെ സംസ്ഥാന ത്തിനുണ്ടായ അധികഭാരം കണക്കിലെടുക്കാതെ, രാഷ്ട്രീയമായി കാണാതെ അധിക ബാധ്യതയായ 60 കോടി രൂപ നൽകാൻ തീരുമാനിച്ചതും പൊതു വിതരണ രംഗം ശക്തിപ്പെടുത്താനായി 45 കോടി രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചതും മുൻ ഗവണ്മെന്റിന്റെ കാലത്ത് കുടിശ്ശികയായിരുന്ന 27 മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ കൊടുക്കാൻ തീരുമാനിച്ച നടപടിയും സ്വാഗതാർഹമാണ്. കാർഷികമേഖലയിൽ ഒരു പുത്തൻ ഉണർവ്വ് ഉണ്ടായ തിനെ സ്വാഗതം ചെയ്യുന്നു. കൃഷിയിടങ്ങളിൽ പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തണം. മൂന്ന് കോടിയിലധികം വരുന്ന ജനങ്ങളെ കടക്കെണിയിലേയ്ക്ക് നയിച്ച സർക്കാരാണ് കഴിഞ്ഞ 5 കൊല്ലം കേരളം ഭരിച്ചത്. ദിശാബോധമുള്ള ബഡ്ജറ്റാണിത്.

ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്: ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റിലുടനീളം സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചാണ് പറയുന്നത്. 2001–ൽ യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ ട്രഷറി പൂട്ടിക്കിടക്കുകയായിരുന്നു. ജീവനക്കാരുടെ ശമ്പളം, വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ എന്നിവയെല്ലാം മുടങ്ങിക്കിടക്കുകയായിരുന്നു. സർക്കാർ കൊടുക്കുന്ന ചെക്കുകൾ മടക്കി അയയ്ക്കുന്ന അവസ്ഥയാണുണ്ടായിരുന്നത്. യു.ഡി.എഫ്., സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുകയും പി.എഫ്., ടി.എ. തുടങ്ങിയ ആനുകൂല്യങ്ങളും ക്ഷേമപെൻഷനുകളും നൽകുകയും ചെയ്തു. പുതിയ നിയമനങ്ങളെക്കുറിച്ചോ പുനർവിന്യാസത്തെക്കുറിച്ചോ ബഡ്ജറ്റിൽ യാതൊന്നും പറയുന്നില്ല. സ്വർണ്ണം, ടൈൽസ്, മാർബിൾ എന്നിവയ്ക്ക് നികുതിയേർപ്പെടുത്തുന്നതുമൂലം അവയ്ക്ക് അന്യ സംസ്ഥാനങ്ങളിൽ പോകേണ്ട സ്ഥിതിയാണ്. നികുതി ശൃംഖല വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കണം. ഓൺ ലൈൻ ലോട്ടറിയുടെ നികുതിവെട്ടിപ്പിന് നിയന്ത്രണമേർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ബഡ്ജറ്റിൽ ഇല്ല. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ യു.ഡി.എഫ്. ഗവണ്മെന്റ് ശ്രമിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ താൽപ്പര്യം മുൻനിർത്തി സ്മാർട്ട് സിറ്റി പദ്ധതി നടപ്പാക്കുന്നതിനായി നയപരമായ തീരുമാനമെടുക്കണം. പരമ്പരാഗത വ്യവസായങ്ങൾക്ക് ഊന്നൽ കൊടുത്ത ഒരു ഗവണ്മെന്റായിരുന്നു യു.ഡി.എഫ്. ഗവണ്മെന്റ്. കശുവണ്ടി വ്യവസായ രംഗത്ത് യാതന അനുഭവിക്കുന്ന തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി കഴിഞ്ഞ 5 വർഷം കൊണ്ട് 84 കോടി രൂപ നൽകി.. കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നീ സ്ഥാപനങ്ങൾ കഴിഞ്ഞ ഒന്നര

വർഷക്കാലം തുടർച്ചയായി പ്രവർത്തിച്ചു. കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഫാക്ടറികൾ കഴിഞ്ഞ വർഷം 250 ദിവസവും പ്രവർത്തിച്ചു. കൂടാതെ കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ, കാപ്പെക്സ് എന്നിവയുടെ ബാങ്ക് ബാധ്യതയായ 10 കോടി രൂപ ഗവണ്മെന്റ് ഏറ്റെടുത്തു. ആ രംഗത്ത് കൂടുതൽ കാര്യങ്ങൾ ചെയ്യുന്നതിനെ സ്വാഗതം ചെയ്യുന്നു. പൊതു മേഖലയുടെ പുനരുദ്ധാരണത്തിനായി പറഞ്ഞിട്ടുള്ള പദ്ധതികളെല്ലാം യു.ഡി.എഫ്. ഗവണ്മെന്റ് അനുവർത്തിച്ചുവന്നിട്ടുള്ള നയംതന്നെയാണ്. പൊതുമേഖല ശക്തിപ്പെടുത്തുന്നതോടൊപ്പം സ്വകാര്യമേഖലയും ശക്തി പ്പെടുത്തണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഹജ്ജ് ഹൗസിനായി ഇൻഡ്യാ ഗവണ്മെന്റ് ഒന്നരക്കോടി രൂപ വാഗ്ദാനം ചെയ്തിരുന്നു. ഒരു കോടി രൂപ സംസ്ഥാന ഗവണ്മെന്റ് കൊടുക്കാൻ തീരുമാനിച്ചതാണ്. അതിന്റെ പണി പൂർത്തിയാക്കണം.

<u>ശ്രീ. എം.വി. ശ്രേയാംസ്കുമാർ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വി. എസ്. അച്ചുതാനന്ദൻ ഗവണ്മെന്റ് അഞ്ച് വർഷം ഭരിച്ചു കഴിയുമ്പോൾ ബംഗാളിൽ വന്നതിനേക്കാൾ നിക്ഷേപം സംസ്ഥാനത്ത് വരുമെന്ന കാര്യ ത്തിൽ സംശയമില്ല. പ്രോഗ്രസ്സീവായിട്ടുള്ള ബഡ്ജറ്റാണിത്. പരിമിതികൾക്കു ള്ളിൽനിന്നുകൊണ്ട് കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ശരിയായ രീതിയിൽ ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടുണ്ട്. സേവന-ക്ഷേമമേഖലകൾക്ക് ബഡ്ജറ്റിൽ കൂടുതൽ ഊന്നൽ നൽകുന്നു. അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ശാസ്ത്രീയമായ രീതിയിൽ എങ്ങനെ ലാഭകരമാക്കാ മെന്നുള്ള കാഴ്ചപ്പാട് ബഡ്ജറ്റിലുണ്ട്. കാർഷിക മേഖലയ്ക്ക് വളരെയധികം പ്രാധാന്യം നൽകിക്കൊണ്ട് കാർഷിക കമ്മീഷന്റെയും കടാശ്വാസ കമ്മീഷന്റെയും രൂപീകരണത്തിന് 156 കോടി

രൂപ വകയിരുത്തിയിട്ടുണ്ട്. പ്രതിസന്ധി നേരിടുന്ന കാർഷിക മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകേണ്ടത് ആവശ്യമാണ്. വരുമാനത്തിന്റെ സിംഹഭാഗവും നികുതികളിൽനിന്നും പ്രത്യേകിച്ച് പെട്രോളിയം ഉത്പന്നങ്ങളുടെ സെയിൽസ് ടാക്സിൽ നിന്നുമാണ് ലഭിക്കുന്നത്. ഈ ബഡ്ജറ്റിൽ അധികനികുതിഭാരം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ടാക്സ് നെറ്റ് വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ഇതിലുണ്ട്. സാമ്പത്തിക സ്ഥിതി വിലയിരുത്തുമ്പോൾ ഒരു ഫിസ്ക്കൽ ഡിസിപ്ലിൻ കേരളത്തിന് ആവശ്യമാണ്. അതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. വരുമാനം വർദ്ധിച്ചാൽ മാത്രമേ ക്ഷേമ മേഖലയിലെ ചെലവിന് പണം കണ്ടെത്താൻ സാധിക്കുകയുള്ളൂ. കേരളത്തിന്റെ പ്രത്യേക പരിതസ്ഥിതി പരിഗണിച്ച് സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഇനിയും വരേണ്ടതായിട്ടുണ്ട്. കാർഷികമേഖലയിൽ ഓർഗാനിക് ഫാമിംഗിന് കൂടുതൽ പ്രോത്സാഹനം നൽകണം. കുടുംബശ്രീക്ക് ധനസഹായം നൽകാനുള്ള നീക്കം സ്വാഗതാർഹമാണ്. അവരെ സഹായിക്കുന്നതിനായി അവരുടെ ഉത്പന്നങ്ങളിൽ 50% എങ്കിലും സർക്കാർ വിലയ്ക്കെടുത്ത് സർക്കാർ ആശുപത്രികൾ, സ്ക്കൂളുകൾ തുടങ്ങിയ മേഖലകളിൽ വിതരണം ചെയ്യണം. കെ.എസ്.ആർ.ടി.സി.ക്ക് വകയിരുത്തിയിട്ടുള്ള ധനസഹായം അപര്യാപ്തമാണ്. വയനാട്ടിൽ ഫുഡ് പ്രോസ്സസ്സിംഗ് യൂണിറ്റ് തുടങ്ങാനുള്ള നിർദ്ദേശമുണ്ട്. അതിന് 10 വർഷത്തേയ്ക്ക് ടാക്സ് ഹോളിഡേ പ്രഖ്യാപിക്കണം. ഭവനനിർമ്മാണമേഖലയിലും വൈദ്യുതി രംഗത്തും തുടർന്നും നേട്ടമുണ്ടാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും നിർദ്ദേശങ്ങളുണ്ടാകണം.

<u>പ്രൊഫ. എൻ. ജയരാജ്</u>: ബഡ്ജറ്റിനെ എതിർക്കുന്നു. കേരളത്തിന്റെ വികസന സങ്കല്പങ്ങൾക്ക് പുതിയ മുഖം നൽകുമെന്നാണ് ബഡ്ജറ്റിൽ പറയുന്നത്. കർശനമായ സാമ്പത്തിക നിയന്ത്രണം, റവന്യൂ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുക, കൂടുതൽ വായ്പകൾ ഏറ്റെടുക്കുക എന്നിവ യാണ് ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളത്. കർശനമായ സാമ്പത്തിക നിയന്ത്രണ ത്തിന്റെ ഭാഗമായി പുതിയ തസ്തികകൾ സൃഷ്ടിക്കാതെ നിലവിലുള്ളവയെ പുനർവിന്യാസം ചെയ്യുമെന്നാണ് പറയുന്നത്. തൊഴിലില്ലായ്മ രൂക്ഷമായി രിക്കുന്ന സംസ്ഥാനത്ത് തൊഴിലില്ലാത്ത ചെറുപ്പക്കാരെ വിസ്മരിച്ചു കൊണ്ടുള്ള നിർദ്ദേശമാണത്. ഓവർഹെഡ് എക്സ്പെൻഡിച്ചർ കുറയ്ക്കുന്ന കാര്യത്തിൽ ബഡ്ജറ്റ് മൗനം പാലിക്കുന്നു. നോൺപ്ലാൻ എക്സ്പെൻഡിച്ചർ കുറയ്ക്കുന്നതിന് കാര്യമായ നിർദ്ദേശങ്ങളില്ല. കേന്ദ്ര ഗവൺമെന്റിന്റെ റവന്യൂ വിഹിതത്തിൽ ഗണ്യമായ വർദ്ധനവുണ്ടായാൽ മാത്രമേ റവന്യൂ കമ്മി പൂർണ്ണമായി കുറയ്ക്കാൻ കഴിയൂ എന്നും അത് അപ്രായോഗികമാണെന്നും ബഡ്ജറ്റിൽ സൂചിപ്പിക്കുന്നു. നികുതി വർദ്ധനവ് സംസ്ഥാനത്തെ വിലക്കയറ്റത്തിലേയ്ക്ക് നയിക്കും. ആഡംബര വസ്തുക്കൾ എന്നു പറഞ്ഞിരിക്കുന്നതിൽ പലതും ഗാർഹിക ഉപഭോക്തൃ വസ്തുക്കളാണ്. ആഡംബര വസ്തുക്കൾക്കും നിർമ്മാണ വസ്തുക്കൾക്കും 20% നികുതി വർദ്ധിപ്പിച്ചത് ഇടത്തരക്കാരായ ആളുകളെ പ്രതികൂലമായി ബാധിക്കും. കേരളത്തിന്റെ കൺസംപ്ഷൻ പാറ്റേണിലുണ്ടായിട്ടുള്ള വ്യതിയാനം കണക്കിലെടുക്കാതെയാണ് ബഡ്ജറ്റിൽ നികുതി ചുമത്തിയിട്ടുള്ളത്. ചെക്ക്പോസ്റ്റുകളുടെ നിയന്ത്രണമാണ് നികുതി ചോർച്ച തടയുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം. സ്വർണ്ണാഭരണങ്ങളുടെ നികുതി നിരക്ക് നാല് ശതമാനമായി വർദ്ധിപ്പിക്കാനുള്ള തീരുമാനം സാധാരണക്കാരുടെ

ആചാരാനുഷ്ഠാനങ്ങളുടെയും സംസ്ക്കാരങ്ങളുടെയും നേരെയുള്ള കടന്നു കയറ്റമായിട്ടുമാത്രമേ കാണാൻ കഴിയുകയുള്ളൂ. വളരെ ക്രിയാത്മക മായിട്ടുള്ള നിർദ്ദേശങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. ബഡ്ജറ്റിൽ പറയുന്ന നിർദ്ദേശങ്ങൾ പ്രായോഗികമാക്കാൻ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരും. ആർ.ഐ.ഡി.എഫ്.ന്റെ പദ്ധതികൾ പ്ലാൻ ഫണ്ടിൽ നിന്നും മാറ്റാനുള്ള തീരുമാനം മാറ്റിയത് ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം വളരെ നല്ല നടപടിയാണ്.

ശ്രീ.റ്റി.യു.കുരുവിള: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വീടില്ലാത്തവർക്ക് വീട്, വൈദ്യുതി, കുടിവെള്ളം, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ജനകീയ ബഡ്ജറ്റാണിത്. കേരളത്തെ പുരോഗതിയിലേയ്ക്ക് നയിക്കുന്ന ഈ ബഡ്ജറ്റിൽ കടക്കെണിയിലായ കർഷകരെ ഉദ്ധരിക്കുന്നതിനുവേണ്ടിയുള്ള പല നിർദ്ദേശങ്ങളുമുണ്ട്. വാനില, ഏലം എന്നീ കൃഷികളാണ് ഇപ്പോൾ ഏറ്റവും കൂടുതൽ പ്രതിസന്ധിയെ നേരിടുന്നത്. ഏലത്തിന് ഇപ്പോൾ വില വളരെ കുറഞ്ഞിരിക്കുകയാണ്. കേരളം, കർണാടക, തമിഴ്നാട് എന്നിവിടങ്ങളിലാണ് ഏലം കൂടുതലും കൃഷിചെയ്യുന്നത്. വിലനിശ്ചയിക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങളുമായി ഏകോപനമുണ്ടാക്കുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കണം. വാനില യുടെ വില 3000 രൂപയിൽനിന്നും 200 രൂപയായി കുറഞ്ഞിരിക്കുന്നത് കൃഷിക്കാരെ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി വാനിലയ്ക്ക് നല്ല വില കിട്ടുന്നതിനുള്ള ഒരു നയം രൂപീകരിക്കണം. സംസ്ഥാനത്തിന്റെ പുരോഗതിക്ക് ടൂറിസം കേന്ദ്രങ്ങളെ തമ്മിൽ യോജിപ്പിച്ചുകൊണ്ടുള്ള റോഡുകളുണ്ടാക്കണം.

<u>ശ്രീ. തോമസ് ചാണ്ടി:</u> ബഡ്ജറ്റിനെ എതിർക്കുന്നു. വിദേശ മലയാളി കളുടെ കുട്ടികളിൽനിന്ന് വിദ്യാഭ്യാസത്തിന് ആറിരട്ടി ഫീസ് വാങ്ങാനുള്ള നീക്കം പ്രതിഷേധാർഹമാണ്. അവരോട് ഗവൺമെന്റ് നീതി കാണിക്കണം. ആറിരട്ടി എന്നുള്ളത് മൂന്നിരട്ടിയെങ്കിലുമാക്കി കുറയ്ക്കണം. വ്യവസായ ത്തിന്റെ നട്ടെല്ലായ ടൂറിസം മേഖലയെ തളർത്തരുത്. മൂന്ന് ജില്ലകളിൽ മാത്രമാണ് ഹൗസിംഗ് ബോട്ടുകളുള്ളത്. അവർക്ക് കോംപൗണ്ടിംഗ് ടാക്സ് കൂട്ടിയാൽ ആ വ്യവസായം നിന്നുപോകും അതുകൊണ്ട് ടൂറിസം വ്യവസായത്തോടും വിദേശ മലയാളികളോടും നീതി കാണിക്കണം.

<u>ശ്രീ. പി. സി. ജോർജ്:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ദുർബ്ബല ജനവിഭാഗങ്ങളുടെ പിന്തുണയോടുകൂടി അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കുന്ന നിർദ്ദേശങ്ങളാണ് ഈ ബഡ്ജറ്റിലുള്ളത്. അംഗൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും ഒരേ നിരക്കിലാണ് മുൻകാലങ്ങളിൽ തുക വർദ്ധിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് ഹെൽപ്പർമാർക്ക് 75 രൂപ എന്നുള്ളത് 150 രൂപയാക്കണം. റബ്ബറിന് മൂന്നുമാസം തുടർച്ചയായി 100 രൂപയിൽക്കൂടുതൽ വിലയുണ്ടായാൽ ഏക്കറേജ് അടിസ്ഥാനത്തിൽ വാർഷിക സെസ്സ് ഏർപ്പെടുത്തണമെന്നുള്ള നിർദ്ദേശം ബഡ്ജറ്റിൽനിന്നും നീക്കം ചെയ്യണം. അതുപോലെ കടാശ്വാസ കമ്മീഷനിൽ ബാങ്ക് ഉദ്യോഗസ്ഥരേയും ഐ.എ.എസ്.കാരേയും കൂടാതെ കർഷകരുടെ ഒരു പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തണം. ശമ്പളം കുറവായതിനാൽ ഗവൺമെന്റ് ആശുപത്രികളിൽ ഡോക്ടർമാരെ കിട്ടാനില്ല. അതുകൊണ്ട് ഡോക്ടർമാർക്ക് മിനിമം 15,000 രൂപയെങ്കിലും ശമ്പളം കൊടുത്ത് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കാനുള്ള നടപടിയുണ്ടാകണം. കാർഷിക കടാശ്വാസ കമ്മീഷനിൽ

കർഷക പ്രാതിനിധ്യം വേണം.കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനായി സഹകരണ മേഖലയ്ക്ക് തുക അനുവദിക്കണം. കേരളത്തിൽ സിമന്റ് ഒരു ചാക്കിന് 220-രൂപ വിലയുള്ളപ്പോൾ ഉല്പാദന സ്ഥലത്തുനിന്നും 350 കി.മീറ്റർ അകലെയുള്ള ചെന്നൈയിൽ 195-200 രൂപയാണ് വില. ധനകാര്യ വകുപ്പുമന്ത്രി ഇടപെട്ട് സംസ്ഥാനത്ത് 190 രൂപയ്ക്കെങ്കിലും സിമന്റ് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. അത് സാധ്യമായില്ലെങ്കിൽ സിമന്റ് ഉൽപ്പാദിപ്പിക്കുന്ന കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ പുഷ്ടിപ്പെടുത്തി സിമന്റ് വില കുറച്ച് നൽകുന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കണം.

<u>ശ്രീ.കെ.ടി.ജലീൽ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സോഷ്യലിസ്റ്റേതര ചട്ടക്കൂടിൽനിന്നുകൊണ്ട് സോഷ്യലിസ്റ്റ് സമൂഹത്തിന്റെ സൃഷ്ടിപ്പ് എങ്ങനെ സാധ്യമാക്കാം എന്ന ശക്തമായ ആലോചനയുടെ ചുവടുവയ്പാണ് ഈ ബഡ്ജറ്റ്. സേവന മേഖലയ്ക്ക് ഈ ബഡ്ജറ്റ് പ്രാമുഖ്യം നൽകിയിട്ടുണ്ട്. വികസനത്തിന്റെ ജനപക്ഷ വ്യാഖ്യാനം സാർത്ഥ മാക്കുന്ന തിനുള്ള ശക്തമായ ശ്രമമാണ് ഈ ബഡ്ജറ്റിലുള്ളത്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച നടപടികൾ സ്വാഗതാർഹമാണ്. കാർഷിക മേഖലയെ പുനരുദ്ധരിക്കാൻ 175 കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത്. നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിലൂടെ 50,000-ത്തോളം പേർക്ക് തൊഴിൽ ലഭ്യമാകുന്ന സാഹചര്യമുണ്ടാകുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടി 40 കോടി രൂപയാണ് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്. തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിന് ഇത് സഹായിക്കും. ഐ.ടി.-ടൂറിസം മേഖലയ്ക്ക് 77

കോടിരൂപയും സമഗ്ര തീരദേശ വികസനത്തിന് 3000 കോടിരൂപയും വകയിരുത്തിയിട്ടുണ്ട്. വിപുലമായ അധികാരങ്ങളാണ് കാർഷിക കടാശ്വാസ കമ്മീഷന് നൽകിയിട്ടുള്ളത്. തിരൂർ, പൊന്നാനി താലൂക്കുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഉതകുന്ന ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിക്കുവേണ്ടി 3 കോടിരൂപയും ഹജ്ജ് ഹൗസിന് 25 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്. മാപ്പിള കലകളുടെ പ്രോൽസാഹനത്തിനുവേണ്ടി സ്ഥാപിക്കുന്ന മാപ്പിള കലാ അക്കാദമിക്കായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരത്തെ ടൂറിസം വികസന സാധ്യതയെ സംബന്ധിച്ച് പഠനം നടത്തുമെന്നത് നല്ല കാര്യമാണ്. അഗതി മന്ദിരങ്ങളിൽ താമസിക്കുന്ന അസംഘടിതരും നിരാലംബരും ശബ്ദമില്ലാത്തവരുമായ വർക്ക് നൽകിയിരുന്ന ഗ്രാന്റ് വർദ്ധിപ്പിക്കുന്നതോടൊപ്പം പ്രവാസികൾക്ക് ക്ഷേമനിധിയും ഏർപ്പെടുത്തണം.

<u>ശ്രീ. എം. എം.മോനായി.</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനാധിപത്യത്തിൽ ഉത്തരവാദത്തോടെ പെരുമാറേണ്ട പ്രതിപക്ഷം പലപ്പോഴും നിഗൂഢമായ താൽപര്യങ്ങൾക്കുവേണ്ടി പ്രവർത്തിച്ചവരാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന ബഡ്ജറ്റിൽ അർത്ഥശൂന്യമായ പ്രഖ്യാപനങ്ങൾ നടത്തിയതിലൂടെ ജനങ്ങളോടു് അൽപംപോലും ഉത്തരവാദിത്വമില്ല എന്ന് തെളിഞ്ഞിരിക്കുന്നു. ഇപ്പോൾ അവർ കേരളത്തെ മുന്നോട്ടു നയിക്കുന്നതിന് തടസ്സം നില്ക്കുകയാണ്. റബ്ക്കോയ്ക്ക് കൂടുതൽ സഹായം നൽകിക്കൊണ്ട് സഹകരണ മേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകണം. സഹകരണ മേഖലയിൽ ഉപയോഗിക്കാതിരിക്കുന്ന പണം ആ മേഖലയുടെ വികസനത്തിനു് ഉപയോഗിക്കണം. തകർച്ച നേരിടുന്ന കാർഷിക സഹകരണ സംഘങ്ങളെ രക്ഷിക്കുന്നതിന് നടപടി ഉണ്ടാകണം. സ്വകാര്യ ബാങ്കുകളിലെ

നിക്ഷേപ ങ്ങൾക്ക് സുരക്ഷ ഏർപ്പെടുത്തണം. 2005–06ലെ ഏറ്റവും നല്ല കരകൗശല വിദഗ്ദ്ധനെ ആദരിക്കണം.

ശ്രീമതി കെ എസ്. സലീഖ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിലെ ഭൂരിഭാഗം വരുന്ന ജനത അംഗീകരിച്ച ഒരു ബഡ്ജറ്റിനെ അപ്പുറത്തിരിക്കുന്നവർ എതിർക്കുന്നത് പ്രതിപക്ഷം എന്ന ഒറ്റ കാരണം കൊണ്ടുമാത്രമാണ്. മോശപ്പെട്ട ഒരു സമ്പദ്ഘടനയായിരുന്നു യു.ഡി.എഫിന്റെ കാലത്തുണ്ടായിരുന്നത്. കഴിഞ്ഞ ഗവൺമെന്റ് അധികാരത്തിൽ വന്ന് അഞ്ച് വർഷത്തിനുള്ളിൽ പൊതുകടം 90 ശതമാനം വർദ്ധിച്ചു. കടമെടുത്ത പണം ഏത് മേഖലയിലാണ് വിനിയോഗിച്ചതെന്നറിയാൻ ജനങ്ങൾക്ക് അവകാശമുണ്ട് വികസനങ്ങളുടെ പേരിൽ സംസ്ഥാനം കൊള്ളയടിക്കപ്പെടുകയായിരുന്നു. സംസ്ഥാനത്തിന് എടുക്കാവുന്ന വായ്പയുടെ തോത് കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചിട്ടും പല പദ്ധതികൾക്കും ഈ ബഡ്ജറ്റിൽ തുക കണ്ടെത്തിയിട്ടുണ്ട്. സംപദ്ഘടന മെച്ചപ്പെടുത്തുന്ന മികച്ച നയപരിപാടികളുമായി ഈ സർക്കാർ മുന്നോട്ടുപോവുകയാണ്. ചെലവു ചുരുക്കിയതുകൊണ്ട് മാത്രമല്ല വരുമാനം കൂട്ടിയാലേ വികസനമുണ്ടാകൂ എന്ന ബഡ്ജറ്റ് നിർദ്ദേശം വളരെ നല്ലതാണ്. യു.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപിച്ച പല വാഗ്ദാനങ്ങളും ഇപ്പോൾ എൽ.ഡി.എഫിന് ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്ത് വളരെയധികം സ്ത്രീപീഡനങ്ങളുണ്ടായിട്ടുണ്ട്. സ്ത്രീപീഡനക്കേസ്, ചന്ദന മാഫിയ കേസ് തുടങ്ങിയവയ്ക്കു വേണ്ടി സർക്കാർ ഖജനാവിലെ പണം ചെലവഴിക്കുകയായിരുന്നു. ഇക്കാരണങ്ങൾ കൊണ്ടുതന്നെ സാംസ്ക്കാരിക കേരളത്തിന്റെ നിലവാരം വളരെ താഴ്ന്നു. സ്ത്രീകളോടുള്ള സമീപനം കൊണ്ടുതന്നെയാണ് ഒരു വനിതാപ്രതിനിധിയെപ്പോലും നിയമസഭയിൽ കൊണ്ടുവരാൻ

പ്രതിപക്ഷത്തിനു സാധിക്കാതിരുന്നത്. ചില വ്യക്തി താൽപ്പര്യങ്ങൾക്കു വേണ്ടി ഓർഡിനൻസിലൂടെ വനിതാ കമ്മിഷനെ പിരിച്ചുവിട്ടു. വനിതാ കമ്മിഷനെ പുനരുജ്ജീവിപ്പിച്ച് അതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തണം. വിഭാഗീയ താൽപര്യംമൂലം വനിതാ കോർപ്പറേഷനെയും വികലാംഗ കോർപ്പറേഷനെയും നിശ്ചലമാക്കി. കോടിക്കണക്കിന് ബിനാമി ലോണുകൾ നൽകി വനിതാ വികസന കേർപ്പറേഷന്റെ പ്രവർത്തനം മുരടിപ്പിച്ചവർക്കെതിരെ നടപടി ഉണ്ടാകണം. വിധവാ പെൻഷൻ വർദ്ധിപ്പിക്കണം. അംഗനവാടി ടീച്ചേഴ്സിന്റെയും ഹെൽപ്പേഴ്സിന്റെയും ശമ്പളം വർദ്ധിപ്പിക്കണം. സ്ത്രീജനങ്ങൾക്ക് സുരക്ഷ ഉറപ്പു വരുത്തണം. വനിതാക്ഷേമത്തിന് ഒരു വകുപ്പ് കൊണ്ടുവരുമെന്നുപറഞ്ഞത് നല്ലതാണ്. വനിതകളുടെ ക്ഷേമം മുൻനിർത്തി രൂപം നൽകിയിട്ടുള്ള ധാരാളം പദ്ധതികളിൽ എടുത്തു പറയാവുന്ന ഒന്നാണ് ജെൻഡർ ആഡിറ്റിംഗ്. വിവിധ മേഖലകളിലുള്ള സ്ത്രീ പങ്കാളിത്തവും പ്രാതിനിധ്യവും ഇത്തരം ആഡിറ്റിംഗിലൂടെ മനസ്സിലാക്കാനും കുറവുകൾ കണ്ടെത്തി പരിഹാരം കാണാനും കഴിയണം. ജനങ്ങളുടെ ക്ഷേമം നടപ്പിലാക്കാൻവേണ്ടി ഒരു വകുപ്പ് കൊണ്ടുവരുമെന്ന സർക്കാർ നിലപാട് സ്വാഗതാർഹമാണ്. സാർവ്വത്രികമായി ഒരു വിഭാഗത്തിന്റെ കൈകളിൽ മാത്രമായിരുന്ന ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ളബുകളുടെ പ്രവർത്തനത്തിൽ മാറ്റം വരുത്തുന്നതിനുവേണ്ടി സ്ത്രീകളെക്കൂടി പങ്കാളികളാക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടി 60 കോടി രൂപ മാറ്റിവച്ചിരിക്കുന്നതിൽ ഏറ്റവും കൂടുതൽ ഗുണം ലഭിക്കുന്നത് സ്ത്രീകൾക്കും കുട്ടികൾക്കുമാണെന്നുള്ളത് വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള 70,000-ത്തോളം മഹിളാ സ്വസ്ത് സംഘം പ്രവർത്ത

കരിൽ 7,594-ഓളം പേർക്കുമാത്രം 200 രൂപവച്ച് ഉത്സവബത്ത കൊടുക്കുന്ന സംവിധാനം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിരുന്നു. അത് മാറ്റി ആ മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ സ്ത്രീകൾക്കും ആനുകൂല്യം കൊടുക്കാനുള്ള നടപടികൂടി ബഡ്ജറ്റിൽ ഉൾപ്പെടുത്തണം. കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം വിപുലീകരിക്കുന്ന നടപടിയും അവരുടെ ഉൽപ്പന്നങ്ങൾക്ക് നികുതിയിളവ് പ്രഖ്യാപിച്ചതും പ്രശംസ നീയമാണ്. യു.ഡി.എഫ്. ഗവൺമെന്റ് പ്രൈവറ്റ് ഇൻഷ്വറൻസ് കമ്പനിയുമായുണ്ടാക്കിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സ്ത്രീകൾ വഞ്ചിക്കപ്പെടുകയാണ് ചെയ്തത്. ലക്ഷംവീട് പുനരുദ്ധരിക്കാനുള്ള പ്രകടനപത്രികയിലെ വാഗ്ദാനം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതും വൈദ്യുത മേഖലയെ പൊതു മേഖലയിൽത്തന്നെ നിലനിർത്തുമെന്നുള്ള തീരുമാനവും 5 ലക്ഷം പേർക്ക് ഈ വർഷം വൈദ്യുതി കണക്ഷൻ കൊടുക്കുമെന്നുള്ള തീരുമാനവും സ്വാഗതാർഹമാണ്. രാജ്യത്തിന്റെ വികസനം സാക്ഷാത്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ എം.എൽ.എ. ഫണ്ട് ചുരുക്കിയ നടപടി ഏറ്റവും നല്ല തീരുമാനമാണ്. അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ട് അവർക്ക് കൊടുക്കുന്ന ഫണ്ട് ഏറ്റവും നല്ല രീതിയിൽ ചെലവഴിക്കുന്നതിനുവേണ്ടി അവരെ എങ്ങനെ സഹായിക്കാമെന്നുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു യു.ഡി.എഫ്. ഗവൺമെന്റിന് മാർക്കറ്റിലിടപെടാൻ കഴിഞ്ഞതിനാലാണ് റബ്ബറിന് വില കൂടിയതെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ അടയ്ക്ക, കുരുമുളക്, തേങ്ങ തുടങ്ങിയവയ്ക്ക് മാർക്കറ്റിൽ വിലയിടിവുണ്ടായപ്പോൾ അതിന്റെയും ഉത്തരവാദികളായി യു.ഡി.എഫ്. ഗവൺമെന്റ് മാറണം. കാർഷിക കടാശ്വാസ കമ്മിഷൻ നടപ്പിലാക്കാൻ ലക്ഷ്യമിട്ടത് ഏറ്റവും ഉചിതമായ നടപടിയാണ്. യു.ഡി.എഫ്.

ഗവൺമെന്റ് അധികാരമേറ്റെടുത്ത ഉടൻ എടുത്ത തീരുമാനങ്ങളിലൊന്ന് 500 കോടി രൂപയുടെ പാക്കേജ് കർഷകർക്ക് കൊടുക്കുമെന്നുള്ളതാണ്. അത് നടപ്പിലാക്കാൻ കഴിയാതെ ജലരേഖയായി നിൽക്കുകയാണ്. ഒരു മാന്ത്രികവ ടികൊണ്ട് ഈ രാജ്യത്തിലെ സാമ്പത്തിക പ്രതിസന്ധിക്കും പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ കഴിയില്ല. നികുതി പിരിവിനോട് എല്ലാവരും യോജിക്കുന്നു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത് പാലക്കാട് ജില്ലയിൽ ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈയിൽ പാർക്കും വ്യവസായ ടൗൺഷിപ്പ് അതോറിറ്റിയും സ്ഥാപിക്കാനുള്ള നിർദ്ദേശവും ഫയർ ഫോഴ്സിന്റെ പുതിയ ഡിവിഷൻ തുടങ്ങാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. ശ്രീകൃഷ്ണപുരത്ത് മീൻവല്ലത്തെ മൈക്രോജലവൈദ്യുത പദ്ധതി ആർ.ഐ.ഡി.എഫ്. സഹായ ത്തോടുകൂടി നടപ്പിലാക്കുമെന്ന നിർദ്ദേശത്തെ സ്വാഗതം ചെയ്യുന്നു. തികച്ചും ജനകീയവും കാലികപ്രസക്തവും ശരിയായ ധനകാര്യ മാനേജ്മെന്റിലൂന്നി സമസ്ത ജനവിഭാഗങ്ങളുടെയും ആദരവും പ്രശംസയും പിടിച്ചുപറ്റിയ ബഡ്ജറ്റാണിത്.

<u>ശ്രീ. എ. കെ. ചന്ദ്രൻ</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സമൂഹ ത്തിലെ സാമൂഹ്യ പ്രതിബദ്ധത ഏറ്റെടുത്തുകൊണ്ട് അത് പരമാവധി നിർവ്വ ഹിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ബഡ്ജറ്റാണിത്. ഭൂരിപക്ഷം ജന ങ്ങളുടെയും താൽപ്പര്യങ്ങൾ ഉൾക്കൊള്ളുന്നതും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തെരഞ്ഞെടുപ്പ് കാലത്ത് നൽകിയ വാഗ്ദാനങ്ങൾ ഒന്നൊന്നായി നടപ്പിലാക്കുന്നതിന്, സമസ്ത മേഖലകൾക്കും ഊന്നൽ നൽകി ക്കൊണ്ടുള്ളതുമാണ് ഈ ബഡ്ജറ്റ്. കഴിഞ്ഞ 5 വർഷം കേരളത്തിലെ സമസ്ത മേഖലയിലേയും ജനങ്ങൾ ജനദ്രോഹ ഭരണത്തിന്റെ ദുരിതങ്ങളും ദുരന്തങ്ങളും അനുഭവിക്കുകയായിരുന്നു. കാർഷിക പരമ്പരാഗത മേഖലകളെ

പുനരുദ്ധരിപ്പിക്കാനുള്ള നിർദ്ദേശങ്ങളെയും ആ മേഖലയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ള ഫണ്ടിനെയും സ്വാഗതം ചെയ്യുന്നു. കശുവണ്ടി, കൈത്തറി, ബീഡി, ചെത്ത്, മത്സ്യബന്ധനം തുടങ്ങിയ മേഖലകളെ പുനരുദ്ധരിക്കാൻ കൊണ്ടുവന്നിട്ടുള്ള പദ്ധതികളിൽ ഓട്, കല്ലോര എന്നീ വ്യവസായങ്ങളെക്കൂടി ഉൾപ്പെടുത്തണം. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ സങ്കൽപ്പങ്ങളെ തകർത്തെറിഞ്ഞുകൊണ്ടായിരുന്നു കഴിഞ്ഞ 5 വർഷത്തെ ഭരണമെങ്കിൽ ആ സങ്കൽപ്പങ്ങൾ സാക്ഷാത്കരിക്കാനാവശ്യമായ ഫണ്ട് കണ്ടെത്തിയതിനെ പ്രശംസിക്കുകയാണ് പണമുള്ളവർ മാത്രം ചികിത്സിക്കുകയും പഠിക്കുകയും ചെയ്തിരുന്ന ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ നിരവധി പദ്ധതികൾക്ക് രൂപം നൽകുകയും ഫണ്ട് നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ അജണ്ടയിലില്ലായിരുന്ന ക്ഷേമപദ്ധതികൾക്ക് പണം വകയിരുത്തിയിട്ടുണ്ട്. പാവപ്പെട്ട കർഷകത്തൊഴിലാളികളുൾപ്പെടെയുള്ള സമൂഹത്തെ തീറ്റിപ്പോറ്റാനും കുടിശ്ശികകൾ തീർത്തുകൊടുക്കാനും ആവശ്യമായ ഫണ്ട് കണ്ടെത്തണം. മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പ്രവർത്തനമാരംഭിച്ച കല്ലേറ്റുംകരയിലെ കാലിത്തീറ്റ കമ്പനിയുടെ പണി പൂർത്തീകരിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും പഴം-പച്ചക്കറി, കോഴിത്തീറ്റ ഫാക്ടറികളുടെ പൂർത്തീകരണം നടപ്പിലാക്കാൻ കഴിഞ്ഞില്ല. പൊയ്യയിലാരംഭിച്ച പഴം-പച്ചക്കറി സംസ്കരണ യൂണിറ്റിന്റേയും കുഴൂർ പഞ്ചായത്തിൽ നിർമ്മാണം തുടങ്ങിവച്ച കോഴിത്തീറ്റ ഫാക്ടറിയുടേയും പണികൾ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിക്കണം. മാളയിലെ ജലക്ഷാമവും ഉപ്പുവെള്ള ഭീഷണിയും പരിഹരിക്കാനുള്ള നടപടിയുണ്ടാകണം. അതിരപ്പിള്ളിയെക്കൂടി ടൂറിസം മേഖലയിൽ ഉൾപ്പെടുത്തണം. കഴിഞ്ഞ ഗവൺമെന്റ് കോഴിക്ക് 4 ശതമാനത്തിൽനിന്ന് 12 ശതമാനമായി

ഉയർത്തിയ നികുതി പിൻവലിക്കണം. കേബിൾ ടി.വി.യ്ക്കും, പെയിന്റ് പോലെയുള്ള ഉൽപ്പന്നങ്ങൾക്കും നിർദ്ദേശിച്ച നികുതിയും ഒഴിവാക്കണം.

ശ്രീ. എ. സി. മൊയ്തീൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സാമൂഹ്യ നീതി ഉറപ്പ് നൽകുന്ന, സമഗ്രവികസനത്തിനുവേണ്ടിയുള്ള ആശാവഹമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ ബഡ്ജറ്റ്. കഴിഞ്ഞ ഗവൺമെന്റ് പദ്ധതി വിഹിതങ്ങൾ വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്. ശമ്പളപരിഷ്കരണത്തിനാവശ്യമായ തുകയും കർഷകത്തൊഴിലാളി പെൻഷനുള്ള തുകയും നീക്കിവച്ചിട്ടില്ലായിരുന്നു. കേരളത്തിന്റെ സമ്പദ്ഘടന ഗുരുതരമായ അവസ്ഥയിലാണെന്ന് സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്നുണ്ട്. സാധാരണക്കാരെ ദ്രോഹിക്കാതെ റവന്യൂ വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ ഈ ബഡ്ജറ്റിൽ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ പുരോഗതിക്കായി പ്രഖ്യാപിച്ച പദ്ധതികൾക്കാവശ്യമായ പണം സമാഹരിക്കാൻവേണ്ടി ഏറെ സൗകര്യമുള്ള ആളുകളിൽ നിന്നും കുറച്ച് നികുതി പിരിച്ച് കേരളത്തെ മുന്നോട്ട് നയിക്കുക എന്ന കാഴ്ചപ്പാടാണ് ഈ ബഡ്ജറ്റിലുള്ളത്. കഴിഞ്ഞ ഗവൺമെന്റ് തുക വകയിരുത്താതെപോയ ശമ്പള കുടിശ്ശികയ്ക്കും മറ്റാനുകൂല്യങ്ങൾക്കുംവേണ്ടി ഈ ഗവൺമെന്റ് പണം കണ്ടെത്തുകയാണ്. വരൾച്ചയും വെള്ളപ്പൊക്കവും നേരിടാൻ ഈ ഗവൺമെന്റ് ഫലപ്രദമായി പ്രവർത്തിച്ചു. ഒഴിവുള്ള എഴുപത്തയ്യായിരം പോസ്റ്റുകളിലും നിയമനം നടത്തുമെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിക്കുകയും തൊഴിലില്ലാത്ത ചെറുപ്പക്കാരോട് പ്രതിബദ്ധത പുലർത്തുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും നിയമനം നടത്തിയിരുന്നില്ല; .മരുന്നും ലഭ്യമായിരുന്നില്ല. കഴിഞ്ഞ ഗവൺമെന്റ്

കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനമാകെ തകർത്തിരുന്നു. പൊതുജനാരോഗ്യ മേഖലയെ സംരക്ഷിക്കാനുള്ള നിലപാട് ഈ ഗവൺമെന്റ് സ്വീകരിക്കുകയാണ്. ആരോഗ്യ മേഖലയിൽ മാതൃകാ ആശുപത്രികളുടെ പ്രഖ്യാപനമുൾപ്പെടെയുള്ള കാര്യങ്ങൾ നടക്കുകയാണ്. മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താനും സ്റ്റാഫിന്റെ നിയമനത്തിനാവശ്യമായ തുക വക യിരുത്താനും മുൻഗണന നൽകുന്ന ബഡ്ജറ്റാണിത്. കോട്ടയം, തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളുടെ വികസനത്തിന് 17 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. തൃശൂർ മെഡിക്കൽ കോളേജിൽ സി.ടി. സ്കാനർ വാങ്ങുന്നതിനാവശ്യമായ തുക നീക്കിവച്ചിട്ടുണ്ട്. തൃശൂർ മെഡിക്കൽ കോളേജിന്റെ വികസനത്തിന് ഇനിയും കൂടുതൽ തുക വകയിരുത്തണം. ആശുപത്രികൾക്കുവേണ്ടി പണം ചെലവഴിക്കുമ്പോൾ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തിട്ടായാലും ആവശ്യമായ സ്റ്റാഫിനെക്കൂടി കൊടുക്കാൻ നടപടിയുണ്ടാകണം. ശമ്പളപരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശ യുടെ ഭാഗമായി ഡോക്ടർമാരുടെ ശമ്പളസ്കെയിലിൽ വന്നിട്ടുള്ള അപാകത പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പണം എങ്ങനെ തിരിച്ചുപിടിക്കാമെന്നാണ് കഴിഞ്ഞ ഗവൺമെന്റ് നോക്കിയിരുന്നതെങ്കിൽ ഈ ഗവൺമെന്റ് ഈ സംഖ്യ ചെലവഴിക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളെ സഹായിക്കാനാണുദ്ദേശി ക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭരണം ഏകോപിപ്പിക്കാൻ വകുപ്പുകളുടെ സംയോജനം നടന്നുകഴിഞ്ഞു. ഈ ഗവൺമെന്റ് ഡി.ആർ.ഡി.എ.കളെ ജില്ലാ പഞ്ചായത്തുകളിൻ കീഴിൽ കൊണ്ടുവന്നു. ജനകീയാസൂത്രണത്തിൽ വന്നിട്ടുള്ള കുറവുകൾ പരിഹരിച്ച് അധികാര വികേന്ദ്രീകരണ സങ്കൽപ്പം യാഥാർത്ഥ്യമാക്കാനും പ്രാദേശിക

ഗവൺമെന്റുകളെ ശക്തിപ്പെടുത്താനും ഭരണത്തിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാനും വേണ്ടിയുള്ള ശ്രമങ്ങളാണ് ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിട്ടുള്ളത്. ആർ.ഐ.ഡി.എഫ്. പദ്ധതിക്ക് അനുവദിക്കുന്ന പണം സർക്കാർ കൊടുക്കുന്ന ഗ്രാന്റുമായി ക്ലബ് ചെയ്യുമ്പോൾ പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ സാധിക്കാതെ പഞ്ചായത്തുകൾ ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്നു. ഇത് പദ്ധതികൾ ആവിഷ്കരിക്കുന്നതിനെ തടസ്സപ്പെടുത്തുകയാണ് ചെയ്തത്. പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള പുതിയ ശ്രമങ്ങളെ അഭിനന്ദിക്കുന്നു. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയാക്കുമെന്നുമുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ.ഉമ്മൻചാണ്ടി) ബഡ്ജറ്റിനെ എതിർക്കുന്നു. ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച പുതിയ പദ്ധതികളെ എതിർക്കുന്നില്ല; നല്ല കാര്യമായിട്ടാണ് അതിനെ കാണുന്നത്. പക്ഷേ അത് നടപ്പിലാക്കാൻ സാധിക്കുമോ എന്നതിൽ സംശയമുണ്ട്. ബഡ്ജറ്റിൽ പറയുന്ന കണക്കുകൾക്ക് വ്യക്തത ഉണ്ടായിരിക്കണം. നികുതി ഒഴിവാക്കിയതുകൊണ്ടുണ്ടാകുന്ന നഷ്ടം എട്ട് ഐറ്റത്തിന് കോണ്ടിഫൈ ചെയ്തിട്ടില്ല. അധിക വരുമാനമായി പറഞ്ഞിരിക്കുന്നത് 105 കോടി രൂപയാണെങ്കിലും ബഡ്ജറ്റ് രേഖയിൽ കാണുന്നത് 738.18 കോടി രൂപയാണ്. ഇതിൽ സ്റ്റാമ്പിനും രജിസ്ട്രേഷനുംകൂടി 419 കോടി രൂപയാണ്. അത് പിരിച്ചെടുക്കാൻ സാധിക്കുമോയെന്ന് നിയമസഭയിൽ പ്രഖ്യാപനം നടത്താതെയാണ് എം.എൽ.എ. ഫണ്ടിന് തുക കുറച്ചിരിക്കുന്നത്. ബഡ്ജറ്റ് പ്രസംഗത്തിന്റെ മലയാളം പതിപ്പിലുള്ള വാചകങ്ങളിൽ പലതും ഇംഗ്ളീഷ് പതിപ്പിലില്ലാത്തതിനാൽ ഏതാണ് സ്വീകരിക്കേണ്ടതെന്ന് പറയണം. സംസ്ഥാനത്തിന്റെ

സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ഒരു ധവളപത്രം പുറപ്പെടുവിക്കണം. 2005–2006 സാമ്പത്തിക വർഷത്തിൽ വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിരിക്കുന്നത് 195 ദിവസവും ഓവർ ഡ്രാഫ്റ്റ് 47 ദിവസവുമാണ്. സർക്കാർ ജീവനക്കാർക്ക് ഡി.എ.കൊടുക്കുന്നതിനുവേണ്ടി 165 കോടി രൂപ യു.ഡി.എഫ് സർക്കാർ നീക്കിവച്ചിട്ടും ഈ ബഡ്ജറ്റിൽ ഡി.എ. കുടിശ്ശിക കൊടുക്കുമെന്ന് പറഞ്ഞിട്ടില്ല. ഈ ബഡ്ജറ്റിൽ വ്യക്തമായ ദിശാബോധം കാണുന്നില്ല. സാമ്പത്തിക വളർച്ചാനിരക്ക് എങ്ങനെ മുന്നോട്ടുകൊണ്ടു പോകണമെന്ന് ബഡ്ജറ്റിൽ പറയുന്നില്ല. യു.ഡി.എഫ്. തുടങ്ങിവച്ച ആശ്രയ സ്കീമിനെക്കുറിച്ച് ബഡ്ജറ്റിൽ ഒന്നും പറയുന്നില്ല. അംഗനവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും യഥാക്രമം 150 രൂപയും 75 രൂപയും വർദ്ധിപ്പിച്ചു നൽകുമെന്നു പറഞ്ഞിരിക്കുന്നത് യു.ഡി.എഫ്. ഗവൺമെന്റ് രണ്ട് പ്രാവശ്യമായി വർദ്ധിപ്പിച്ച 100 രൂപയ്ക്കു പുറമേയാണോയെന്ന് വ്യക്തമാക്കണം. കേരള സംസ്ഥാനം കൈവരിച്ച 9.2% സാമ്പത്തിക വളർച്ചയെ സംബന്ധിച്ച് ബഡ്ജറ്റിൽ ഒന്നും പറഞ്ഞിട്ടില്ല. കാർഷിക വ്യാവസായിക രംഗങ്ങളിൽ വളർച്ചയുണ്ടാകണമെങ്കിൽ സ്വകാര്യ നിക്ഷേപം ഉണ്ടാകണം. പരമ്പരാഗത വ്യവസായത്തിന് ബഡ്ജറ്റിൽ കൂടുതൽ ഊന്നൽ നൽകിയിട്ടുള്ളതിനെ സ്വാഗതം ചെയ്യുന്നു. കാർഷിക രംഗത്ത് രണ്ട് കമ്മിഷനുകളെ നിയമിക്കുമെന്നു പറഞ്ഞത് സാക്ഷാൽക്കരിക്കപ്പെടുമെങ്കിൽ അതിനെയും സ്വാഗതം ചെയ്യുന്നു. 4% പലിശക്ക് കാർഷിക ലോൺ കൊടുക്കുമെന്ന് സഹകരണ വകുപ്പുമന്ത്രി പറഞ്ഞത് കേന്ദ്ര ധനകാര്യമന്ത്രി കാർഷിക വായ്പാപലിശ രണ്ടര ശതമാനമായി കുറയ്ക്കുമെന്നു പറഞ്ഞ തിന്റെ അടിസ്ഥാനത്തിലാണ്. പരമ്പരാഗത വ്യവസായ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും തൊഴിലാളികളെ സംരക്ഷിക്കാൻ

നടപടി സ്വീകരിക്കുകയും ചെയ്യണം. യു.ഡി.എഫ്. ഭരണ കാലത്ത്, കഴിഞ്ഞ വർഷം കശുവണ്ടിത്തൊഴിലാളികൾക്ക് 234 ദിവസം തൊഴിൽ കൊടുക്കാൻ സാധിച്ചത് കേരള ചരിത്രത്തിൽ റിക്കാർഡാണ്. അതിലൂടെ 107 കോടി രൂപ യുടെ ബാദ്ധ്യത യു.ഡി.എഫ്. ഗവൺമെന്റിനുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ അർഹമായ വിഹിതം വാങ്ങിയെടുക്കാനും പൊതുമേഖലാ രംഗത്ത് കേന്ദ്ര നിക്ഷേപം വർദ്ധിപ്പിക്കാനും ഫലപ്രദമായ ശ്രമം നടത്തണം. കേന്ദ്രവുമായി സഹകരിച്ച് കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാനാവശ്യ മായ നടപടികൾ സ്വീകരിക്കണം. കേന്ദ്ര പ്ളാനിംഗ് കമ്മിഷൻ അംഗീകരിച്ച തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാക്കിയ പ്ളാൻ സൈസിന് അംഗീകാരം കിട്ടിയതിനുശേഷം ഗവൺമെന്റ് നിയന്ത്രണം ഏർപ്പെടുത്തുന്നത് ശരിയല്ല. പ്രസിഡന്റ് നിയമസഭയിൽ പ്രസംഗിച്ചതിന്റെ അടിസ്ഥാനത്തിൽ രൂപം കൊടുത്ത പദ്ധതിയെക്കുറിച്ച് ബഡ്ജറ്റിൽ ഒന്നും പറയുന്നില്ല. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഐ.ടി.ബി.ടി., ടൂറിസം, വിദ്യാഭ്യാസ മേഖലകളിലുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തണം. ഇന്ന് ഏറ്റവും കൂടുതൽ സാധ്യത യുള്ള ടൂറിസത്തിന്റെ ചുമതല ആഭ്യന്തര വകുപ്പുമന്ത്രിക്കാണ്. ടൂറിസത്തിന്റെ കാര്യത്തിൽ കേരളം മൂന്നാം സ്ഥാനത്താണ്. ലോകത്തിലെ പ്രധാനപ്പെട്ട ഡെസ്റ്റിനേഷൻ പോയിന്റായി കേരളം മാറിക്കഴിഞ്ഞു. ടൂറിസം വികസനത്തിനെതിരായ നിലപാട് സ്വീകരിച്ചാൽ ടൂറിസത്തെ വളർത്താൻ കഴിയുകയില്ല. അതുപോലെ സ്മാർട്ട് സിറ്റി കേരളത്തിന് നഷ്ടമാകുന്നത് ബംഗാളിന് നേട്ടമാകാൻ പോകുകയാണ്. നിയമന നിരോധനം ഇല്ലാതിരുന്ന എൽ.ഡി.എഫ്. ന്റെ 1996–2001 വരെയുള്ള കാലഘട്ടത്തിൽ 1,10,067 പേർക്ക് ഗവൺമെന്റ് സർവ്വീസിൽ ജോലി നൽകിയെങ്കിൽ നിയമന നിരോധനമെന്ന് ആക്ഷേപിക്കുന്ന യു.ഡി.എഫ്.ന്റെ കാലഘട്ടത്തിൽ 1,39,000–ൽപ്പരം

ആളുകൾക്ക് ജോലി ലഭിക്കുകയുണ്ടായി. ഒഴിവുകൾ നികത്തും പുതിയ തസ്തിക സൃഷ്ടിക്കുകയില്ല എന്നതാണ് എൽ. ഡി. എഫ്. ഗവൺമെന്റിന്റെ നയം. കേന്ദ്ര ഗവൺമെന്റ് എൽ.പി.ജി. ഗ്യാസിന്റെ ടാക്സ് വർദ്ധിപ്പിച്ച തിനെ സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. അന്ന് ഒരു സിലിണ്ടർ വാങ്ങിക്കുന്ന ഒരാൾക്ക് ഇൻഡ്യാ ഗവൺമെന്റ് ടാക്സ് കുറച്ചതിന്റെ പേരിൽ 25 രൂപ 72 പൈസ ലാഭം കിട്ടുകയുണ്ടായി. ഒരു നിയന്ത്രണവുമില്ലാതെ മാനദണ്ഡം ലംഘിച്ചുകൊണ്ടുള്ള സ്ഥലം മാറ്റത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. പട്രോളിന്റേയും ഡീസലിന്റേയും ടാക്സ് കുറയ്ക്കണം. പെട്രോളിന്റേയും ഡീസലിന്റേയും വില കൂട്ടിയതിനുശേഷം വില്പന കുറഞ്ഞോ കൂടിയോ എന്ന് പരിശോധിക്കണം. ഇതിൻമേൽ 60 കോടി രൂപയേ ഗവൺമെന്റിന് നഷ്ടം വരികയുള്ളു. നേരത്തെ പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ചപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് വില കുറച്ചതിന്റെ ഫലമായി 150 കോടി രൂപ നഷ്ടം പ്രതീക്ഷിച്ച സ്ഥാനത്ത് വിൽപ്പന കൂടിയപ്പോൾ അതനുസരിച്ച് ടാക്സ് കിട്ടുകയും ചെയ്തു. അതുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് ദ്രോഹകരമാകുന്നതും ഗവൺ മെന്റിന് വരുമാനം ലഭിക്കാത്തതുമായ പെട്രോളിന്റേയും ഡീസലിന്റേയും വില കുറയ്ക്കണം. സെൽഫ് ഫൈനാൻസിംഗ് കോളേജുമായി ബന്ധപ്പെട്ട ഡിസ്ക്കഷനിൽ പരാമർശിച്ച കത്ത് മേശപ്പുറത്ത് വയ്ക്കാമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വ്യക്തമാക്കിയ സാഹചര്യത്തിൽ അത് മേശപ്പുറത്തുവയ്ക്കാനുള്ള നടപടി സ്വീകരിക്കണം. 5000 കോടി രൂപയുടെ ലോട്ടറി നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ: തോമസ് ഐസക്ക്): വളരെയേറെ ആത്മവിശ്വാസത്തോടുകൂടിയാണ് ഇന്ന് സഭയെ അഭിമുഖീകരിക്കുന്നത്.

ബഡ്ജറ്റ് അവതരണത്തെ സംബന്ധിച്ച് സാർവ്വത്രികമായി ലഭിച്ചിട്ടുള്ള സ്വീകരണം വളരെയേറെ ആത്മവിശ്വാസം പകരുന്നതായിരുന്നു. ബഡ്ജറ്റ് നിർദ്ദേശങ്ങളെക്കുറിച്ച് പ്രതിപക്ഷത്തിന് വിമർശനമൊന്നുമില്ലായിരുന്നു. ബഡ്ജറ്റ് നിർദ്ദേശങ്ങളിൻമേൽ ലഭിച്ചിട്ടുള്ള അംഗീകാരത്തിന് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വം എന്നെ കൂടുതൽ ബോധവാനാക്കുന്നുണ്ട്. ആ പ്രതീക്ഷകൾക്കനുസരിച്ച് ഉയരുന്നതിനുള്ള എല്ലാ പരിശ്രമവുമുണ്ടാകുമെന്ന് സഭയ്ക്ക് ഉറപ്പ് നൽകുന്നു. യു.ഡി. എഫ്. സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റിലും ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിലും കിട്ടിയ വോട്ടിന്റെ കണക്കുവരെ വിശകലനം ചെയ്തിരുന്നു. കൂടാതെ ശാപവചനങ്ങളും ഉദ്യാഗസ്ഥൻമാരേയും മറ്റുംകൊണ്ട് തയ്യാറാക്കിയ പ്രസംഗത്തിന്റെ കോപ്പിയും ഉൾക്കൊള്ളിച്ചിരുന്നു. ബഡ്ജറ്റിൽ അങ്ങനെയുള്ള ശാപവചനങ്ങളൊന്നും കാണുകയില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ രാഷ്ട്രീയ കാഴ്ചപ്പാട് ഓരോ പാരഗ്രാഫിലും കാണാം. ട്രഷറി മിച്ചത്തെക്കുറിച്ച് പരാമർശിക്കാൻ കാരണം ഇന്ന് ഇൻഡ്യാ രാജ്യത്ത് കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ ഏറ്റവും നിർണ്ണായകമായി വന്നിരിക്കുന്ന ചർച്ചാവിഷയം സംസ്ഥാനങ്ങളുടെ ട്രഷറി മിച്ചത്തെക്കുറിച്ചാണ്. ട്രഷറി മിച്ചം കേരളത്തിൽ ഇല്ല. അനാവശ്യമായി ബഡ്ജറ്റ് പേജുകൾ ചെലവാക്കി കാര്യങ്ങൾ വിശദീകരിച്ചു എന്ന് പറയുന്ന ആരും ഔദ്യോഗിക രേഖകളിലാകട്ടെ, അക്കാഡമിക് പഠനങ്ങളിലാകട്ടെ ട്രഷറി മിച്ചത്തെക്കുറിച്ച് വിശദീകരണം നടത്തിയിട്ടില്ല. പ്രതിപക്ഷ മെമ്പർമാരുടെ മണ്ഡലങ്ങളിലെ വർക്കിനും സ്മാരകങ്ങൾക്കും മറ്റും നേരത്തെ വച്ചിട്ടുണ്ടായിരുന്ന ബഡ്ജറ്റ് വിഹിതം രാഷ്ട്രീയ നിലപാട് സ്വീകരിച്ച് റിവൈസ്ഡ് ബഡ്ജറ്റിൽനിന്ന് എടുത്തുമാറ്റിയിട്ടില്ല. യു.ഡി.എഫ്. ന്റെ

ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക റിവൈസ്ഡ് ബഡ്ജറ്റിലും വകയിരുത്തിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണമനുസരിച്ച് മുനിസിപ്പാലിറ്റി നടത്തേണ്ട ഒരു വർക്ക് മുനിസിപ്പാലിറ്റി നടത്തുന്നതിനോട് വിയോജിപ്പില്ല. പക്ഷേ അതിന്റെ ആവർത്തനച്ചെലവ് അധികാര വികേന്ദ്രീകരണമനുസരിച്ച് മുനിസിപ്പാലിറ്റിതന്നെ നടത്തണം. അതിന് ബഡ്ജറ്റിൽ തുക വകയിരുത്തേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട കെ.എം.മാണി 13-ാം ധനകാര്യ കമ്മിഷനുമായി ബന്ധപ്പെട്ട രണ്ട് പ്രശ്നങ്ങൾ ഇവിടെ ഉന്നയിക്കുക യുണ്ടായി. ധനകാര്യ കമ്മിഷൻ നികുതിയുടെ വിഹിതം ഒരു ഫോർമുല പ്രകാരം തരുന്നതുപോലെ നോൺ പ്ളാൻ റവന്യു ഗ്യാപ് ഉള്ള സംസ്ഥാനങ്ങൾ ഉണ്ടോയെന്നു നോക്കി അത് അടയ്ക്കുന്നതിനുവേണ്ടി ഒരു വിഹിതവും അവർ തരും. 12-ാം ധനകാര്യ കമ്മിഷന്റെ അടിസ്ഥാന വർഷം 2002-2003-ഉം 11-ാം ധനകാര്യ കമ്മിഷന്റെ അടിസ്ഥാന വർഷം 1997-98-ഉം ആയിരുന്നു. ഒരേ മാനദണ്ഡം അനുസരിച്ചാണെങ്കിൽ 13-ാം ധനകാര്യ കമ്മിഷന്റെ അടിസ്ഥാന വർഷം 2007-08 ആണ്. ഈ വർഷത്തിൽനിന്ന് മാറ്റി ബുക്കുചെയ്യാൻ പറ്റുന്ന ഏതെങ്കിലും ചെലവിനങ്ങളുണ്ടെങ്കിൽ അത് അടുത്ത വർഷത്തേയ്ക്ക് മാറ്റുകയും 2008-09-ൽ വരേണ്ടത് ഈ വർഷത്തേതിൽ മാറ്റുകയും ചെയ്യണം. വരുമാനത്തിലും ഇത്തരത്തിലുള്ള ചില ക്രമീകരണങ്ങൾ വേണ്ടിവരും. 2002-03-ൽ നടന്നത് ഇനി ആവർത്തി ക്കാൻ പാടില്ല. കഴിഞ്ഞ വർഷത്തെ റവന്യൂ കമ്മി 3561 കോടി രൂപ യായിരുന്നത് ഈ വർഷത്തെ ബഡ്ജറ്റിൽ 4371 കോടി രൂപയായി വർദ്ധിച്ചുവെങ്കിൽ റിവൈസ്ഡ് ബഡ്ജറ്റിൽ അത് 5414 കോടി രൂപയാണ്. 700 കോടി രൂപയുടെ വർദ്ധനവാണ്. കഴിഞ്ഞ വർഷം ഫിസ്ക്കൽ ഡെഫിസിറ്റ് 4512 കോടി രൂപയായിരുന്നത് ഈ വർഷത്തെ ബഡ്ജറ്റിൽ 6834

കോടി രൂപയായി വർദ്ധിച്ചുവെങ്കിൽ റിവൈസ്ഡ് ബഡ്ജറ്റിൽ 7534 കോടി രൂപയാണ്. 6 ശതമാനം ഫിസ്ക്കൽ ഡെഫിസിറ്റും 4 ശതമാനം റവന്യൂ കമ്മിയുമാണ് വരുന്നത്. കേരള സംസ്ഥാനം അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഔട്ട്ലേ ഓൺ ക്യാപ്പിറ്റലും ലോൺസ് ആന്റ് അഡ്വാൻസസ്സും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ ഒരുമിച്ചാണ് വരാറുള്ളത്. ഈ വർഷം ശമ്പളപരിഷ്ക്കരണത്തിനു വേണ്ടിവരുന്ന അധികച്ചെലവ് 2922 കോടി രൂപയാണ്. കഴിഞ്ഞ വർഷത്തെ കുടിശ്ശിക 1366 കോടി രൂപയും ഈ വർഷം നൽകേണ്ടത് 1556 കോടി രൂപയുമാണ്. ഇതിനായി 3000 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഓരോ മേഖലകൾക്കും പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. ഇതിനുവേണ്ടി 228 കോടി രൂപ അധികച്ചെലവായി പറഞ്ഞിട്ടുണ്ട്. നോൺ പ്ലാൻ എക്സ്പെൻഡിച്ചറിൽ നീക്കിവയ്ക്കുന്ന തുകയ്ക്ക് ചർച്ചയുടെ ആവശ്യമില്ല. നിലവിൽ പ്രൊവൈഡ് ചെയ്തിട്ടുള്ള ചെലവിനങ്ങൾ കുറച്ചുകൊണ്ട് പുതിയ ഇനങ്ങൾക്ക് വകയിരുത്തുകയാണ് ചെയ്തിട്ടുള്ളത്. ഒറിജിനൽ ഡോക്യുമെന്റിലും ആൾട്ടറേഷൻ മെമ്മോറാണ്ടത്തിലും ഇല്ലാത്ത കാര്യങ്ങളാണ് ബഡ്ജറ്റിലൂടെ വരുന്നത്. 220 കോടി രൂപ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചില കാര്യങ്ങൾ വേണ്ടെന്നു തീരുമാനിക്കുകയും അപ്രധാനമായ കാര്യങ്ങൾക്കുള്ള പണം പ്രാധാന്യമുള്ളതെന്നു കാണുന്നവയ്ക്ക് മാറ്റിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ വന്നിട്ടുള്ള 222 കോടി രൂപയും പുതുതായി പ്രഖ്യാപിച്ച 228 കോടി രൂപയും സെൻട്രൽ സെക്ടർ ഔട്ട്ലേകളും ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്യുന്നതല്ല. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സമാന്തരമായി വികസന അതോറിറ്റികൾ രൂപീകരിക്കുന്നത് അവസാനിപ്പിക്കും. ഈ സാമ്പത്തിക വർഷം ചെയ്തുതീർക്കാൻ കഴിയില്ല

എന്ന് ബോദ്ധ്യമുള്ള കാര്യങ്ങൾക്ക് ആസൂത്രണ ബോർഡിന്റെ വിദഗ്ദ്ധ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുകയിൽ കുറവു വരുത്തുന്നതും ചെലവുചെയ്തു തീരുന്ന മുറയ്ക്ക് കൂടുതൽ തുക വകയിരുത്തുന്നതുമാണ്. 1400 കോടി രൂപ സുനാമിക്ക് അനുവദിച്ചെങ്കിലും അവിടെ ഒരു പദ്ധതിപോലും തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. അതിനായി താഴേത്തട്ടിൽനിന്ന് ഒരു പദ്ധതി തയ്യാറാക്കാൻ സർക്കാർ ആഗ്രഹിക്കുന്നു. അതിനായി 3000 കോടി രൂപ നീക്കിവച്ചിട്ടുള്ളതിൽനിന്ന് പ്രൊവൈഡ് ചെയ്യുന്നതാണ്. ബാക്കി വരുന്ന തുക സംസ്ഥാന ഗവൺമെന്റ് ലഭ്യമാക്കുകയോ കേന്ദ്ര പദ്ധതിയിൽനിന്ന് ആവശ്യപ്പെടുകയോ ചെയ്യുന്നതാണ്. നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്ന് ആ പ്രദേശത്തിനും അവരുടെ പ്രശ്നങ്ങൾക്കും അനുയോജ്യമായവ കൂട്ടിച്ചേർത്ത് പരിഹാരമെന്ന നിലയിൽ കേരളത്തിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കിയാൽ പരിഗണിക്കാമെന്ന് പ്ലാനിംഗ് കമ്മീഷന്റെ സ്റ്റഡി ടീം ഉറപ്പുനൽകിയിട്ടുണ്ട്. ഈ സ്കീമിൽ എപ്പോൾ വേണമെങ്കിലും തുക അനുവദിക്കാം. ഇത്തരത്തിലുള്ള പദ്ധതി തയ്യാറാക്കുന്നതുവരെ ഈ വർഷം നിലവിലുള്ള ഒരു പദ്ധതിയും അവസാനിപ്പിക്കുകയില്ല. ഫിഷറീസ് മേഖലയ്ക്ക് ഈ വർഷം കൂടുതൽ തുക നൽകാനുള്ള സംവിധാനം സർക്കാർ ഉണ്ടാക്കുന്നതാണ്. ഈ മേഖലയ്ക്ക് സർക്കാർ ഏറ്റവും വലിയ മുൻഗണന നൽകുകയാണ്. അതിനുവേണ്ടി ആറ് മാസത്തിനുള്ളിൽ സമഗ്രമായ ഒരു പരിപാടി തയ്യാറാക്കി അതിനുള്ള സോഴ്സും കണ്ടുപിടിച്ച് പ്രഖ്യാപിക്കുന്നതാണ്. ഇലക്ഷൻ വന്നതുകൊണ്ട് ഭരണാനുമതി നൽകാത്തതും പണി ആരംഭിക്കാത്തതുമായ വർക്കുകൾ വന്നതിനാൽ എം.എൽ.എ.ഫണ്ട് ശരാശരി 20 ലക്ഷം രൂപ മണ്ഡലങ്ങളിൽ ബാക്കിയുണ്ട്. ഈ ഫണ്ട് കുറവു ചെയ്യുന്നത് അത്

ഇല്ലാതാക്കലാണ്. അതുകൊണ്ട് ഇത് ലാപ്സ് ആക്കാതെ ഈ വർഷ ത്തേയ്ക്ക് ഇതിൽനിന്ന് 19 ലക്ഷം രൂപ വകമാറ്റി ചെലവഴിക്കാമെന്നതാണ് സർക്കാരിന്റെ നിലപാട്. ഇന്ത്യൻ പ്രസിഡന്റിന്റെ നിർദ്ദേശങ്ങളെ സംബന്ധിച്ച് സമഗ്ര പരിപാടിക്ക് രൂപം നൽകിയതിന്റെ അടിസ്ഥാനത്തിൽ 50 കോടി രൂപ അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് ആയിട്ട് തന്നത് ഈ പരിപാടി നടപ്പാക്കുന്നതിന് തികയുകയില്ല. അതുകൊണ്ട് കേന്ദ്ര സഹായ ത്തിനുവേണ്ടി ഒത്തൊരുമിച്ച് പ്രവർത്തിക്കണം. 50 കോടി രൂപയുടെ സ്പെഷ്യൽ പ്രോഗ്രാം നിലനിർത്തിക്കൊണ്ട് ഈ വർഷം ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഹൈടെക് കോറിഡോർ കമ്പനിക്കുള്ള ഷെയർ ക്യാപ്പിറ്റൽ, ടെക്നോപാർക്ക് തുടങ്ങിയ കാര്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. സഹകരണ മേഖലയെ സംബന്ധിച്ച് കഴിഞ്ഞ ബഡ്ജറ്റിലുള്ള തുക പൂർണ്ണമായും ഇപ്പോൾ നിലനിൽക്കുകയാണ്. സഹകരണമേഖലയിൽ കൃഷിക്കാർക്ക് കടാശ്വാസം, പലിശയിളവ് എന്നിവ നൽകുന്നതു സംബന്ധിച്ച് 2 കമ്മീഷനുകൾ രൂപീകരിച്ചിട്ടുണ്ട്. 56 കോടി രൂപ കാർഷിക കമ്മീഷനും 100 കോടി രൂപ കടാശ്വാസ കമ്മീഷനും വച്ചിട്ടുണ്ട്. കടാശ്വാസ കമ്മീഷൻ ഒന്നോ രണ്ടോ വർഷത്തേയ്ക്ക് മാത്രമുള്ളതാണ്. ആ കമ്മീഷൻ കേരളത്തിലെ ഇന്നത്തെ കടഭാരത്തെ സംബന്ധിച്ച് പരിശോധിച്ച് അത് കുറയ്ക്കാനുള്ള രീതികളെക്കുറിച്ച് തീർപ്പ് കൽപ്പിക്കും. സ്വകാര്യ പണ മിടപാടുകാരുടെ വായ്പയുടെ പലിശ അഡ്ജുഡിക്കേഷൻ രീതിപ്രകാരം വെട്ടിച്ചുരുക്കാനും ഒറ്റത്തവണ തീർപ്പുകൽപ്പിക്കാനും കാർഷിക കടാശ്വാസ കമ്മീഷന് അധികാരമുണ്ടായിരിക്കും. ഇത് സംബന്ധിച്ച് നിയമനിർമ്മാണം ഉണ്ടാക്കേണ്ടിവരും. കാർഷിക വിളകളുടെ വിലസ്ഥിരത ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുകയും കാർഷിക നിക്ഷേപം വർദ്ധിപ്പിക്കുന്നതിന്

ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുകയുമാണ് കാർഷിക കമ്മീഷൻ പ്രധാനമായും ചെയ്യുന്നത്. ഈ രണ്ട് കമ്മീഷനുകളുടെയും പ്രവർത്തനത്തിന് പദ്ധതിയിൽ വകകൊളളിച്ചിരുന്ന 56 കോടി രൂപയ്ക്കുപുറമേ 100 കോടി രൂപ വകയിരുത്തുന്നു. റബ്ബറിന് പ്രത്യേകമായി സെസ്സ് ഏർപ്പെടുത്തിയിട്ടില്ല. ഇത് ചർച്ച ചെയ്യേണ്ട വിഷയമാണ്. പത്ത് കൊല്ലം മുമ്പ് ഉണ്ടായിരുന്ന കാർഷിക വ്യവസ്ഥയിലേയ്ക്ക് കേരളത്തിന് തിരിച്ചുപോകാൻ പറ്റാത്ത അവസ്ഥയാണ് ഇന്നുളളത്. മുമ്പ് ഇറക്കുമതിയുടെമേൽ നിയന്ത്രണവും വിലസ്ഥിരതയും ഉണ്ടായിരുന്നു. എന്നാൽ ഇന്ന് കാർഷിക വിളകളുടെ വിലയിൽ നിരന്തരം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. വിലസ്ഥിരത ഉറപ്പുവരുത്താൻ ഗവൺമെന്റിന്റെ ഇടപെടൽ വേണ്ടിവരും. എന്നാൽ അതിലേയ്ക്കായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച സ്റ്റെബിലൈസേഷൻ പ്രോഗ്രം കേരളത്തിലെ കർഷ കരുടെ താൽപര്യങ്ങൾക്ക് യോജിച്ചതല്ല. റബ്ബറിന്റെ സെസ്സ് സംബന്ധിച്ച കാര്യത്തിൽ ചർച്ച ചെയ്ത് കേന്ദ്ര സ്കീമുമായി ബന്ധപ്പെടുത്തി കുറച്ചുകൂടി ഫലപ്രദമാക്കുന്നതിന് ഒരു സമവായത്തിലെത്തണം. അതിനുള്ള തുടക്കം ഈ ബഡ്ജറ്റിലൂടെ കുറിച്ചിട്ടുണ്ട്. ഖാദി മേഖലയുടെ വികസനത്തിന്റെ കാര്യത്തിൽ ബന്ധപ്പെട്ടുവരുമായി ചർച്ച ചെയ്ത് ആവശ്യമായിട്ടുളള ഫണ്ട് ലഭ്യമാക്കാം. ക്ഷീര വികസന മേഖലയിൽ കന്നുകുട്ടി പരിപാലനത്തിന് നീക്കിവച്ചിട്ടുളള 3 കോടി രൂപ ഡിപ്പാർട്ടുമെന്റ് ആവശ്യപ്പെടുന്നതനുസരിച്ച് വർദ്ധിപ്പിക്കും. ക്ഷീരമേഖലയുടെ പുന:സംഘടനയ്ക്ക് ആവശ്യമായിട്ടുളള ധനപരമായ പിന്തുണ സർക്കാർ നൽകും. അംഗനവാടി ടീച്ചേഴ്സിനും ഹെൽപ്പേഴ്സിനും ശമ്പളം 150 രൂപ ആയി വർദ്ധിപ്പിക്കുന്നതാണ്. ഇടുക്കി ജില്ലയിലെ തോട്ടം തൊഴിലാളികളുടെ പുനരധിവാസ പദ്ധതിക്ക് 3 കോടി രൂപ വകയിരുത്തിയിരിക്കുന്നത് അപര്യാപ്തമായതിനാൽ ആ സ്കീം ഉണ്ടാക്കുന്ന

മുറയ്ക്ക് ആവശ്യമായ പണം സപ്ളിമെൻ്ററിയിലൂടെ നൽകുന്നതാണ്. കയർ മേഖലയിൽ ഡിസ്ട്രസ് പർച്ചേസിനായി ഓണത്തിന് കൂടുതൽ പണം നൽകുന്നതാണ്. ചേലക്കര മണ്ഡലത്തിൽ ഒരു പോളിടെക്നിക് കെട്ടിടം പണിയുന്നതിന് ആവശ്യമായ പണം നൽകുന്നതാണ്. നദികളുടെ സംരക്ഷണ ത്തിനായി പ്രത്യേക പദ്ധതി ഉണ്ടാക്കുന്നതാണ്. ബഡ്ജറ്ററി റിസോഴ്സസ് കണ്ടെത്താനുള്ള പരിശ്രമത്തിൽ ഹൈടെക് കോറിഡോർ കമ്പനികളുടെ പങ്ക് പ്രധാനമാണ്. 20 കോടി രൂപ സർക്കാർ മുടക്കുമ്പോൾ അതിന്റെ പതിൻമടങ്ങ് തുക വിദേശ മലയാളികളിൽനിന്നും സമാഹരിക്കാനുള്ള പരിശ്രമത്തിലാണ്. റബ്കോയുടെ അനുഭവത്തിലൂടെ കൂടുതൽ സംരംഭങ്ങൾക്ക് വഴിതുറക്കും. റബ്കോയ്ക്ക് നൽകാനുള്ള കുടിശ്ശിക തുക സംബന്ധിച്ച ഹൈക്കോടതി വിധി പരിശോധിച്ച് അനുഭാവപൂർവ്വം തീർപ്പുണ്ടാക്കും. അതിൽ തടസ്സ മുണ്ടെങ്കിൽ റബ്കോയുടെ നിലവിലുള്ള എക്സ്പാൻഷൻ സ്കീം നടപ്പാക്കു ന്നതിന് ആവശ്യമായിട്ടുള്ള ധനസഹായം നൽകും. ജയിലുകളിൽ കഴിയുന്ന വിദേശ മലയാളി തടവുകാരെ മോചിപ്പിക്കുന്നതിനുവേണ്ടി അവരുടെ ട്രാൻസ്പോർ ട്ടേഷൻ അടക്കമുള്ള ചെലവ് വഹിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കും. അവരുടെ വിമാന യാത്രയുടെ കാര്യത്തിൽ പണം ചെലവാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതിവേണം. അനാഥാലയ ങ്ങൾക്ക് തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം അംഗീകരിക്കുകയാണ്. വയനാട് ജില്ലയ്ക്കെന്നപോലെ ഇടുക്കി ജില്ലയ്ക്കുവേണ്ടിയും ഒരു പാക്കേജ് തയ്യാറാക്കും. സ്വർണ്ണത്തിന് 4 ശതമാനം നികുതി ഏർപ്പെടുത്തിയാൽ ആ വ്യാപാരം മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുമെന്ന ആക്ഷേപം ശരിയല്ല. പത്രങ്ങളോ സംഘടനകളോ ഇത് സംബന്ധിച്ച് ഡിസ്പ്യൂട്ട് ചെയ്തിട്ടില്ല. സംസ്ഥാനത്ത് ചുരുങ്ങിയത് പതിനായിരം കോടി രൂപയുടെ സ്വർണ്ണ

വ്യാപാരം നടക്കുന്നുണ്ട്. ബിൽ എഴുതുന്നതിന് കടയിൽ പ്രത്യേകമായി ആളെ ഇരുത്തണം. ബിൽ എഴുതിയില്ലെങ്കിൽ അതിന് ശിക്ഷയുണ്ട്. വാറ്റ് നിരക്കിൽ 4 ശതമാനം നികുതി ഏർപ്പെടുത്തുമ്പോൾ നിയമപ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കൊടുക്കണം. ഇക്കാര്യത്തിൽ ഉയർന്നുവന്നിട്ടുള്ള തർക്ക ങ്ങൾ സബ്ജക്ട് കമ്മിറ്റി പരിശോധിക്കും. ലക്ഷ്വറി ഐറ്റംസിന് 20 ശതമാനം നികുതി ഏർപ്പെടുത്തുന്നതിനെപ്പറ്റി ഇവിടെ പറഞ്ഞു. എൻട്രി ടാക്സ് ഇല്ലെ ങ്കിൽ അത് വ്യാപാരത്തെ ബാധിക്കും. എൻട്രി ടാക്സിനെ ചോദ്യം ചെയ്തുകൊണ്ടുള്ള കേസ് നടന്നുകൊണ്ടിരിക്കുകയാണ്. ഇത് ട്രേഡ് ഡൈവർഷനിലേയ്ക്ക് നയിക്കും. കൺസ്യൂമബിൾ ഡ്യൂറേഷൻ സംബന്ധിച്ച സ്ഥിതി എൻട്രി ടാക്സ് മാറിയതിനുശേഷം പരിശോധിക്കാം. എയർ കണ്ടീഷണേഴ്സിനെക്കൂടി ലക്ഷ്വറി ടാക്സിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുകയാണ്. ഇതൊക്കെ ആഡംബര വസ്തുക്കളല്ലെങ്കിലും നെസസി റ്റീസാണെന്ന് ആരും പറയില്ല. പാവപ്പെട്ടവർക്ക് ക്ഷേമനിധികളുടെ ആനുകൂല്യം നൽകാൻ വിഭവം കൂടിയേതീരൂ. ഇപ്പോൾ വർദ്ധിപ്പിച്ച ഈ നികുതികൾ അസംഘടിത വർഗ്ഗത്തിന്റെ ക്ഷേമനിധിക്കും അവരുടെ പെൻഷൻ ആനുകൂല്യങ്ങൾക്കും വേണ്ടി വിനിയോഗിക്കും. കർഷക ത്തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് 80 കോടി രൂപയും കുടിശ്ശിക തീർക്കുന്നതിനുവേണ്ടി 80 കോടി രൂപയും വേണ്ടിവരും. കൂടുതൽ വരുമാനം ഓരോ വർഷവും ഉണ്ടാകുമ്പോൾ ഈ വലയം വികസിപ്പിക്കും. ഈ ഗവൺമെന്റ് നാലാമത്തേയും അഞ്ചാമത്തേയും വർഷങ്ങളിലേയ്ക്ക് കടക്കു മ്പോൾ ഈ ക്ഷേമ മേഖലകളെ സംയോജിപ്പിച്ചുകൊണ്ട് ബിവറേജ് പ്ളാൻപോലുള്ള ഒരു കേരള പതിപ്പ് ഉണ്ടാക്കും. ഹോട്ടൽ റൂം റെന്റിന്റെ അടിസ്ഥാനത്തിലുള്ള കോമ്പൗണ്ടിംഗ് ഫെസിലിറ്റി ഈ വർഷം ഉണ്ടായിരി

ക്കുന്നതല്ല. ഒരു കോടി രൂപയിൽ കൂടുതൽ തുകയ്ക്ക് കോൺട്രാക്ട് എടുക്കുന്നവർക്ക് അവാർഡ് നൽകും. സെക്ഷൻ 6(2) അനുസരിച്ച് അവർ പർച്ചേസ് ടാക്സിന് ലയബിളായിരിക്കും. നികുതി നിർദ്ദേശങ്ങളെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യും. കഴിഞ്ഞ ബഡ്ജറ്റിൽ മലബാർ മേഖലയ്ക്കുവേണ്ടി നീക്കിവച്ച ഒരു പ്രോജക്ടിലും കുറവ് വരുത്തിയിട്ടില്ല. കാസർകോഡ് ജില്ലയ്ക്ക് ഇത്രയും പരിഗണന മറ്റൊരു ബഡ്ജറ്റിലും ഉണ്ടായിട്ടില്ല. റബ്കോ അടക്കമുള്ള സ്ഥാപനങ്ങൾക്ക് പുതിയ ഫാക്ടറി വരാൻ പോകുന്നു. സി.എസ്.എസ്.-ൻ കീഴിൽവരുന്ന പദ്ധതിയിൽ തലായി ഫിഷിംഗ് ഹാർബർ, ദിനേശ് ബീഡി എന്നിവ വരും. അതുകൊണ്ട് മലബാറിനെ ഒരിക്കലും അവഗണിച്ചിട്ടില്ല. കോഴിക്കോട് മെഡിക്കൽ കോളേജിന് കഴിഞ്ഞ ബഡ്ജറ്റിനെക്കാൾ കൂടുതൽ പണം വച്ചിട്ടുണ്ടെങ്കിലും അത് അപര്യാപ്തമാണെന്നറിയാം. കേന്ദ്ര ഗവണ്മെന്റ് തരാനുള്ള പണം തരാതെ റവന്യൂ കമ്മി കുറയ്ക്കാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് പറയാം. സെൻട്രൽ ഡെവല്യൂഷൻ ഒരു കണ്ടീഷനാണ്. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽനിന്നുള്ള വരുമാനം കിട്ടുമ്പോൾ സംസ്ഥാനം കൂടി എഫർട്ടെടുത്ത് റവന്യൂ കമ്മി കുറയ്ക്കാൻ ശ്രമിക്കും. 3,000 കോടി രൂപ ശമ്പളത്തിന് മാത്രം അധികച്ചെലവ് വരുമ്പോൾ റവന്യൂ ചെലവ് സംസ്ഥാന വരുമാനത്തിന്റെ 19 ശതമാനമായി ഉയരുകയാണ്. ഇത് ഈ നിലവാരത്തിൽ നിർത്താതെ മൂന്ന് വർഷംകൊണ്ട് കർശനമായ സാമ്പത്തിക അച്ചടക്ക നടപടികൾ സ്വീകരിച്ച് 16 ശതമാനമായി നാലാം വർഷത്തിൽ കുറച്ചുകൊണ്ടുവരും. അതിനായി കേന്ദ്രത്തിൽനിന്ന് കൂടുതൽ തുക വാങ്ങുന്നതോടൊപ്പം സംസ്ഥാന വരുമാനം കൂടി ഗണ്യമായി ഉയർത്തുന്നതിന് ശ്രമിക്കും. അങ്ങനെ റവന്യൂ വരുമാന വർദ്ധനവ് നേടാനാണ്

ലക്ഷ്യമിട്ടിരിക്കുന്നത്. സപ്ളിമെന്ററി ഡിമാൻഡിലൂടെ കൂടുതലായി തുക വകയിരുത്തേണ്ടത് എന്തിനൊക്കെയാണെന്നു നോക്കി അതിനുള്ള തുക വകയിരുത്താനുള്ള അംഗീകാരം നേടാനാണ് ശ്രമിക്കുന്നത്. ശമ്പള പരിഷ്ക്കരണത്തിനുവേണ്ടി 3,000 കോടി രൂപ വകയിരുത്തേണ്ട യു.ഡി.എഫ്. ഗവണ്മെന്റ് 1500 കോടി രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. സംസ്ഥാന ജീവനക്കാർക്കുള്ള ഡി.എ.കുടിശ്ശിക നികുതി വർദ്ധനയുടെ അടിസ്ഥാനത്തിൽ കൊടുക്കും. ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട ഒരു ജി.ഒ.-യെക്കുറിച്ച് ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ചിരുന്നു. ഇല്കട്രിസിറ്റി ആക്ട് നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ആ ഓർഡറിന് സാധുതയില്ല.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): കേരളാ ഗവണ്മെന്റിന്റെ അറിവോ സമ്മതമോ ഇല്ലാതെയാണ് ഒരു യൂണിറ്റ് വൈദ്യുതിക്ക് 20 പൈസ കുറയ്ക്കാൻ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ബോർഡ് തീരുമാനിച്ചത്. അതിന്റെ ഫലമായി 120 കോടി രൂപയുടെ ബാധ്യതയാണ് കെ.എസ്.ഇ.ബി-ക്ക് വരുത്തിയത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സംസ്ഥാനം സാമ്പത്തിക പരാധീനതയിൽ നിൽക്കുന്ന സ്ഥിതിവിശേഷത്തിലാണ് ഒരു പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിക്കേണ്ടിവന്നത്. അതിന്റേതായ പരിമിതികൾ ഏറെയുണ്ട്. ഇന്നത്തെ അവസ്ഥയിൽ ചെലവുകളിൽ കർശനമായ അച്ചടക്കം പാലിച്ചുകൊണ്ട് അത് മറികടക്കാൻ കഴിയുമെന്ന പ്രതീക്ഷ ഫലവത്താകുന്ന ഒരു പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളായിരിക്കും എടുക്കുന്നതെന്നു പറഞ്ഞുകൊണ്ട് ബഡ്ജറ്റ് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് നയാപൈസ പോലും കുറയ്ക്കുകയില്ല. കേരളത്തിലെ കർഷക ജനതയ്ക്ക് പ്രാമുഖ്യം കൊടുക്കുന്ന ഒരു ബഡ്ജറ്റാണിത്.പരമ്പരാഗത വ്യവസായങ്ങൾ, സർക്കാരിനു കൂടി ഷെയറുള്ള പൊതുമേഖലാസ്ഥാപനങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിനും മുൻതൂക്കം കൊടുക്കുകയാണ്. വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾ ക്കുമുള്ള ആശങ്കയ്ക്ക് പരിഹാരം കാണാനുള്ള പരിശ്രമത്തിനായി യോജിച്ച് പ്രവർത്തിക്കാം. സെയിൽസ് ടാക്സ് വരുമാനത്തിൽക്കൂടി ലഭ്യമാകേണ്ട 5,000 കോടി രൂപ നഷ്ടപ്പെടുത്താതെ പിരിച്ചെടുത്ത് ഖജനാവിലെത്തിക്കാൻ പരമാവധി ശ്രമിക്കുന്നതാണ്. പ്ളാനിംഗ് കമ്മിഷൻ വൈസ് ചെയർമാന്റെ നിർദ്ദേശങ്ങളും ഉപദേശങ്ങളും സ്വീകരിച്ചുകൊണ്ട് പ്രതിപക്ഷത്തിന്റെ വിമർശനങ്ങൾ അർഹിക്കുന്ന ഗൗരവത്തോടുകൂടി സ്വീകരിച്ച് ഫലപ്രദമായ വിധത്തിൽ പദ്ധതികൾ നടപ്പാക്കാൻ ശ്രമിക്കും. കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന ജനവിഭാഗങ്ങളുടെ സമുദ്ധാരണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് തയ്യാറാക്കിയ ഒരു ബഡ്ജറ്റാണിത്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം.വിജയകുമാർ): "2006-07 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട പരിശോധനകൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വ

ഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെൻഡ് ചെയ്യുന്നതിന് സഭ തീരുമാനിക്കുന്നു." എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പ്രമേയത്തെ പിൻതാങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

**ക്രമപ്രശ്നം**

ഭരണറിപ്പോർട്ടുകൾ ലഭിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം

ശ്രീ. കെ. ശിവദാസൻ നായർ: നിരവധി ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ഭരണ റിപ്പോർട്ടുകൾ താമസിച്ച് ലഭിക്കുന്നതിനാൽ അവയുടെ സാംഗ്റ്റിറ്റി ഇല്ലാതാകുകയാണ്. ഭരണ റിപ്പോർട്ടുകൾ എം.എൽ.എ.-മാർക്ക് കൃത്യമായി നൽകണമെന്നും അല്ലെങ്കിൽ അതിനുള്ള കാരണം കാണിക്കണമെന്നും റൂളിംഗ് ഉള്ളതാണ്. അവ കൃത്യമായി തരാനുള്ള നടപടികൾ കൈക്കൊള്ളണം.

മി. സ്പീക്കർ: ഇതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. പല ഘട്ടങ്ങളിലും റൂളിംഗ് ഉണ്ടായിട്ടുള്ളതാണ്. വിവിധ വകുപ്പുകളിലെ ഭരണ റിപ്പോർട്ടുകൾ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നു എന്ന് മുൻകാലങ്ങളിൽ അംഗങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള കാര്യമാണ്. സഭയിൽ സമർപ്പിക്കപ്പെടേണ്ട റൂൾസ്, നോട്ടിഫിക്കേഷനുകൾ, റിപ്പോർട്ടുകൾ മുതലായവ യഥാസമയത്ത് സമർപ്പിക്കുന്നുണ്ടോയെന്നും കാലതാമസ മുണ്ടെങ്കിൽ അതിനുള്ള കാരണത്തിന്റെ വിശദീകരണം തൃപ്തികരമാണോ യെന്നും പരിശോധിക്കുന്നതിനായി കേരള നിയമസഭ.യുടെ മേശപ്പുറത്ത്

വയ്ക്കുന്ന കടലാസ്സുകൾ സംബന്ധിച്ച സമിതി പ്രവർത്തിക്കുന്നുണ്ട്. എന്നിട്ടും ബന്ധപ്പെട്ട വകുപ്പുകൾ വേണ്ടത്ര ശുഷ്ക്കാന്തി കാണിക്കുന്നില്ലാ യെന്നുള്ളത് വളരെ ഗൗരവമായി കാണുന്നു. പ്രസ്തുത കാലതാമസം ഒഴിവാക്കാൻ എല്ലാ വകുപ്പുകളും ജാഗ്രത പാലിക്കണമെന്നും ബന്ധപ്പെട്ട സമിതികൾ ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണമെന്നും നിർദ്ദേശിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മിഷന് സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും അയച്ച ഫാക്സ് സന്ദേശവുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം നടന്ന ചർച്ചയിൽ അതു സംബന്ധിച്ച രേഖകൾ മേശപ്പുറത്തുവയ്ക്കാമെന്ന് വാഗ്ദാനം നൽകിയിരുന്നു. അതനുസരിച്ച് പ്രസ്തുത രേഖകൾ മേശപ്പുറത്ത് വയ്ക്കുകയാണ്. ഫാക്സ് അയച്ചതുമായി ബന്ധപ്പെട്ടും കേരളാ ഹൗസിൽ അത് സ്വീകരിച്ചിട്ട് നൽകുന്നതുമായി ബന്ധപ്പെട്ടും ചില ഗുരുതരമായ പിഴവുകളുണ്ടായിട്ടുണ്ടെന്ന് ഗവണ്മെന്റ് മനസ്സിലാക്കുന്നു. അതു സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് ഉന്നത തലത്തിലുള്ള അന്വേഷണം നടത്തി ഉത്തരവാദി കളായവരുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കും. ഇതു സംബന്ധിച്ച് രാവിലെ ഉന്നയിച്ച ആക്ഷേപം അടിസ്ഥാനരഹിതമാണ്. അതിന് റൂളിംഗ് ഉണ്ടാകണം.

ശ്രീ. കെ.സി. ജോസഫ്: കഴിഞ്ഞ മൂന്ന് ദിവസമായി ബഹുമാനപ്പെട്ട മന്ത്രി മാറിമാറി നടത്തുന്ന പ്രസ്താവനകൾ വസ്തുതാവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണ്. രേഖകളുടെ കോപ്പികൾ വേണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടതാണ്. പ്രതിപക്ഷങ്ങളുടെ അവകാശം സംരക്ഷിക്കണം.

<u>മി.സ്പീക്കർ:</u> വിദ്യാഭ്യാസവകുപ്പുമന്ത്രി ബോധപൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചതായി ചെയറിന് തോന്നുന്നില്ല. അതുകൊണ്ട് പ്രശ്നം ഇവിടെ അവസാനിപ്പിക്കാം.

സഭ വൈകുന്നേരം 4.22-ന് പിരിഞ്ഞു.